
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2017 ഏപ്രിൽ
വില ₹15



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ചില വൈജ്ഞാനികപുസ്തകങ്ങൾ

ദേശീയസ്വാതന്ത്ര്യസമരം കുട്ടികൾക്ക്
ഒരു കൂട്ടം ലേഖകർ
660രൂപ

കല്ലിൽനിന്നും കടലാസിലേക്ക്
ബീന ജോർജ്
50രൂപ

റെഡ്ക്രോസിന്റെ കഥ
ഗംഗാധരൻ ചെങ്ങാലൂർ
55രൂപ

നമ്മയുടെ നടവഴികൾ
മുരളീധരൻ തഴക്കര
150രൂപ

ചങ്ങാതിസ്റ്റാമ്പുകൾ
ജി എസ് ഉണ്ണികൃഷ്ണൻ നായർ
55രൂപ

വാഴ്‌വിന്റെ ആധാരശിലകൾ
ജി മോഹനകുമാരി
130രൂപ

നാടകകൗതുകം
രാജാ വാര്യർ
50രൂപ

കുട്ടികളും ആരോഗ്യവും
ഡോ. ബി പത്മകുമാർ
80രൂപ

കുട്ടിക്കാഴ്ചകൾ @ ലക്ഷദ്വീപ്
എസ് അനിത
100രൂപ

പ്രകൃതിയാത്ര
വരുൺ രമേശ്
70രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.


**സെയിൽസ് വിഭാഗം**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276
email: sales@ksicl.org


## തളിര് വരിക്കാരാകാൻ

160രൂപയാണ് തളിരിന്റെ വാർഷികവരിസംഖ്യ. ഒറ്റപ്രതി 15രൂപ. വരിക്കാരാവാൻ 160രൂപ ഡിഡിയോ മണിയോർഡറോ ആയി

**എഡിറ്റർ**
**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃതകോളേജ് കാമ്പസ്**
**പാളയം, തിരുവനന്തപുരം 34**

എന്ന വിലാസത്തിൽ അയയ്ക്കാം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസിൽ നേരിട്ടു വന്നും വാർഷികവരിക്കാരാവാം. പത്തുതളിരോ അതിൽക്കൂടുതലോ എടുക്കുന്ന സ്കൂളുകൾക്ക് ഒരുമിച്ചു പണമടക്കുമ്പോൾ 150രൂപ വീതം അടച്ചാൽ മതിയാകും. അതായത് 10തളിരിന് 1500രൂപ മാത്രം. ഇങ്ങനെയുള്ള സ്കൂളുകൾക്ക് 'തളിര് വായനാമത്സര'ത്തിൽ പങ്കെടുക്കാനുള്ള അർഹത ഉണ്ടായിരിക്കും. സംശയങ്ങൾ thaliru@ksicl.org എന്ന ഇ-മെയിലിൽ ചോദിക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഏപ്രിൽ 2017
വില ₹15
വാർഷികവരിസംഖ്യ ₹160


# തളിര്

## ഉള്ളടക്കം

## കർണികാരപ്പെണ്ണ്

**ഏഴാച്ചേരി രാമചന്ദ്രൻ** 6

ഇന്നോളമാരെയും കൊല്ലാത്തപാവത്തെ
കൊന്നയെന്നാരേവിളിച്ചതാദ്യം?
ഇന്നുമുതൽക്കുനീ കർണികാരം
പൊന്നലുക്കിട്ടപകൽപ്പൂരം.
കെട്ടിച്ചുവിട്ടാലും മേടവിഷുക്കണി-
ക്കെത്താൻ മറക്കരുതെന്നാളും
ചിട്ടിക്കുവച്ച പണമെടുത്തായാലും
ചക്കരപ്പായസം കട്ടായം.





10

## ഏഴാംക്ലാസ്സുകാരെന്താ ഇങ്ങനെ?

**ജി ആർ ഇന്ദുഗോപൻ**

ഏഴാം ക്ലാസ്സിൽ പഠിക്കുന്ന മകൻ അച്ഛനെ പഴയ ഏഴാംക്ലാസ്സുകാരനിലേക്കെത്തിച്ച രസകരമായ കഥ.

## ആപ്പിളും ന്യൂട്ടനും ബഹിരാകാശവും

22

**വൈശാഖൻ തമ്പി**

ശാസ്ത്രലോകത്തെ നൂതന കണ്ടുപിടിത്തങ്ങൾക്ക് തുടക്കം കുറിച്ച ഗുരുത്വാകർഷണത്തിന്റെ പ്രസക്തിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു ലേഖനം.




**മുൻമൊഴി** ....................4
സുഗതകുമാരി

**പാസ്കൽ പഠിപ്പിക്കുന്ന വിജയമന്ത്രം**....................8
പ്രൊഫ. എസ് ശിവദാസ്

**തകരാതെ ഒരു ബാബേൽ ഗോപുരം**....................14
സെബാസ്റ്റ്യൻ പള്ളിത്തോട്

**സ്കൂൾഡേയ്സ്**....................19
രാജീവ് എൻ ടി

**കവിതാപരിചയം**....................20
എൻ വി കൃഷ്ണവാര്യർ

**പാട്ടുചങ്ങല**....................26
എം കൃഷ്ണദാസ്

**കല്ലുവും പൊന്നുവും..** ....................28
ദിവാകരൻ വിഷ്ണുമംഗലം

**വീണ്ടും വീണ്ടും കരയാൻ**....................29
അഖിൽ എം എസ്

**അഴകുള്ള പൂമൊട്ടിന്റെ കഥ**.....30
സിപ്പി പള്ളിപ്പുറം

**പുസ്തകപരിചയം**....................32
രാധികാദേവി റ്റി ആർ

**മഴ**....................36
ഇന്ദിരാ അശോക്

**എ സി യിലെ ടണ്ണിന്റെ കഥ**..........37
നവനീത് കൃഷ്ണൻ എസ്

**പാൻഡൊറയുടെ പെട്ടി**............38
എം ഗീതാഞ്ജലി

**നാലു കുട്ടിക്കവിതകൾ**............41
മടവൂർ രാധാകൃഷ്ണൻ

**മഹാഭാരതം**....................42
സുഗതകുമാരി

**കണിയൊരുക്കാം**....................45
രാജഗോപാലൻ നാട്ടുകൽ

**ഇളംതളിര്**....................46



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ
**ആശ ആർ**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

തോറ്റ കുട്ടികളോടാണ് ഞാനിത്തവണ സംസാരിക്കുന്നത്. ജയിച്ചവരോട് സംസാരിക്കാനും അവരെ അഭിനന്ദിക്കാനും അവർക്ക് സമ്മാനം നൽകാനുമൊക്കെ ധാരാളം പേരുണ്ടാകും. അപ്പോഴൊക്കെ തോറ്റ കുട്ടി ജാള്യതയോടെ മാറിനിൽക്കും. അല്ലെങ്കിൽ എല്ലാവരോടും അമർഷമായിരിക്കും മനസ്സിൽ. സ്വന്തം അമ്മയോടായിരിക്കും ആ അമർഷം തീർക്കുന്നത്.

എന്നാൽ എനിക്ക് പറയാനുള്ളത് നിങ്ങൾ തോറ്റിട്ടില്ല എന്നതാണ്. ജീവിതമാണ് ഏറ്റവും വലിയ പരീക്ഷ. ഒരു സ്കൂൾപരീക്ഷയിൽ തോറ്റാൽ കുറച്ചുകൂടി ശ്രദ്ധിച്ചു പഠിച്ചാൽ അടുത്ത തവണ ജയിക്കാം. മനസ്സിലാകാത്ത വിഷയമാണെങ്കിൽ അധ്യാപകരെ സമീപിച്ച് വിനയത്തോടെ വിഷയം പറഞ്ഞാൽ തീർച്ചയായും അവർ സഹായിക്കും. അല്ലെങ്കിൽ പഠിക്കാനുള്ള വഴി പറഞ്ഞു തരും. അതവരുടെ കടമയാണ്. മനസ്സിലാകാഞ്ഞിട്ടല്ല, മനസ്സുറപ്പിക്കാത്തതിനാലാണ് മാർക്ക് കുറഞ്ഞതെങ്കിൽ ഇത്തവണ മനസ്സ് അങ്ങുമിങ്ങും അലയാൻ വിടാതെ ശ്രദ്ധിച്ച് വീണ്ടുംവീണ്ടും പഠിക്കുക. നിങ്ങളുടെ മൊബൈലും ചാറ്റിങ്ങും ഇന്റർനെറ്റ് ലീലകളുമൊക്കെ




വര: സുധീർ പി ബൈവ

കുറച്ചു കാലത്തേക്ക് മാറ്റിവയ്ക്കുക. ജയിക്കണം എന്ന ദൃഢനിശ്ചയത്തോടെ ശ്രമിക്കുക. തീർച്ചയായും നിങ്ങൾ ജയിക്കും.

അഥവാ ജയിച്ചില്ലെങ്കിലോ? നോക്കൂ, ഒരു നൂറുവഴികൾ വേറെയുണ്ട്. നിങ്ങൾക്ക് താത്പര്യമുള്ള ഏതെങ്കിലും തൊഴിൽ തിരഞ്ഞെടുക്കാം. ഒരു തൊഴിലും മോശപ്പെട്ടതല്ല. സ്വന്തം കാലിൽ നിൽക്കാൻ കെല്പുണ്ടാക്കണമെന്നതാണ് ഏറ്റവും പ്രധാനം. മനസ്സ് മടുക്കരുത്, തളർന്നു പോകരുത്. ആൺകുട്ടികൾ ലഹരിയിലേക്കും പെൺകുട്ടികൾ അടുക്കളയിലേക്കും ഒതുങ്ങുന്നത് പതിവായിരിക്കുകയാണ്. അതു വേണ്ടാ. ഈ പ്രായത്തിൽത്തന്നെ ജീവിതത്തോടു തോറ്റ് പിൻവാങ്ങാൻ പാടില്ല. കണക്കും ഫിസിക്സും കെമിസ്ട്രിയുമൊന്നും വഴങ്ങുന്നില്ലെങ്കിൽ മറ്റു വിഷയങ്ങൾ വഴങ്ങും. പഠിത്തമേ വഴങ്ങുന്നില്ലെങ്കിൽ മറ്റു തൊഴിലുകൾ വഴങ്ങിക്കൊള്ളും. സ്വന്തം മനസ്സിന്റെ ധൈര്യവും ആത്മവിശ്വാസവും കൈവിടാതെ ഞാൻ തലയുയർത്തിപ്പിടിച്ച് ജീവിക്കും എന്ന് സ്വയം പ്രതിജ്ഞ ചെയ്തുകൊണ്ട് മുന്നോട്ടുതന്നെ നടക്കണം.

ചിലർക്ക് പാട്ടിലായിരിക്കും പ്രാവീണ്യം. ചിലർക്ക് കളികളിലാവും മിടുക്ക്. ചിലർക്ക് പടം വരയ്ക്കുവാൻ, നൃത്തം ചെയ്യുവാൻ, പാചകത്തിന്, തയ്യലിന്, അഭിനയത്തിന്, കൃഷിക്ക്, കച്ചവടത്തിന് എന്തായാലും മനസ്സ് അതിൽ ഉറപ്പിച്ച് ശ്രദ്ധയോടെ ആത്മാർഥതയോടെ പ്രയത്നിച്ചാൽ ഒരു പുതിയ ജീവിതം കൈവരും. എല്ലാം നശിപ്പിക്കാൻ എളുപ്പമാണ്. പക്ഷേ ഒരു തോൽവിയിൽ നിന്ന് കരകയറുക എന്നത് കുറച്ചുകൂടി ബുദ്ധിമുട്ടുള്ള ജോലിയാണ്. ഭൂമിക്ക് എല്ലാ ജോലിക്കും ആളുവേണം. അവിടെ നിങ്ങൾ ഉണ്ടാവണം, ഉയർന്ന ശിരസ്സോടെ.

**ജീവിതത്തോടു തോറ്റ് പിൻവാങ്ങാൻ പാടില്ല. കണക്കും ഫിസിക്സും കെമിസ്ട്രിയുമൊന്നും വഴങ്ങുന്നില്ലെങ്കിൽ മറ്റു വിഷയങ്ങൾ വഴങ്ങും. പഠിത്തമേ വഴങ്ങുന്നില്ലെങ്കിൽ മറ്റു തൊഴിലുകൾ വഴങ്ങിക്കൊള്ളും. ജീവിക്കും എന്ന് സ്വയം പ്രതിജ്ഞ ചെയ്ത് മുന്നോട്ടു നടക്കണം.**

സ്നേഹത്തോടെ,
**സുഗതകുമാരി**

# ആനക്കാര്യം





രാജീവ് എൻ ടി
rajeevnt@hotmail.com



വര: സചീന്ദ്രൻ കാറഡുക്ക



# കർണികാരപ്പെണ്ണ്

ഏഴാച്ചേരി രാമചന്ദ്രൻ

ചിറവരമ്പത്തൊരു കർണികാരം
ചിരിവരും പെണ്ണിന്റെ ചേലുകണ്ടാൽ.
പൊന്നും കരയിട്ട സാരിയുടുത്തിവൾ
കല്യാണപ്പെണ്ണായതെത്രവേഗം!
കർണികാരത്തിന്റെ ചോട്ടിലാണെപ്പൊഴും
കണ്ണനും കാർത്തുവും കാവേരിയും.
ഇന്നലെപ്പോലും ഇലമുഴുവൻ പൊഴി-
ച്ചന്നപാനാദികളാകെവെടിഞ്ഞൊരു
സന്യാസിനിപോലെ ഭസ്മം മണപ്പിച്ചു
നിന്നവളാണീക്കരിങ്കുഴലി.

## 2

കണ്ണൊന്നടച്ചുതുറന്നപ്പൊഴേക്കിവൾ
[1]ചെമ്മണ്ണൂർക്കാർക്കുറ്റ ചങ്ങാതിയായ്.
ആമാടപ്പെട്ടി കവിഞ്ഞസ്വർണം
ഭീമ[2]യിൽ നിന്നും കടംകൊണ്ടതോ?
ഞാത്തും മൂക്കുത്തിയും കുഞ്ചലവും
മാത്തൂരെത്തട്ടാന്റെ കൈനീട്ടമോ?

*1, 2 പ്രമുഖ സ്വർണവ്യാപാരികൾ.*

കണ്ണനും കാർത്തുവും കാവേരിയും
കണ്ണുമിഴിച്ചുമിഴിച്ചുനിന്നു
നട്ടാൽക്കുരുക്കാത്ത നാടൻനുണക്കറി
വെച്ചുവിളമ്പും കുറുമ്പുകാരീ,
ആരാണു നിൻവിരൽത്തുമ്പത്തു തൊട്ടതി-
മ്മാതിരി സ്വർണപ്പകർച്ചവരാൻ?

## 3

'മഞ്ഞലയിൽ മുങ്ങിത്തോർത്തി'[3] നീ ഭാസ്കര-
സന്നിധാനത്തിൽ നമിച്ചുനിൽക്കെ,
[4]ദേവരാജന്റെ തൃപ്പാദങ്ങളിൽ
ദക്ഷിണവച്ചു നമസ്കരിക്കേ,
[5]'എന്തെടീനാത്തൂനെ' എന്ന പാട്ടീണത്തിൽ
കൊല്ലത്തുകാർ വന്നുപാടുന്നേരം,
ഞങ്ങൾക്കിണങ്ങുമൊരമ്മിണിച്ചിറ്റയായ്
കുന്നത്തുനിന്നതും നീയല്ലയോ?
മേടവിഷുക്കിളിക്കല്യാണിമാർവന്നു
തോളത്തും കവിളത്തും മുത്തുമ്പോൾ,
തേനിലരച്ച തനിപ്പൊന്നുകൊണ്ടുനിൻ
സോമവാരക്കുറിപോലും.

## 4

ഇന്നോളമാരെയും കൊല്ലാത്ത പാവത്തെ
കൊന്നയെന്നാരേവിളിച്ചതാദ്യം?
ഇന്നുമുതൽക്കുനീ കർണികാരം
പൊന്നലുക്കിട്ടപകൽപ്പൂരം.
കെട്ടിച്ചുവിട്ടാലും മേടവിഷുക്കണി-
ക്കെത്താൻ മറക്കരുതെന്നാളും
ചിട്ടിക്കുവച്ച പണമെടുത്തായാലും
ചക്കരപ്പായസം കട്ടായം.

*3 പി ഭാസ്കരൻ രചിച്ച പ്രസിദ്ധ ചലച്ചിത്രഗാനം.*
*4 ആ ഗാനത്തിനു സംഗീതംനൽകിയ ദേവരാജൻമാസ്റ്റർ.*
*5 'എന്തെടീ നാത്തൂനെ മുല്ലപ്പൂനാറുന്നു' എന്ന നാടൻപാട്ട്.*



# പാസ്കൽ പഠിപ്പിക്കുന്ന വിജയമന്ത്രം

**എസ് ശിവദാസ്**

കണക്ക് പഠിച്ചേക്കരുത്. കണക്കിൽ വലിയ താത്പര്യമുണ്ടായിരുന്ന ഒരു മകനോട് അവന്റെ അച്ഛൻ പറഞ്ഞു. ഭാഷാപഠനം കൊണ്ട് പക്വതയും പാകതയും വന്നതിനുശേഷമേ കണക്കു പഠിക്കാവൂ. അതായിരുന്നു അച്ഛന്റെ തീരുമാനം. അച്ഛൻ അഡ്വക്കേറ്റായിരുന്നു. പക്ഷേ കണക്കിൽ വലിയ താത്പര്യമുള്ളവനും. അതു മൂലം മനോഹരങ്ങളായ അനേകം ഗണിതഗ്രന്ഥങ്ങൾ അദ്ദേഹം വാങ്ങിയിരുന്നു. അവയെല്ലാം അലമാരയിൽ അടുക്കിവച്ചിരുന്നു. ആ ഗ്രന്ഥങ്ങളിലേക്ക് കൊതിയോടെ നോക്കി മകൻ നിൽക്കും. ഒന്നും തൊടരുത്. തുറക്കരുത്. അച്ഛന്റെ സുഗ്രീവാജ്ഞയാണ്. അതുമൂലം ആ കുട്ടി വീട്ടിലെ ഗണിതഗ്രന്ഥങ്ങളൊന്നും വായിച്ചില്ല.

ലത്തീനും ഗ്രീക്കും പഠിച്ചുമടുത്ത ഒരു വൈകുന്നേരം ആ കുട്ടി അച്ഛന്റെ അരികിൽ ചെന്നു. ഗണിതപഠനത്തിനൊരു വിദ്യയും കൊണ്ടായിരുന്നു ചെന്നത്.

''അച്ഛാ ഈ ജ്യോമിട്രി എന്നു പറഞ്ഞാൽ എന്താണ്?''

കുട്ടി ചോദിച്ചു. അച്ഛൻ തന്റെ ചോദ്യത്തിൽ അലിയും. ജ്യോമിട്രി എന്തെന്ന് പറഞ്ഞുതരാൻ നല്ല ഗണിതഗ്രന്ഥം ഒന്നെടുത്തു തുറക്കും. അതു വായിക്കാൻ സമ്മതിക്കും. അതായിരുന്നു കുട്ടിയുടെ പ്രതീക്ഷ.

എന്നാൽ അച്ഛൻ ആ വെട്ടിൽ വീണില്ല. ഒരു ഗണിതഗ്രന്ഥവും എടുത്തു തുറന്നില്ല. പകരം ഗൗരവത്തോടെ പറഞ്ഞു.

''വൃത്തത്തെയും ചതുരത്തെയും ത്രികോണത്തെയും മറ്റും സംബന്ധിക്കുന്ന ഗണിതമാണ് ജ്യോമിട്രി. തത്കാലം ഇത്രയും അറിഞ്ഞാൽമതി. പോയി ഭാഷ പഠിച്ച് പക്വത നേടൂ. അപ്പോൾ കൂടുതൽ പഠിക്കാം.''

എന്നാൽ ആ കുട്ടിക്ക് അത്രയും നാൾ ക്ഷമിക്കാൻ പറ്റില്ലായിരുന്നു. അവൻ അടുപ്പിൽനിന്നു കരിക്കട്ടകൾ ശേഖരിച്ചു. വീട്ടിലെ ഒഴിഞ്ഞ ഒരു കോണിൽ ഒളിച്ചിരുന്നു.



വര: സചീന്ദ്രൻ കാറഡുക്ക

കുട്ടി കരിക്കട്ടകൊണ്ട് വൃത്തവും ത്രികോണവും മറ്റും വരച്ചുപഠിച്ചു. അവയെക്കുറിച്ചു ചിന്തിച്ചു. സ്വയം കണ്ടെത്തലുകൾ നടത്തി. ത്രികോണത്തിലെ കോണുകളുടെ ആകെ തുക 180° ആണ് എന്നുള്ളത് അങ്ങനെ കണ്ടുപിടിച്ച ഒരു രഹസ്യമായിരുന്നു. സ്വയം പഠിച്ച് രണ്ടു കൊല്ലം കൊണ്ട് അവൻ ഒരു ഗണിതശാസ്ത്രവിദഗ്ധനായി. പത്തൊൻപതാംവയസ്സിൽ ലോകത്തെ ആദ്യത്തെ കണക്കുകൂട്ടൽ യന്ത്രം അവൻ നിർമിച്ചു.

കരിക്കട്ടകൊണ്ട് വൃത്തവും ത്രികോണവും മറ്റും വരച്ചു പഠിച്ചു. അവയെക്കുറിച്ചു ചിന്തിച്ചു. പഠിച്ചു. സ്വയം കണ്ടെത്തലുകൾ നടത്തി. ത്രികോണത്തിലെ കോണുകളുടെ ആകെ തുക 180° ആണ് എന്നുള്ളത് അങ്ങനെ കണ്ടുപിടിച്ച ഒരു രഹസ്യമായിരുന്നു.

അങ്ങനെ സ്വയം പഠിച്ച് രണ്ടു കൊല്ലംകൊണ്ട് അവൻ ഒരു ഗണിതശാസ്ത്രവിദഗ്ധനായി. പത്തൊൻപതാം വയസ്സിൽ ലോകത്തെ ആദ്യത്തെ കണക്കുകൂട്ടൽ യന്ത്രം അവൻ നിർമിച്ചു. അവന്റെ പേരാണ് ബ്ലെയ്സ് പാസ്കൽ.

കണ്ടോ, ഏകാന്തതയുടെ അപാരമായ ശക്തി. സാധ്യത. ഏകാന്തതയിലിരുന്ന് ചിന്തിക്കുമ്പോൾ മസ്തിഷ്കം നന്നായി പ്രവർത്തിക്കുന്നു. ഉപബോധമനസ്സിൽനിന്ന് ആശയങ്ങൾ ഒഴുകിവരും.

ചിലർക്ക് ഒറ്റയ്ക്കിരിക്കാൻ വയ്യ. ചിന്തിക്കാൻ വയ്യ. ധ്യാനിക്കാൻ പറ്റില്ല. അവർക്ക് എപ്പോഴും ചുറ്റും ആൾ വേണം. ബഹളം വേണം. അവർ എപ്പോഴും മറ്റുള്ളവരോട് സംസാരിച്ചു സമയം കളയും. അവർക്ക് ഏകാഗ്രതയുടെ, ധ്യാനത്തിന്റെ, മനനത്തിന്റെ, തപസ്സിന്റെ ശക്തി അറിയില്ല.

ബ്ലെയ്സ് പാസ്കൽ ഏകാന്തതയുടെ, ചിന്തയുടെ ശക്തി അറിഞ്ഞു.

അദ്ദേഹം പറയുന്നു. ''അനേകം മനുഷ്യരെ നിരീക്ഷിച്ചപ്പോൾ ഞാൻ പഠിച്ച ഒരു കാര്യമുണ്ട്. മനുഷ്യന് അനങ്ങാതിരിക്കാനുള്ള കഴിവുകേടുണ്ട്.''

അത് മാറുമോ? മാറും. മാറ്റാം. മാറ്റണം. അനങ്ങാതിരുന്ന് ചിന്തിച്ച്, ചിന്തിക്കാനും വളരാനും ഉള്ള ശേഷി വളർത്തണം. അതിനാണ് ധ്യാനം ശീലിക്കണമെന്നു പറയുന്നതും.

പാസ്കൽ ഉപദേശിക്കുന്ന ഈ വിജയമന്ത്രം നിങ്ങൾക്കും സ്വീകരിക്കാം. ധ്യാനിക്കാം. ഏകാഗ്രത ശീലമാക്കാം. വളരാം... വിജയിക്കാം.



## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന സർഗവസന്തം 2017 അവധിക്കാല സഹവാസ ക്യാമ്പുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ വിഷയങ്ങളിൽ കുട്ടികൾക്കായി അവധിക്കാലത്ത് സംസ്ഥാനതലത്തിലുള്ള സഹവാസ ക്യാമ്പുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു. ഏപ്രിൽ മെയ് മാസങ്ങളിൽ കാസർഗോഡ്, വയനാട്, പാലക്കാട്, മലപ്പുറം, ഇടുക്കി, കോട്ടയം, കൊല്ലം എന്നീ ജില്ലകളിലായി ചിത്രരചന, പരിസ്ഥിതി, നാടകം, മാധ്യമം, ശാസ്ത്രം, കഥ, കവിത എന്നീ വിഷയങ്ങളിലാണ് സംസ്ഥാനതലക്യാമ്പുകൾ. മൂന്നു ദിവസമാണ് ഓരോ ക്യാമ്പുകളുടെയും ദൈർഘ്യം. പരമാവധി 40 കുട്ടികളെ മാത്രമാണ് ഒരു ക്യാമ്പിൽ പങ്കെടുപ്പിക്കുക. പത്തിനും പതിനാറിനും ഇടയിൽ പ്രായമുള്ള (അഞ്ചാം ക്ലാസ് കഴിഞ്ഞവർ മുതൽ പത്താംക്ലാസ് പരീക്ഷയെഴുതി നിൽക്കുന്നവർ വരെ) കുട്ടികൾക്കായാണ് ക്യാമ്പുകൾ. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റായ **http://ksicl.org** വഴി മാർച്ച് 20 മുതൽ അപേക്ഷിക്കാം. അവസാനതീയതി 2017 ഏപ്രിൽ 5. തളിര് വായനാമത്സരവിജയികൾ, യുവജനോത്സവം ജില്ലാ/സംസ്ഥാന വിജയികൾ, ശാസ്ത്രമേള വിജയികൾ തുടങ്ങിയവർക്ക് മുൻഗണന ലഭിക്കും. ഒന്നിൽക്കൂടുതൽ ക്യാമ്പുകളിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓരോ ക്യാമ്പിനും വെവ്വേറെ അപേക്ഷ അയയ്ക്കേണ്ടതാണ്. മറ്റു ക്യാമ്പുകളിൽ ആവശ്യത്തിനു കുട്ടികളില്ലാത്ത സാഹചര്യത്തിൽ മാത്രമേ രണ്ടാമത്തെ അപേക്ഷ പരിഗണിക്കുകയുള്ളൂ. പ്രവേശനം സൗജന്യമാണ്.

കഥ

# ഏഴാം ക്ലാസുകാരെന്താ ഇങ്ങനെ?

ജി ആർ ഇന്ദുഗോപൻ





വര: ഗോപു പട്ടിത്തറ

രാത്രി ഞാൻ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഏഴാം ക്ലാസിൽ പഠിക്കുന്ന മകൻ വന്ന് എന്തോ നീട്ടിയിട്ട് ചോദിച്ചു.

''അച്ഛാ ഈ തകിട് എന്താ?''

ഞാനവന്റെ കൈയിൽ നിന്ന് അതു തട്ടിപ്പറിച്ചിട്ട് വഴക്കുപറഞ്ഞു.

''നിന്റടുത്ത് ആരു പറഞ്ഞു എന്റെ മേശ തുറക്കാൻ?''

''ഞാനൊന്ന് എടുത്തതല്ലേയുള്ളൂ.''

അവൻ പരിഭവിച്ചു കടന്നുപോയി. അവന് അതൊരു തകിടാണ്. എനിക്ക് അങ്ങനെയല്ല.

പണ്ട് ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ, വീടിന്റെ മുന്നിലൂടെ ഒരു ബസ്സേയുള്ളൂ. തിരക്കുണ്ട്. പുറപ്പെടുന്ന സ്ഥലത്തു ചെന്നാൽ ബസ്സിൽ സീറ്റു കിട്ടും. അവിടേക്ക് നടക്കും. അര കിലോമീറ്റർ ദൂരം. പിന്നെയും അരമണിക്കൂർ നിന്നാലേ ബസ്സ് വരൂ. ജംഗ്ഷന്റെ തൊട്ടപ്പുറം തീവണ്ടിപ്പാളമാണ്. പരിസരം വിജനമാണ്.

അവിടെയായിരിക്കും അത്രയും നേരം ഞങ്ങൾ കൂട്ടുകാരുടെ താവളം. ആയിടെ ഞാനൊരു വിദ്യ പഠിച്ചിരുന്നു. വീട്ടിനടുത്തുള്ള മുതിർന്ന ചേട്ടൻ പറഞ്ഞുതന്നതാണ്. നാണയത്തെ തകിടാക്കി എടുക്കുന്ന വിദ്യ. നാണയം തീവണ്ടിയുടെ പാളത്തിൽ വച്ചാൽ മതി. പരീക്ഷിച്ചു. പത്തുപൈസ നാണയം വച്ച് ദൂരെ

മാറിനിന്നു. തീവണ്ടിപോകുമ്പോൾ തെറിച്ചു വീണ് പാളത്തിലെ കറുത്ത കല്ലുകൾക്കിടയിൽ നിന്ന് തകിടായി കിട്ടി. അത് ഞാൻ പിന്നെയും ആവർത്തിച്ചു. പലതിനും ഒരു ഷെയ്പ് ഇല്ലായിരുന്നു. എല്ലാം തികഞ്ഞ, കൃത്യമായി പരന്ന ഒരു നാണയത്തിനായിരുന്നു എന്റെ ശ്രമം.

അതിനായി അന്നും ഒരു പത്തുപൈസ പാളത്തിൽ വച്ചു. ദൂരെനിന്ന് തീവണ്ടി വരുന്നു. പെട്ടെന്നായിരുന്നു കൂടെയുള്ള കൂട്ടുകാർ 'ദോ ബസ്സ് വരുന്നെടാ' എന്നു പറഞ്ഞ് ബാഗുമെടുത്ത് ഓടിയത്.

അത് പാസഞ്ചർ തീവണ്ടികൾ മാത്രം നിർത്തുന്ന ചെറിയ റെയിൽവേ സ്റ്റേഷനാണ്. വളരെ താഴ്ന്ന പ്ലാറ്റ്ഫോം. ഞാൻ എളുപ്പം ചാടി കയറാറുണ്ട്. അന്ന് വെപ്രാളത്തിൽ ചാടിയപ്പോ പ്ലാറ്റ്ഫോമിൽ കാലെത്തിയില്ല. താഴേക്കു വീണു. എവിടെയോ തട്ടി കാലുളുക്കി. തീവണ്ടി കുറെക്കൂടി അടുത്തെത്തി. എന്റെ കൈയും കാലും തളരുന്നു. ബസ്സും വരികയാണ്. അതുപോയാൽ പിന്നെ. തീവണ്ടിയുടെ ഡ്രൈവർ എന്നെ കണ്ടെന്നു തോന്നുന്നു. നെഞ്ചു കീറിക്കൊണ്ടെന്ന വിധം ഒരു ഹോൺ മുഴക്കി. ഞാൻ വീണ്ടും പ്ലാറ്റ്ഫോമിലേക്കു കയറാനായി കൈയെത്താൻ ശ്രമിക്കുകയാണ്. പെട്ടെന്നാണ് ഒരു കൈ നീണ്ടു വന്നത്. ഞാനതിൽ കയറിപ്പിടിച്ചു. അശുവായ എന്നെ പുഷ്പംപോലെ ആ കരങ്ങൾ കോരിയെടുത്ത് പ്ലാറ്റ്ഫോമിലേക്കു വലിച്ചിട്ടു. ആ കൈയിൽ വളകൾ. ആ മുഖത്തേക്ക് നോക്കിയപ്പോൾ അയ്യേ! എന്റെ ക്ലാസിൽ പഠിക്കുന്ന ആന സിന്ധു. ഭയങ്കര തീറ്റിക്കാരിയാണ്. അവൾ സ്കൂളിനപ്പുറത്തെ അമ്മവീട്ടിൽ കയറി മൂക്കുമുട്ടെ കഴിച്ചിട്ടാണ് നേരെ നടന്ന് പ്ലാറ്റുഫോമിലൂടെ നടന്ന് അപ്പുറമുള്ള വീട്ടിൽ പോകുന്നതുപോലും.

**വെപ്രാളത്തിൽ ചാടിയപ്പോ പ്ലാറ്റ്ഫോമിൽ കാലെത്തിയില്ല. താഴേക്കു വീണു. എവിടെയോ തട്ടി കാലുളുക്കി. തീവണ്ടി കുറെക്കൂടി അടുത്തെത്തി. എന്റെ കൈയും കാലും തളരുന്നു. ബസ്സും വരികയാണ്. അതുപോയാൽപിന്നെ. തീവണ്ടിയുടെ ഡ്രൈവർ എന്നെ കണ്ടെന്നു തോന്നുന്നു. നെഞ്ചു കീറിക്കൊണ്ടെന്ന വിധം ഒരു ഹോൺ മുഴക്കി.**

ഞാനവളെ ശ്രദ്ധിക്കാൻ പോലും പോകാതെ ബാഗുവാരിയെടുക്കുമ്പോൾ കൈയിലൊരു പൊള്ളൽ. ആരോ തല്ലിയെന്ന പേടിയിൽ ഞാൻ പിന്തിരിഞ്ഞ് നോക്കുമ്പോ പാഞ്ഞുപോകുന്ന തീവണ്ടിക്കടിയിൽ



നിന്ന് നാണയം തെറിച്ച് എന്റെ കൈയിൽവീണതാണ്. പൊള്ളി. ഇരുമ്പിന്റെ ആഘാതത്തിൽ ചൂടുപിടിച്ച ആ നാണയം എടുത്ത് ഉടുപ്പിന്റെ പോക്കറ്റിലിട്ട് അതിന്റെ ചൂടും നെഞ്ചിൽ വച്ച് ഞാൻ ബസ് പിടിക്കാനോടി. പിറ്റേന്ന് ഞാൻ സിന്ധുവിനെ നോക്കാതിരിക്കാൻ ശ്രമിച്ചു. ഇന്റർവെല്ലായപ്പോ അതുവരെ ക്ലാസെടുത്ത സൂസൻ ടീച്ചർ എന്റടുത്തേക്കു വന്നു. കൂടെ  വരാൻ പറഞ്ഞു. എന്നോട് വലിയ സ്നേഹമുള്ള ടീച്ചറാണ്. ആളൊതുങ്ങിയ ഇടത്തെത്തിയപ്പോ ടീച്ചർ കണ്ണട ഊരി. എന്നിട്ടെന്റെ കൈത്തണ്ടയിൽ പിടിച്ചിട്ട് പറഞ്ഞു.

''നീയെന്ത് വേലയാ കാണിച്ചത്. അവൾ കണ്ടില്ലായിരുന്നെങ്കിലോ. എത്ര കഷ്ടപ്പെട്ടാ നിങ്ങളെയൊക്കെ രക്ഷിതാക്കൾ വളർത്തിക്കൊണ്ടുവരുന്നതെന്നറിയുമോ. തീവണ്ടിയുടെ കാറ്റു തട്ടിയാൽ പോരേ? നിനക്കറിഞ്ഞുകൂടാ ആ അപകടത്തെക്കുറിച്ച്.''

ടീച്ചറുടെ കണ്ണുകൾ നിറഞ്ഞുവരുന്നതുപോലെ തോന്നി.

ഞാൻ തല താഴ്ത്തി നിന്നു.

''ഇനി ചെയ്യുമോ?''

ഇല്ലെന്നു തലയാട്ടി. എനിക്ക് കരച്ചിൽ വന്നു. ഞാൻ അങ്ങനെ കുരുത്തക്കേടുകൾക്കൊന്നും പോയിട്ടില്ലാത്ത കുട്ടിയാണ്. എനിക്ക് സിന്ധുവിനോടു കലിയാണു തോന്നിയത്. പിന്നെ പത്താം ക്ലാസു കഴിയുന്നതുവരെ ഞാനവളുടെ മുഖത്തു നോക്കിയിട്ടില്ല. പക്ഷേ അവളത് വേറെ ആരോടും പറഞ്ഞിട്ടുണ്ടാവില്ല. കാരണം പിന്നെ ആ സംഭവത്തെക്കുറിച്ച് ആരും എന്നോടു ചോദിച്ചിട്ടില്ല. ഞങ്ങൾ സ്കൂളിൽ നിന്നു പിരിഞ്ഞു. പിന്നീട് പഴയ വിദ്യാർഥികൾ ഒരുമിച്ചുകൂടുന്ന സമയങ്ങളിൽ അഞ്ചാറു തവണ കണ്ടിട്ടുണ്ട്. പഴയ സിന്ധുവല്ല. നന്നായി മെലിഞ്ഞു. ഉയർന്ന ഉദ്യോഗസ്ഥയായി. രണ്ടു മക്കളും ഭർത്താവുമായി സന്തോഷത്തോടെ ജീവിക്കുന്നു. അപ്പോഴൊന്നും അധികം സംസാരിക്കാൻ ചെന്നില്ല. ഞാനാ ട്രെയിനിനടിയിൽപ്പെട്ട നാണയം കളഞ്ഞിരുന്നില്ല. തലസ്ഥാനത്തേക്കു വീടുമാറിയപ്പോ, എടുത്ത പഴയ സാധനങ്ങളുടെ കൂട്ടത്തിൽ ഇതുമുണ്ടായിരുന്നു. അപ്പോൾ ആ നാണയം വീണ്ടും കണ്ടപ്പോ... ഇത്രയും ഓർത്തപ്പോൾ സിന്ധുവിനെ ഒന്നു വിളിക്കണമെന്നു തോന്നി. ഞങ്ങളുടെ പഴയ പത്താം ക്ലാസ് ബാച്ചിന്റെ സൈറ്റിൽ കയറി നമ്പറെടുത്തു വിളിച്ചു.

''ഞാനൊരു പഴയ പള്ളിക്കൂടംസുഹൃത്താണ്.''

പേരു പറഞ്ഞപ്പോ സിന്ധുവിന് സന്തോഷം. അവൾ ചിരിച്ചുകൊണ്ടു ചോദിച്ചു.

''വലിയ സർപ്രൈസ് ആണല്ലോ. താൻ പെൺകുട്ടികളോട് മിണ്ടുമോ? എന്തുണ്ട് വിശേഷം?''

ഞാൻ പറഞ്ഞു.

''ശല്യപ്പെടുത്താനല്ല. പഴയ ഒരു ഓർമ തിരിച്ചുവന്നു. ആ പഴയ തീവണ്ടി എപ്പിസോഡ് ഓർക്കുന്നുണ്ടല്ലോ.''

''അതിന്റെ ഉൾക്കിടിലം കണ്ടു നിൽക്കുന്നവർക്കായിരുന്നല്ലോ. എങ്ങനാ മറക്കാൻ



പറ്റുന്നത്?''
ഞാൻ പറഞ്ഞു.
''സത്യത്തിൽ എന്റെ ജീവൻ രക്ഷിക്കുകയായിരുന്നു.''
സിന്ധു നിസ്സാരമായി പറഞ്ഞു.
''ഏയ് തീവണ്ടി കുറച്ച് അകലെയായിരുന്നു.''
''പക്ഷേ ഞാൻ തളർന്നു പോയിരുന്നു. എന്നിട്ട് ഞാനൊരു നന്ദി കൂടി പറഞ്ഞില്ല. മാത്രവുമല്ല പിന്നീടും ഞാൻ സിന്ധുവിനെ കളിയാക്കുന്നവർക്കു പിന്തുണ കൊടുത്ത് കൂടെ നിന്നു ചിരിച്ചിട്ടുമുണ്ട്. അതീ മനുഷ്യർ ഇങ്ങനെയാണ്. നമ്മൾ പെട്ടെന്നങ്ങ് നന്ദി കെട്ടവരായി പോകും.''
''ഏയ്...''
സിന്ധു പറഞ്ഞു.
''നമ്മളൊക്കെ കുട്ടികളല്ലായിരുന്നോ?''
ഞാൻ പറഞ്ഞു.
''വൈകിയാണെങ്കിലും ഞാനാ നന്ദി ഇപ്പോൾ കൈമാറുന്നു.''
''ഓക്കെ. ഞാനതു സ്വീകരിക്കുന്നു. എന്താ ഇപ്പോ ഇങ്ങനെ തോന്നാൻ കാരണം?''
ഞാൻ പറഞ്ഞു.

**ഞാൻ അങ്ങനെ കുരുത്തക്കേടുകൾക്കൊന്നും പോയിട്ടില്ലാത്ത കുട്ടിയാണ്. എനിക്ക് സിന്ധുവിനോടു കലിയാണു തോന്നിയത്. പിന്നെ പത്താംക്ലാസു കഴിയുന്നതുവരെ ഞാനവളുടെ മുഖത്തു നോക്കിയിട്ടില്ല. പക്ഷേ അവളത് വേറെ ആരോടും പറഞ്ഞിട്ടുണ്ടാവില്ല. കാരണം പിന്നെ ആ സംഭവത്തെക്കുറിച്ച് ആരും എന്നോടു ചോദിച്ചിട്ടില്ല.**


''എന്റെ മകൻ ഏഴാം ക്ലാസിലാണ്. അന്ന് ആ സംഭവം നടക്കുമ്പോ നമ്മളും അതേ ക്ലാസിലായിരുന്നു. അവൻ കുറച്ചു മുമ്പ്, ആ നാണയമെടുത്തു കൊണ്ടു വന്നു. അന്ന് ഞാൻ ട്രെയിനിനടിയിൽ വച്ച അതേ നാണയം.''
സിന്ധു പൊട്ടിച്ചിരിച്ചുകൊണ്ടു തുടർന്നു.
''അയ്യോ അത് സൂക്ഷിച്ചു വച്ചിട്ടുണ്ടായിരുന്നോ? എങ്കിലത് ഭയങ്കര യാദൃച്ഛികതയാണ് കേട്ടോ. എന്റെ ഇളയ മകനും ഏഴിലാണ്. അവൻ ഇന്നലെ എന്റെ പഴയ പെട്ടിയെല്ലാം തട്ടിക്കുടഞ്ഞിട്ടു. എനിക്കാണെങ്കിൽ ദേഷ്യം വന്നു. ഞാൻ ഓടിച്ചുവിട്ടു.''
ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു.
''എന്താ ഈ ഏഴാം ക്ലാസുകാരൊക്കെ ഇങ്ങനെ?''
സിന്ധു പറഞ്ഞു.
''ഒരു തലമുറ മാറുന്ന സമയമായിരിക്കും ഈ കടന്നുപോകുന്നത്. അതിന്റെ സ്വാധീനത്തിലായിരിക്കണം പിള്ളേർ. ചന്ദ്രന്റെ ആകർഷണത്തിൽ കടലിളകുന്നതു പോലെ. അതായിരിക്കും അവർ പഴയതൊക്കെ എടുത്തുനോക്കുന്നത്.''
ഞാൻ പറഞ്ഞു.
''അപ്പോ അത് ഏഴാം ക്ലാസുകാരുടെ കുഴപ്പമല്ല.''
സിന്ധു പറഞ്ഞു.
''ആകണമെന്നില്ല. ഒരു കാലത്തെയും ഏഴാം ക്ലാസുകാരുടെ കുഴപ്പമല്ല.''

*grindugopan@yahoo.com*


## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34



ഫോട്ടോ: Tom Bennett

# തകരാതെ ഒരു ബാബേൽ ഗോപുരം

**സെബാസ്റ്റ്യൻ പള്ളിത്തോട്**



**ലോകാത്ഭുതങ്ങളിൽ ഒന്നാണ് ഇറ്റലിയിലെ പിസാഗോപുരം. ഇറ്റലിയിലെ പിസ എന്ന പ്രവിശ്യയിൽ സ്ഥിതിചെയ്യുന്ന ഇതിന്റെ നിർമിതി 1173 ൽ ആരംഭിച്ചെങ്കിലും രണ്ടു നൂറ്റാണ്ട് എടുത്താണ് പണി പൂർത്തിയാക്കിയത്. ഇതിന്റെ വിഖ്യാതമായ ചരിവുതന്നെയാണ് ലോകാത്ഭുതങ്ങളിൽ ഇതിനു സ്ഥാനം നേടിക്കൊടുത്തത്. ഇന്ന് ഇറ്റലിയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രങ്ങളിലൊന്നാണിത്.**
**പിസാഗോപുരത്തെക്കുറിച്ചും ഇറ്റലിയിലെ മറ്റു കാഴ്ചകളെക്കുറിച്ചും കുട്ടികളോട് വിവരിക്കുകയാണ് ലേഖകൻ.**

ട്രാസിമേനേ തടാകക്കരയിലൂടെ പിന്തിരിഞ്ഞു പോരുന്ന വണ്ടിയിലിരുന്ന് വിരഹിയായ പ്രണയിയെപ്പോലെ അസീസ്സിയിലേക്കു ഞാൻ പിന്തിരിഞ്ഞു നോക്കി. എന്റെ നോട്ടം അവൾ അറിയരുതേ എന്ന പ്രാർഥനയോടെ. എങ്കിലും അവൾ എന്നെ തോൽപ്പിച്ചുകളഞ്ഞു. എവിടെ നിന്നു നോക്കിയാലും മറക്കാനോ, മറയ്ക്കാനോ കഴിയാത്ത, പാതിനീങ്ങിയ ജാലകവിരികൾക്കപ്പുറത്തു നിന്നുമെന്നോണം കോമളമായ ആ മുഖം. തേജസ്വിനിയായ സെയിന്റ് ക്ലാര!

'എനിക്കറിയാം നിന്നെ....'

അവൾ പറഞ്ഞു.

'നീ ഒരിക്കലും സ്വപ്നം കാണാൻപോലും മോഹിച്ചിട്ടില്ലാത്തതാണ് ഈ യാത്ര! എന്നിട്ടും ഇവിടെവരെ വന്നെത്താൻ കഴിഞ്ഞത് നിന്റെ പുണ്യമല്ല. മറ്റാരുടെയൊക്കെയോ നെടുവീർപ്പടങ്ങാത്ത പ്രാർഥനകളുടെ ഫലം. എന്നിട്ടും നീയെന്നെ കാണാതെ മടങ്ങുന്നു....'

ഒരു നെടുനിശ്വാസത്തിന്റെ ഊഷ്മള ബാഷ്പം കണ്ണാടി ജാലകങ്ങളെ അർധതാര്യമാക്കി. അതിനുമീതെ നേർത്ത ചാലുകളായി ഒഴുകിപ്പടരുന്ന മഴനാരുകൾ.

'ഒരുപക്ഷേ ഞാൻ ഇനിയും വന്നേക്കാം.

നിന്നെ കാണാനായി മാത്രം.'

അതിനപ്പുറം എനിക്കു മനസ്സിനെ ആശ്വസിപ്പിക്കാൻ വയ്യ.

വാഹനനിർമാണവിദ്യയിൽ കേൾവികേട്ടവരാണ് ഇറ്റലിക്കാർ എന്നൊരു ദുഷ്പ്പേര് അവരെക്കുറിച്ചു പ്രചാരത്തിലുണ്ട്. എന്നാൽ അതു മാത്രമല്ല ഇറ്റാലിയൻ ജനതയെന്ന് അതിന്റെ ഗ്രാമാന്തരങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരാൾക്കു വ്യക്തമാകും. ഒരു വശത്ത്, ഏതോ അഗ്നിപർവതം പൊട്ടിയൊഴുകി ലാവ ഉണങ്ങി കട്ടപിടിച്ചതുപോലുള്ള പർവതപംക്തികൾ. അതിന്റെ താഴ്‌വാരങ്ങളിൽ അതിവിസ്തൃതമായ റാവെന്നകൾ- പച്ചപുതച്ച പുൽമേടുകൾ. കൃഷിയിടങ്ങൾ. അവയുടെ ഓരം ചേർന്നുപോകുന്ന അനന്തമായ വഴിത്താരകൾ.

യൂറോപ്യൻ യൂണിയൻ രൂപീകൃതമായതിന്റെ ഏറ്റവും വലിയ സവിശേഷതകളാണ്, രാജ്യത്തിന്റെ അതിരുകൾ മായിച്ചുകളയുന്ന ഈ ഹൈവേകൾ. യൂറോപ്പിലെ ഏതൊരു രാജ്യത്ത് എത്തിച്ചേരാനും ഈ ഹൈവേകൾ പര്യാപ്തങ്ങളാണ്.

മലകൾ തുരന്ന് കിലോമീറ്ററുകൾ നീളത്തിൽ ടണലുകൾ നിർമിച്ചിരിക്കുന്നത് ഒട്ടുമിക്ക യൂറോപ്യൻ രാജ്യങ്ങളിലെയും പ്രധാന കാഴ്ചകളാണ്. ഒരേ പാതയിൽതന്നെ ഇടതും വലതുമായി ഈ രണ്ടു ടണലുകൾ വീതം. ഓരോന്നിലും രണ്ടുവരിപ്പാത. ചിലപ്പോൾ നാലുവരി. ഒരാളും നടന്നുപോകാനില്ലെങ്കിലും അവയുടെ ഓരങ്ങളിൽ ഫുട്പാത്തുകൾ. എല്ലായിടവും വൈദ്യുതീകരിച്ചിരിച്ചിട്ടുണ്ട്. ടണലുകൾക്കുള്ളിൽ വായുനിർഗമന സംവിധാനങ്ങൾ. ടെലിഫോൺബൂത്തുകൾ. എസ് ഒ എസ് കേന്ദ്രങ്ങൾ. അങ്ങനെയങ്ങനെ... ആദ്യം ഒരു കൗതുകത്തിനുവേണ്ടി ടണലുകളുടെ എണ്ണമെടുക്കാൻ തുടങ്ങിയെങ്കിലും പിന്നെ തോറ്റുപിന്മാറേണ്ടി വന്നു. അത്രയധികമാണു ടണലുകൾ.

## പിസ ഒരു തീറ്റ വസ്തുവല്ല

അസീസ്സിയിൽനിന്നു പിസയിലേക്കുള്ള യാത്രയ്ക്കിടയിൽ പെറൂജിയയിൽ വച്ചുതന്നെ ആദ്യത്തെ ടണൽ അതിന്റെ


ഫോട്ടോ: Simone_Martini

സെയിന്റ് ക്ലാര

സ്വാഗതകമാനവുമായി വരവേൽക്കാൻ കാത്തുനിന്നിരുന്നു.

റോമിൽനിന്നും 325കി.മീ. അപ്പുറമാണ് ഒരു ഗോപുരത്തിന്റെ പേരിൽ വിശ്രുതമായിത്തീർന്ന പിസാനഗരം. ഒരുപക്ഷേ റോമിനെക്കാൾ പിസയ്ക്കു കൂടുതൽ അടുപ്പം മൈക്കലാഞ്ചലോ


ഫോട്ടോ: Roberto Ferrari

അസീസ്സി – ഒരു വിശാല ദൃശ്യം



ഫോട്ടോ: WeEnterWinter

അത്ഭുതങ്ങളുടെ നഗരം

**പിസയിലേക്കു പ്രവേശിക്കുന്നതിനു മുമ്പേ തന്നെ സഞ്ചാരികൾക്കു സ്വാഗതമാശംസിച്ചുകൊണ്ട്, വൃക്ഷത്തലപ്പുകളുടെ ഹരിതാഭകൾക്കപ്പുറം പിസാഗോപുരമെന്ന മണിമാളിക കാഴ്ചകളെ പ്രസാദിപ്പിക്കാൻ തുടങ്ങി. പ്രായേണ തിരക്കു കുറഞ്ഞ തെരുവീഥികൾ. അതിലും കുറവാണ് കാൽനടയാത്രക്കാരായ സഞ്ചാരികൾ. സൈക്കിളുണ്ട്. അല്ലാതെ മറ്റ് ഇരുചക്രവാഹനങ്ങൾ കാണാനേയില്ല.**

യുടെ നഗരമായ ഫ്ളോറെൻസിനോടായിരിക്കും. അവിടെ നിന്നും വെറും 80 കി. മീ. അകലമേ പിസയിലേക്കുള്ളൂ. എന്നാൽ ചരിത്രത്തിലെ പിസാനഗരം അതിനും എത്രയോ മുമ്പുതന്നെ അവിടെ ഉണ്ടായിരുന്നു. ബി സി ഇ ഏഴാം നൂറ്റാണ്ടു മുതൽ അതു യവനരുടെ കോളനിയായിരുന്നെന്നും അതല്ല പിസയുടെ സ്ഥാപകൻ അധികം ദൂരത്തല്ലാത്ത ലിഗൂറിയക്കാരായിരുന്നു എന്നും കരുതുന്നവരുണ്ട്. എന്നാൽ ഇന്നു നാമറിയുന്ന പിസാ നഗരം ചരിത്രത്തിലേക്കു വരുന്നത് സി ഇ ഒന്നാം നൂറ്റാണ്ടിൽ ഒക്ടോവിയൻ ചക്രവർത്തിയുടെ കാലത്താണെന്ന കാര്യത്തിൽ ഒരാൾക്കും അഭിപ്രായവ്യത്യാസമില്ല.

സമുദ്രവ്യാപാരരംഗത്ത് മെഡിറ്ററേനിയൻ തീരത്തെ പ്രബലശക്തികളിലൊന്നായി മാറിയ പിസയുടെ ഖ്യാതി വളരെ പെട്ടെന്നാണ് ദേശാന്തരങ്ങളിലേക്കു വ്യാപിച്ചത്.

പിസയിലേക്കു പ്രവേശിക്കുന്നതിനു മുമ്പേ തന്നെ സഞ്ചാരികൾക്കു സ്വാഗതമാശംസിച്ചുകൊണ്ട്, വൃക്ഷത്തലപ്പുകളുടെ ഹരിതാഭകൾക്കപ്പുറം നഗരത്തിന്റെ 'ലാൻഡ് മാർക്ക്' എന്നു വിശേഷിപ്പിക്കാവുന്ന പിസാഗോപുരമെന്ന മണിമാളിക കാഴ്ചകളെ പ്രസാദിപ്പിക്കാൻ തുടങ്ങി. പ്രായേണ തിരക്കു കുറഞ്ഞ തെരുവീഥികൾ. അതിലും കുറവാണ് കാൽനടയാത്രക്കാരായ സഞ്ചാരികൾ. സൈക്കിളുണ്ട്. അല്ലാതെ മറ്റ് ഇരുചക്രവാഹനങ്ങൾ കാണാനേയില്ല.

അതിവിശാലമായ പുൽമേടിനെ അലങ്കാരമാക്കി നിലയുറപ്പിച്ചിരിക്കുന്ന ചത്വരവും (അത്ഭുതങ്ങളുടെ ചത്വരം- *Square of miracles* എന്നാണ് ഈ കത്തീഡ്രൽ പരിസരം അറിയപ്പെടുന്നത്.) അതിനുള്ളിൽ നിലകൊള്ളുന്ന, വാസ്തുശില്പകലയുടെ വിസ്മയങ്ങൾ എന്നു വിശേഷിപ്പിക്കാവുന്ന എടുപ്പുകളുമുണ്ട്. അവയിൽ പ്രധാനപ്പെട്ടത് കത്തീഡ്രൽതന്നെ. രണ്ടാമത്തേത്, ലോകവിസ്മയങ്ങളിൽ ഒന്നെന്നു കേൾവികേട്ട, കത്തീഡ്രലിനോടു ചേർന്നു നിൽക്കുന്ന പിസാഗോപുരം എന്ന മണിമാളിക. മൂന്നാമത്തേത് യൂറോപ്പിലെ ഒട്ടുമിക്ക ദേവാലയങ്ങളോടും ചേർന്നു കാണപ്പെടുന്ന ബാപ്റ്റിസ്ട്രീ (Baptistry) മാമോദീസാ കർമം നിർവഹിക്കുന്നതിനു മാത്രമായി നിർമിക്കപ്പെട്ട ദേവാലയമാണിത്. നാലാമത്തേത് Campasanto എന്നറിയപ്പെടുന്ന ദീർഘചതുരാകൃതിയിലുള്ള അതിവിശാലമായ മറ്റൊരു ദേവാലയമാണ്. വാസ്തവത്തിൽ Camposanto Monumentale ഒരു ദേവാലയമല്ല. ഭദ്രാസനപ്പള്ളിയുടെ സിമിത്തേരിയാണത്.

മഞ്ഞും മഴയും സൂര്യപ്രകാശവുമേറ്റ് വൈഡൂര്യം പോലെ തിളങ്ങി നിൽക്കുന്ന പച്ചപ്പിലേക്ക് ആരും ചാടിയിറങ്ങാൻ കൊതിച്ചുപോകും. പിസയിലെ ഭദ്രാസനദേവാലയാങ്കണത്തിലെ മനോഹരമായ വഴിത്താരകളിലും അതിന്റെ പരിസരങ്ങളിലും മുതിർന്നവരെക്കാളും ചെറുപ്പക്കാരും കുട്ടികളുമായിരുന്നു. അവർ എണ്ണത്തിൽ തന്നെ കുറവായിരുന്നെങ്കിലും. എന്നാൽ, അവിടെയും ഇവിടെയുമൊക്കെയായി പൊട്ടുകുത്തിയ കടുംവർണങ്ങളുടെ ഭംഗിയുണ്ടായിരുന്നു അവർക്ക്. 'ബാബേൽ തകർന്നതറിയാതെ വള്ളിയൂഞ്ഞാ

ലിന്നരികെ കൊഞ്ചുന്ന ശിശുക്കളുണ്ടെ'ന്ന സച്ചിദാനന്ദന്റെ വരികളാണ് ഞാന ന്നേരം ഓർത്തത്. പിസാ ഗോപുരം തകർന്നിട്ടില്ലെങ്കിലും അതുണർത്തുന്ന വികാരം ആസന്നമായ ഒരു പതനത്തിന്റെതാണല്ലോ! അതറിയാതെ അവർ അങ്ങിങ്ങായി ഓടിക്കളിക്കുകയും നനഞ്ഞ പുല്ലിന്മേൽ കുത്തിമറിയുകയും ചെയ്തുകൊണ്ടിരുന്നു.

## ഒരു മണിഗോപുരത്തിന്റെ കഥ

1173ൽ അക്കാലത്തെ പ്രസിദ്ധ ശില്പിയായിരുന്ന ബൊനാനൊ പിസ്സാനൊ (Bonano Pissano) യുടെ നേതൃത്വത്തിലാണ് മണിമാളികയുടെ നിർമാണജോലികൾ ആരംഭിക്കുന്നത്. എട്ടുനിലകളിലായി രൂപകല്പന ചെയ്യപ്പെട്ട മാർബിൾ ഗോപുരത്തിന്റെ നിർമാണപ്രവർത്തനങ്ങൾ മൂന്നാംനിലയിൽ എത്തുന്നതിനുമുമ്പുതന്നെ അതിന്റെ പ്രസിദ്ധമായ ആ ചരിവ് കാണപ്പെടാൻ തുടങ്ങി. അതോടെ നിർമാണജോലികൾ തത്കാലത്തേക്കു നിർത്തിവച്ചു.

ഇന്ന് ഒറ്റനോട്ടത്തിൽ ഏതൊരാൾക്കും ബോധ്യമാകുംപോലെ ആ ഭൂപ്രദേശത്തിന്റെ ചതുപ്പുസ്വഭാവമാകണം അപ്രകാരം ഒരു ചരിവിനു കാരണമായതെന്ന് അവരും ചിന്തിച്ചെങ്കിൽ അതു സ്വാഭാവികം മാത്രം. തെക്കുഭാഗത്ത് 177 ഉം വടക്കുഭാഗത്ത് 179 ഉം അടിയാണ് ഉയരമെന്ന് അവകാശപ്പെടുന്ന കുഴൽരൂപത്തിലുള്ള ഗോപുരത്തിന്റെ അടിത്തറയുടെ വിസ്തീർണം വെറും പതിനഞ്ചര മീറ്റർ മാത്രമാണെന്നത് മറ്റൊരു അത്ഭുതമാണ്.

ഒരു നൂറ്റാണ്ടിനു ശേഷം 1273 ലാണ് അവർ വീണ്ടും തങ്ങളുടെ 'ബാബേലി'നു നേർക്കു തിരിയുന്നത്. ജിയോവാന്നിസിമോനെ (Giovanni di Simone) എന്ന ശില്പിയുടെ മേൽനോട്ടത്തിൽ. എന്നിട്ടും പല കാരണങ്ങളാൽ അതു മുടങ്ങി. പതിനാലാം നൂറ്റാണ്ടിന്റെ അന്തിമപാദത്തിൽ തൊമാസൊ പിസാനൊ (Tommaso Pisano) അതിന്റെ ജോലികൾ പൂർത്തീകരിക്കും വരെ. സാധാരണ, ദേവാലയങ്ങൾക്കൊപ്പമാണ് അവയുടെ മണിമാളികകൾ നിർമിക്കാറ് പതിവെങ്കിലും പിസയിലെ കത്തീഡ്രിലിൽനിന്നും ഏതാനും മീറ്റർ അകലെയായി ചരിയാൻവേണ്ടി നിർമിക്കപ്പെട്ടതുപോലെ ആ മണിഗോപുരം ഉത്തുംഗപ്രൗഢിയോടെ ഉയർന്നുവന്നു.



ഫോട്ടോ: Mstyslav Chernov

പുട്ടി ഫൗണ്ടനും പിസാഗോപുരവും

> **പതിനാലായിരത്തി അഞ്ഞൂറ് മെട്രിക് ടൺ ഭാരം വരുന്ന കറാറാ മാർബിളിൽ നിർമിച്ച ഈ ദൃശ്യവിസ്മയം ചരിഞ്ഞില്ലെങ്കിലാണ് അത്ഭുതം! അതോടൊപ്പം എട്ടാമത്തെ നിലയിൽ തൂക്കിയിരുന്ന ഏഴുമണികളുടെ ഭാരവും കൂട്ടിച്ചേർന്നാലുള്ള കഥയെന്തെന്ന് ആലോചിക്കാവുന്നതേയുള്ളൂ. ആ മണിമുഴക്കത്തിന്റെ പ്രതിധ്വനികൾ അങ്ങുദൂരെ റോം വരെ ചെന്നിരുന്നത്രേ**

പതിനാലായിരത്തി അഞ്ഞൂറ് മെട്രിക് ടൺ ഭാരം വരുന്ന കറാറാ മാർബിളിൽ നിർമിച്ച ഈ ദൃശ്യവിസ്മയം ചരിഞ്ഞില്ലെങ്കിലാണ് അത്ഭുതം! അതോടൊപ്പം എട്ടാമത്തെ നിലയിൽ തൂക്കിയിരുന്ന ഏഴുമണികളുടെ ഭാരവും കൂട്ടിച്ചേർന്നാലുള്ള കഥയെന്തെന്ന് ആലോചിക്കാവുന്നതേയുള്ളൂ. ആ മണിമുഴക്കത്തിന്റെ പ്രതിധ്വനികൾ അർണോനദിയുടെ പ്രവാഹങ്ങളിലൂടെ സഞ്ചരിച്ച് അങ്ങുദൂരെ റോം വരെ ചെന്നിരുന്ന ഒരു കാലമുണ്ടായിരുന്നുപോലും. ഗോപുരത്തിന്റെ ചരിവിനെയും അതിന്റെ ദ്വാരത്തെയും ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി 3000 വും 4000 വും കിലോ തൂക്കം വരുന്ന അതിലെ മണികളിൽ ചിലത് പിൽക്കാലത്ത് നീക്കം ചെയ്യപ്പെട്ടു. എന്നിട്ടും പ്രതിവർഷം 1.5 മി. മീറ്റർ എന്ന കണക്കിന് ഗോപുരത്തിന്റെ ചരിവ് തുടർന്നുകൊണ്ടിരുന്നു. എന്നാൽ അടുത്ത കാലത്ത് എഞ്ചിനീയറിങ് വിദഗ്ധരും ശാസ്ത്രജ്ഞരുമടങ്ങുന്ന ഒരു സംഘം, ഗോപുരം ഇനിയും അതിന്റെ ചരിവ് തുടരാതിരിക്കുന്നതിനുള്ള ശ്രമങ്ങളിൽ ഏർപ്പെടുകയുണ്ടായി. അതിൽ അവർ വിജയിച്ചുവെന്നും ഇനി ഒരഞ്ഞൂറ് വർഷത്തേക്ക് യാതൊരു കുഴപ്പവും കൂടാതെ പിസാ ഗോപുരം നിലനിൽക്കുമെന്നും അവർ അവകാശപ്പെടുന്നു.



ഗലീലിയോ ഗലീലി

ഫോട്ടോ: JoJan

## ഹായ് ഗലീലിയോ!

ഇവിടെ, അർണോ നദിക്കരയിൽനിന്നും അധികം ദൂരമില്ല തസ്ക്കനി എന്ന ഗ്രാമത്തിലേക്ക്. നാളതുവരെ നിലനിന്നിരുന്ന വിശ്വാസപ്രമാണങ്ങളെ തന്റെ ശാസ്ത്രീയമായ പരീക്ഷണ നിരീക്ഷണങ്ങൾകൊണ്ട് വെല്ലുവിളിച്ച ഒരാൾ ഇവിടെ ജീവിച്ചിരുന്നു. അയാൾ വിളിച്ചുപറഞ്ഞ സത്യവാചകങ്ങൾ കേട്ട് സത്യത്തിനുമേൽ പകർപ്പവകാശമുള്ള ചിലർ അന്നു ഞെട്ടി. താൻ വിശ്വസിക്കുകയും വിളിച്ചുപറയുകയും ചെയ്ത സത്യത്തിനു വേണ്ടി അയാൾക്കു പകരം നൽകേണ്ടി വന്നതാകട്ടെ സ്വന്തം ജീവനും. കഴുവിൽ ജീവിതം വെന്തൊടുങ്ങുമ്പോഴും ആ മനുഷ്യൻ നൊന്തു പാടുന്നുണ്ടായിരുന്നു

*'പകലും രാവും മാറിവരാനായ്*
*പതിവായ് കറങ്ങുന്നു ഭൂമി.*
*പലകാലങ്ങൾ മാറി വരാനായ്*
*പകലോനെ ചുറ്റുന്നു ഭൂമി.'*

ചരിത്രത്തിൽ അയാൾക്കു ഗലീലിയോ ഗലീലി എന്നു പേർ!


ഇവിടെ, ഈ പിസാ ഗോപുരത്തിന്റെ എട്ടാമത്തെ കെട്ടിൽ നിന്നുകൊണ്ട് അയാൾ വിദൂരഗോളങ്ങളിലേക്കു തന്റെ ദൂരദർശിനികൾ ചൂണ്ടിയിരുന്നുവെന്ന് ചരിത്രം പറയുന്നു.

മുകളിലേക്കു കയറിച്ചെല്ലാൻ അനുവാദമില്ലാത്ത ആ വെണ്ണക്കൽ ഗോപുരത്തിന്റെ തൂണുകളിലൊന്നിനെ ഞാൻ വെറുതെ ആശ്ലേഷിച്ചു. യുഗാതീതമായ ഒരു തണുപ്പ് ആ നിമിഷം മാർബിൾപ്പാളികളിൽനിന്നും എന്നിലേക്കും പ്രവഹിച്ചു. ആരുടെയെല്ലാമോ ഊർജപ്രസരം പോലെ.

കത്തീഡ്രലിന്റെ സിമിത്തേരിക്കു പിന്നിലുള്ള കവാടത്തിലൂടെ ഞങ്ങൾ പുറത്തെ തെരുവിലേക്കിറങ്ങി. പ്രാചീനമായ കോട്ടകൾക്കരികിലൂടെ പോകുന്ന നിരത്ത്. പേരറിയാത്ത മരക്കൂട്ടങ്ങൾ പച്ചത്തലപ്പുകളുയർത്തി തണലും തണുപ്പുമായി കാവൽ നിൽക്കുന്നു. എവിടെനിന്നോ ഒരു തണുത്ത കാറ്റു വീശുന്നു.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്







കവിതാപരിചയം

# പഠിപ്പു തീർന്നാൽ

**എൻ വി കൃഷ്ണവാരിയർ**






**ചോദ്യം:**

പഠിപ്പു തീർന്നാൽ, പ്പള്ളിക്കൂടം
വിട്ടുകഴിഞ്ഞെന്നാൽ,
പറയുക, പറയുക, പിന്നീടെന്തൊരു
പണിക്കുപോകും നീ?

**ഉത്തരം:**
**ഒന്നാമൻ:**

കൃഷിക്കുപോകും, കൃഷിക്കു പോകും
കൃഷിക്കുപോകും ഞാൻ.
കൃഷിക്കു, നമ്മുടെ പിതാക്കൾ ചെയ്തൊരു
തൊഴില്ക്കു, പോകും ഞാൻ.
വിതച്ചിടും ഞാൻ, ഞാറു നടും ഞാൻ,
കളകൾ പറിക്കും ഞാൻ,
സമർത്ഥനെന്നെപ്പോലൊരു കർഷക-
നുണ്ടാവില്ലെങ്ങും.





**ചോദ്യം:**
പഠിപ്പുതീർന്നാൽ, പ്പള്ളിക്കൂടം
വിട്ടുകഴിഞ്ഞെന്നാൽ,
പറയുക, പറയുക, പിന്നീടെന്തൊരു
പണിക്കുപോകും നീ?

**ഉത്തരം:**
**രണ്ടാമൻ:**
പണം മുടക്കിക്കോടിക്കണക്കിനു
കച്ചവടത്തിന്നായ്
തുനിഞ്ഞിടാം ഞാൻ; തൊഴിലിതിൽ നല്ലതു
വേറൊന്നുണ്ടാമോ?

**ചോദ്യം:**
പഠിപ്പുതീർന്നാൽ,പ്പള്ളിക്കൂടം
വിട്ടുകഴിഞ്ഞെന്നാൽ,
പറയുക, പറയുക, പിന്നീടെന്തൊരു
പണിക്കു പോകും നീ?

**ഉത്തരം:**
**മൂന്നാമൻ:**
നാട്ടിലശിക്ഷിതരായലയുന്ന
ശിശുക്കളെയെല്ലാം ഞാൻ
കൂട്ടി, മികച്ചൊരു വിദ്യാനിലയ-
മാരംഭിച്ചീടും.
വിദ്യാദാനം കണക്കുവേറെ
ദാനമതുണ്ടാമോ?
വിദ്യാധനമൊടു കിടനിൽക്കുന്നൊരു-
ധനവും മറ്റുണ്ടോ?

**ചോദ്യം:**
പഠിപ്പുതീർന്നാൽ,പ്പള്ളിക്കൂടം
വിട്ടുകഴിഞ്ഞെന്നാൽ,
പറയുക, പറയുക, പിന്നീടെന്തൊരു
പണിക്കു പോകും നീ?

**ഉത്തരം:**
**നാലാമൻ:**
പഠിപ്പുതീർന്നാൽ പട്ടാളത്തിൽ
പ്പോയിച്ചേരും ഞാൻ
പടനായകനായ് ഭാരതരാജ്യം
പരിപാലിക്കും ഞാൻ.

**എല്ലാവരും:**
പഠിപ്പുതീർന്നാൽ പള്ളിക്കൂടം
വിട്ടുകഴിഞ്ഞെന്നാൽ
പലപല പണികളിലേർപ്പെട്ടാലും
മറന്നിടാ ഞങ്ങൾ
മാതൃധരിത്രിയെ ബഹുമാനിക്കാ-
നവൾക്കു പുകളേറ്റാൻ
മാതൃധരിത്രീ പദാംബുജത്തിൽ
പ്രാണനുമർപ്പിക്കാൻ.






വര: ബാബുരാജൻ

# ആപ്പിളും ന്യൂട്ടനും ബഹിരാകാശവും

വൈശാഖൻ തമ്പി

ശാസ്ത്രത്തിന്റെ പ്രധാന കണ്ടുപിടിത്തങ്ങളിൽ ഒന്നാണ് ഗുരുത്വാകർഷണ സിദ്ധാന്തം. അന്യഗ്രഹ പര്യവേക്ഷണം,കൃത്രിമോപഗ്രഹങ്ങളുടെ വിക്ഷേപണം ഇവയ്ക്കെല്ലാം നിദാനം സർ ഐസക് ന്യൂട്ടന്റെ ഗുരുത്വാകർഷണ സിദ്ധാന്തം തന്നെയാണ്.



ഐസക് ന്യൂട്ടൻ

ഐസക് ന്യൂട്ടൻ ഗുരുത്വാകർഷണം കണ്ടുപിടിച്ചതുമായി ബന്ധപ്പെട്ടുള്ള പ്രസിദ്ധമായ ആ കഥ കേട്ടിട്ടുണ്ടല്ലോ. ന്യൂട്ടൻ ഒരു ആപ്പിൾ തോട്ടത്തിൽ ഇരിക്കവേ ഒരു ആപ്പിൾ അദ്ദേഹത്തിന്റെ തലയിൽ വീണെന്നും അതിനെത്തുടർന്നാണ് അദ്ദേഹം ഭൂമിയുടെ ഗുരുത്വാകർഷണം കണ്ടുപിടിച്ചതെന്നുമാണ് ആ കഥ; അല്ലേ? കേരളത്തിലായിരുന്നെങ്കിൽ ചക്ക വീണ് ന്യൂട്ടന്റെ കഥ കഴിഞ്ഞേനെ എന്നൊരു തമാശയും നമ്മൾ മലയാളികൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

എന്നാൽ ശരിക്കും ന്യൂട്ടന്റെ തലയിൽ ആപ്പിൾ വീണിട്ടുണ്ടോ? സത്യം പറഞ്ഞാൽ, അങ്ങനെ എങ്ങും രേഖപ്പെടുത്തിയിട്ടില്ല. പക്ഷേ താഴേക്ക് വീഴുന്ന ആപ്പിൾ കണ്ടപ്പോഴാണ് തനിക്ക് ഗുരുത്വാകർഷണത്തെക്കുറിച്ചുള്ള ആശയം മനസ്സിലുദിച്ചതെന്ന് ന്യൂട്ടൻ ഒരു സുഹൃത്തിനോട് പറഞ്ഞതായി ആ സുഹൃത്ത് ഒരിടത്ത് പറഞ്ഞിട്ടുണ്ട്.

എന്നാൽ ഒന്ന് ആലോചിച്ചുനോക്കൂ. ആപ്പിൾ താഴെ വീഴുന്നതിനു കാരണം ഭൂമി ഒരു ബലം പ്രയോഗിച്ച് അതിനെ താഴേക്ക് വലിക്കുന്നതുകൊണ്ടാകാം എന്ന് കണ്ടുപിടിക്കാൻ അത്രേം ഭയങ്കര ബുദ്ധിയുടെ ആവശ്യമുണ്ടോ? നമ്മൾ കേട്ടുപഴകിയ ആ കഥ ന്യൂട്ടന്റെ മഹത്ത്വത്തെ വല്ലാതെ കുറച്ചുകാട്ടുന്നതാണ് എന്നതാണ് സത്യം. എന്തായിരുന്നു ശരിക്കും ന്യൂട്ടൻ ചെയ്തത്?

ചന്ദ്രനുൾപ്പെടെയുള്ള ആകാശഗോളങ്ങളെക്കുറിച്ചുള്ള ചിന്തയിലായിരുന്നു ന്യൂട്ടൻ. പ്രധാനമായും അവയുടെ ചലനമാണ് അദ്ദേഹത്തെ കുഴക്കിയത്. ചന്ദ്രൻ എന്തുകൊണ്ടായിരിക്കും ഭൂമിയെ വലംവയ്ക്കുന്നത് എന്നോർത്ത് തല പുകയ്ക്കുന്ന സമയത്താണ് അദ്ദേഹം പഠിച്ചിരുന്ന കേംബ്രിജ് സർവകലാശാലയിൽ പ്ലേഗ് പടർന്നുപിടിക്കുന്നത്. അങ്ങനെ അദ്ദേഹം സർവകലാശാല വിട്ട് അമ്മയുടെ സ്ഥലമായ വൂൾസ്തോർപ്പിലേക്ക് വന്നു. അവിടെയും അദ്ദേഹത്തെ ചന്ദ്രന്റെ ചലനം അലട്ടിക്കൊണ്ടേയിരുന്നു. ആ സമയത്താണ് യാദൃച്ഛികമായി ഒരു ആപ്പിൾ

താഴേക്കു വീഴുന്നത് അദ്ദേഹത്തിന്റെ കണ്ണിൽപ്പെട്ടത്. അദ്ദേഹത്തിന്റെ മനസ്സിൽ പെട്ടെന്നൊരു സംശയമുദിച്ചു–'ഈ ആപ്പിളിനെ ചലിപ്പിക്കുന്ന അതേ ബല മായിരിക്കുമോ, ചന്ദ്രനെയും ചലിപ്പി ക്കുന്നത്?'

നമ്മൾ ചുറ്റും കാണുന്ന വസ്തുക്കളു ടെയൊക്കെ ചലനത്തെയും അതിന് കാരണമാകുന്ന ബലത്തെയും ബന്ധിപ്പി ക്കുന്ന ന്യൂട്ടന്റെ ചലനസമവാക്യങ്ങൾ അതിനകം തന്നെ അദ്ദേഹം കണ്ടെത്തി ക്കഴിഞ്ഞിരുന്നു. അതിനോടൊപ്പം പിണ്ഡ മുള്ള ഏത് രണ്ട് വസ്തുക്കൾക്കും ഇടയിൽ ഉണ്ടാകുന്ന ഒരു ആകർഷണബലത്തെ അദ്ദേഹം ഊഹിച്ചെടുത്തു. അതിനെ അദ്ദേഹം ഗ്രാവിറ്റി എന്നു വിളിച്ചു. 'ഭാരം' എന്നർഥമുള്ള ഗ്രാവിറ്റാസ് എന്ന ലാറ്റിൻ വാക്കിൽനിന്നാണ് അദ്ദേഹമത് ഉണ്ടാക്കി യത്. ആ ബലം വസ്തുക്കൾക്കിടയിലെ ദൂരം കൂടുമ്പോൾ അതിന്റെ വർഗത്തിനനു സരിച്ച് കുറയുമെന്നും, പിണ്ഡങ്ങളുടെ ഗുണനഫലത്തിനനുസരിച്ച് കൂടുമെന്നും അദ്ദേഹം ഊഹിച്ചു.

ചുമ്മാ ഊഹിച്ചാൽ പോരല്ലോ, തെളിവു വേണ്ടേ? അതിനദ്ദേഹം ചില കണക്കുകൂട്ട ലുകളൊക്കെ നടത്തിനോക്കി. ചന്ദ്രൻ ഭൂമിക്കു ചുറ്റും കറങ്ങുമ്പോൾ അതിന് എത്ര ത്വരണം (acceleration) ഉണ്ടാകുമെന്ന് അദ്ദേഹം കണക്കാക്കി. ചന്ദ്രനിലേക്ക് ഭൂമിയിൽ നിന്നുള്ള ദൂരവും, ചന്ദ്രൻ ഭൂമിയെ ചുറ്റാനെ ടുക്കുന്ന സമയവും അറിയാമെങ്കിൽ ഇത് കണക്കാക്കാൻ ആർക്കും സാധിക്കും. ഇനി ചന്ദ്രനെ കറക്കുന്നതും ആപ്പിളിനെ വീഴ്ത്തുന്നതും ഒരേ ബലമാണെങ്കിൽ, ഇവ രണ്ടിന്റെയും ത്വരണങ്ങൾ നേർ അനുപാതത്തിൽ ആയിരിക്കണമല്ലോ. കാരണം ബലം ത്വരണത്തിന് ആനുപാതി കമായിരിക്കുമെന്നാണ് ന്യൂട്ടന്റെ രണ്ടാം ചലനനിയമം പറയുന്നത്.

താഴെ വീഴുന്ന വസ്തുക്കളുടെ ത്വര ണവും ചന്ദ്രന്റെ ത്വരണവും തമ്മിൽ ബന്ധമുണ്ട് എന്നാണ് പരീക്ഷണങ്ങളിൽ തെളിഞ്ഞത്. താഴെ വീഴുന്ന ആപ്പിളിനെ ക്കാൾ ചന്ദ്രൻ എത്ര ദൂരെയാണോ, കൃത്യം അതിനനുസൃതമായിത്തന്നെ കുറവാണ് ചന്ദ്രന്റെ ത്വരണവും എന്ന് അദ്ദേഹം കണ്ടു. ചന്ദ്രനെ ഭൂമിക്കു ചുറ്റും കറക്കുന്നത് ഭൂമിക്കും ചന്ദ്രനും ഇടയിലുള്ള ഗുരുത്വാ കർഷണമാണെന്ന് അങ്ങനെ അദ്ദേഹം തെളിയിച്ചു.

അതൊരു വലിയ കാൽവയ്പ്പായി രുന്നു. കാരണം അന്നുവരെ ചന്ദ്രൻ ഒരു അലൗകിക വസ്തുവായിട്ടാണ് കണക്കാ ക്കപ്പെട്ടിരുന്നത്. മനുഷ്യന് ഒരു രീതിയിലും പിടികിട്ടാത്ത ഒരു സ്വർഗീയവസ്തു. അതിന്റെ ചലനത്തെയാണ് ന്യൂട്ടൻ ഒരു സാദാ ആപ്പിളിന്റെ ചലനമെന്നോണം ലളിതമായി വിശദീകരിച്ചത്. അതായി രുന്നു ന്യൂട്ടന്റെ മഹത്ത്വം.

ഇവിടെ വേറൊരു ചോദ്യമുണ്ടല്ലോ. ആപ്പിൾ താഴോട്ടു വീഴുന്നത് ഭൂമിയുടെ ഗുരുത്വാകർഷണം കാരണം. ചന്ദ്രനെ പിടിച്ച് നിർത്തുന്നതും ഗുരുത്വാകർഷണം. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ചന്ദ്രൻ ആപ്പിളിനെപ്പോലെ ഭൂമിയിൽ വന്നു വീഴാത്തത്?

ഇതു മനസ്സിലാക്കാൻ ഒരു ചെറിയ പരീക്ഷണം ആലോചിക്കാം. എവറസ്റ്റ് കൊടുമുടിയുടെ മുകളിൽ ഭൂമിക്ക് തിരശ്ചീനമായി (horizontal) ഒരു പീരങ്കിവയ്ക്കുന്നു എന്നിരിക്കട്ടെ. എന്നിട്ട് ഒരു ഷെല്ല് ഫയർ ചെയ്യുന്നു. ഷെല്ലിന് എന്തു സംഭവിക്കും? കുറച്ചുദൂരം മുന്നോട്ടു നീങ്ങി, വളഞ്ഞ് താഴെ തറയിൽ വന്നുവീഴും.


എന്തുകൊണ്ട്?

കത്തുന്ന വെടിമരുന്ന് നൽകുന്ന തള്ളൽ കാരണമാണ് അത് മുന്നോട്ടു നീങ്ങുന്നത്. എന്നാൽ ഈ ബലം അത് പുറപ്പെടുന്ന സമയത്ത് മാത്രമേ പ്രവർത്തി ക്കുന്നുള്ളൂ. പീരങ്കിയിൽ നിന്നും പുറപ്പെട്ട് കഴിഞ്ഞാലുള്ള മുന്നോട്ടുള്ള പോക്ക് വെടി യുണ്ടയുടെ ജഡത്വം (inertia) കാരണ മാണ്. അതായത് വെടിയുണ്ടയ്ക്ക് സ്വയം അതിന്റെ അവസ്ഥ മാറ്റാൻ കഴിയില്ല. അതിന് മറ്റേതെങ്കിലും ബാഹ്യബലങ്ങൾ തന്നെ പ്രവർത്തിക്കണം എന്നാണ് ന്യൂട്ടന്റെ ഒന്നാം ചലനനിയമം പറയുന്നത്. പക്ഷേ സൗജന്യമായിട്ടു കിട്ടുന്ന ഒരു ബാഹ്യബലം ഉണ്ടല്ലോ. ഏതാണത്? ഭൂമി യുടെ ഗുരുത്വാകർഷണം തന്നെ. പീരങ്കി യുടെ ഉള്ളിലിരിക്കുമ്പോഴും അതിൽ നിന്ന് പുറത്ത് വന്നശേഷവും ഗുരുത്വാകർഷണം വെടിയുണ്ടയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അകത്തായിരുന്നപ്പോൾ പീരങ്കി യുടെ ഭിത്തി നൽകുന്ന പ്രതിബലം കാരണം അത് അവിടെത്തന്നെ തുടർന്നു.

പീരങ്കിയിൽനിന്നും പുറത്തുവന്നാൽ വെടിയുണ്ട നിർബാധം ഗുരുത്വാകർഷണത്തിനു വിധേയമായി താഴോട്ടു നീങ്ങിക്കൊണ്ടിരിക്കും. ജഡത്വം കാരണം മുന്നോട്ടുള്ള ചലനവും ഗുരുത്വം കാരണം താഴോട്ടുള്ള ചലനവും ചേർന്ന് ഫലത്തിൽ വളഞ്ഞ ഒരു പാതയിലൂടെ അത് താഴെ തറയിൽ വന്നുവീഴും.

ഇനി അൽപ്പം കൂടി വേഗത കൂട്ടി വെടിയുണ്ട ഫയർ ചെയ്യുന്നത് സങ്കൽപ്പിക്കൂ. എന്തു വ്യത്യാസം വരും? നേരത്തെ പറഞ്ഞ എല്ലാ ബലവും ഇവിടെയും പ്രവർത്തിക്കുന്നുണ്ട്. വെടിയുണ്ടയുടെ പാത ഏതാണ്ട് ഇതേ രൂപത്തിലായിരിക്കും. പക്ഷേ അത് അൽപ്പം കൂടി നീളം കൂടിയിരിക്കും. അതായത് അൽപ്പം കൂടി ദൂരെയായിരിക്കും വെടിയുണ്ട തറയിൽ വന്നു വീഴുന്നത്. ഇങ്ങനെ വേഗത കൂട്ടിക്കൊണ്ടിരുന്നാലോ? വെടിയുണ്ട ചെന്നുവീഴുന്നത് കൂടുതൽ കൂടുതൽ ദൂരേക്കായി മാറും. പക്ഷേ ഒരു കുഴപ്പമുണ്ട്. ഭൂമി അന്തമില്ലാതെ പരന്നു കിടക്കുകയായിരുന്നെങ്കിൽ ഇതിങ്ങനെ തുടരാമായിരുന്നു. പക്ഷേ ഭൂമിയുടെ ഗോളാകൃതി കാരണം കൂടുതൽ ദൂരേക്ക് പോകുന്തോറും പീരങ്കി ചൂണ്ടിവച്ചിരിക്കുന്ന ലെവലിൽനിന്ന് തറ താഴേക്കു പോകുന്നുണ്ട്. അതായത് തറ വളയുന്നുണ്ട്. വെടിയുണ്ടയുടെ പാത വളയുന്ന നിരക്കും ഭൂമിയുടെ ഉപരിതലം (തറ) വളയുന്ന നിരക്കും ഒരുപോലെ ആകുമ്പോൾ എന്തു സംഭവിക്കും? സിമ്പിൾ, അതിന് തറയെ തൊടാൻ കഴിയാതെ വരും. അതായത്, ഒരു പ്രത്യേക വേഗത എത്തുമ്പോൾ വെടിയുണ്ട നേരെ ഭൂമിയെ ചുറ്റിവന്ന് വെടിവെച്ചവളുടെ തലയിൽ കൊള്ളും!

കണക്കുകൂട്ടിനോക്കിയാൽ ഏതാണ്ട് 8 km/s വേഗത ആവുമ്പോഴാണ് ഇത് സംഭവിക്കുന്നത് എന്നു കാണാം. വെടിവച്ചിട്ട് പീരങ്കിയും ആളും അവിടെനിന്ന് മാറിയാൽ വെടിയുണ്ട തടസ്സമില്ലാതെ ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കും! (വായുവിന്റെ തടസ്സമുള്ളതിനാൽ എവറസ്റ്റിന്റെ മുകളിൽനിന്നും ഇതു സാധ്യമല്ല. എന്നാൽ നൂറോ ഇരുന്നൂറോ കിലോമീറ്റർ ഉയരത്തിലേക്കു പോയാൽ ഇതു നടക്കും.) അതോടെ അത് ഭൂമിയെ ഓർബിറ്റ് ചെയ്യുന്നു എന്നു പറയാം. വേഗത കൂടുന്തോറും ഓർബിറ്റിന്റെ രൂപം മാറിക്കൊണ്ടിരിക്കും. (11.2 km/s എന്ന വേഗത കടന്നാൽ ആ വസ്തു ഓർബി



വേഗത്തിലെറിയുന്ന ഒരു പീരങ്കിയുണ്ടയ്ക്ക് എന്തു സംഭവിക്കും?

റ്റിൽ പെടാതെ ഭൂമിയുടെ ആകർഷണപരിധി വിട്ടു പുറത്തുപോകും. അതിനെയാണ് പലായനപ്രവേഗം, escape velocity, എന്നു പറയുന്നത്.) എന്നാൽ ഭൂമി അതിനെ ആകർഷിക്കുന്നത് നിർത്തിയിട്ടില്ല എന്നതു ശ്രദ്ധിക്കണം. നിർത്തിയിരുന്നെങ്കിൽ അതിന്റെ പാത വളയുകയേ ഇല്ലായിരുന്നല്ലോ. ന്യൂട്ടന്റെ ഒന്നാം ചലനനിയമം അനുസരിച്ച് അത് നേർരേഖയിലൂടെ സഞ്ചരിച്ചു പോകുമായിരുന്നു. ഭൂമിയുടെ ആകർഷണം കാരണം തുടർച്ചയായി വളഞ്ഞുകൊണ്ടിരിക്കുന്ന പാതയാണ് ഓർബിറ്റ്.

നമ്മൾ വിക്ഷേപിക്കുന്ന കൃത്രിമോപഗ്രങ്ങളെല്ലാം ഇതുപോലൊരു ഓർബിറ്റ് പിൻതുടരുകയാണ്. അവയുടെ ജഡത്വവും ഭൂമിയുടെ ഗുരുത്വവും തമ്മിലുള്ള ഒരു ഉടമ്പടിയാണ് അവരുടെ ഓർബിറ്റ്. നമ്മുടെ റോക്കറ്റുകളുടെ പണി ഉപഗ്രഹങ്ങളെ ഉയരത്തിൽ എത്തിക്കുക മാത്രമല്ല. (അതിന് ഇത്രയും വലിയ റോക്കറ്റൊന്നും ആവശ്യം വരില്ല.) സത്യത്തിൽ അവിടെ എത്തിച്ചശേഷം ഉപഗ്രഹത്തെ ഓർബിറ്റിലേക്ക് തള്ളിക്കയറ്റുക (പീരങ്കി വെടിവയ്ക്കുന്നതുപോലെ) എന്നതാണ് റോക്കറ്റുകളുടെ പ്രധാന വെല്ലുവിളി. ഇവിടന്ന് കുത്തനെ ഉയരുന്ന റോക്കറ്റ് മുകളിലേക്ക് പോകുന്തോറും ചരിയുന്നത് ശ്രദ്ധിച്ചിട്ടില്ലേ? ഈ തള്ളൽ ഇല്ലാതെ വെറുതേ അവിടെക്കൊണ്ട് വിട്ടാൽ ഉപഗ്രഹം നേരെ താഴെ വന്ന് വീഴും.

ഭൂമിയുടെ ഗുരുത്വാകർഷണമെന്ന ബലത്തിനു മാത്രം വിധേയമായുള്ള ചലനത്തെ സ്വതന്ത്രവീഴ്ച (free fall) എന്നാണ് പറയുക. താഴേക്ക് വീഴുന്ന ആപ്പിളും കയറു പൊട്ടി കിണറ്റിലേക്കു വീഴുന്ന ബക്കറ്റും ഒക്കെ സ്വതന്ത്രവീഴ്ചയിലാണ്. ആ അവസ്ഥയിൽ വസ്തുവിന് ഭാരമില്ലായ്മ അനുഭവപ്പെടും. (ഒരു സ്പ്രിങ് ബാലൻസിൽ ഒരു ഭാരം തൂക്കി താഴേക്കിട്ടുനോക്കൂ. വീഴുന്ന സമയത്ത് ബാലൻസിലെ റീഡിങ് പൂജ്യമാകുന്നതു കാണാം) കാരണം ഭൂമി ആകർഷിക്കുന്നതുകൊണ്ടല്ല, ആ ആകർഷണം പ്രതിരോധിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന അനുഭവമാണ് ഭാരം. ബഹിരാകാശയാത്രികർക്ക് ഭാരമില്ലായ്മ അനുഭവപ്പെടുന്നത് അവരും ഇതുപോലെ സ്വതന്ത്രവീഴ്ചയിൽ ആയതുകൊണ്ടാണ്. അല്ലാതെ അവിടെ ഗുരുത്വാകർഷണം ഇല്ലാത്തതുകൊണ്ടല്ല.

ചന്ദ്രന്റെ ഓർബിറ്റും ഇതുപോലെ ചലനംകൊണ്ടുള്ള ജഡത്വവും ഭൂമിയുടെആകർഷണവും ചേരുമ്പോൾ ഉണ്ടാകുന്നതാണ്. ചന്ദ്രന്റെ ചലനം പക്ഷേ ഏതെങ്കിലുംപീരങ്കിയിൽനിന്ന് വെടിവച്ചതുകൊണ്ടു വന്നതല്ല, മറിച്ച് അതതിന്റെ ഉത്ഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന വ്യത്യാസമേയുള്ളൂ.

## സാഹിത്യ അക്കാദമി കോളേജ് വിദ്യാർഥികൾക്കായി സാഹിത്യമത്സരം നടത്തുന്നു

**കേരള സാഹിത്യ അക്കാദമി പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള കോളേജ് വിദ്യാർഥികൾക്കായി ചെറുകഥ, കവിത, സാഹിത്യനിരൂപണം എന്നീ ഇനങ്ങളിൽ മത്സരം നടത്താൻ ഉദ്ദേശിക്കുന്നു. കഥ, കവിത ഇനങ്ങളിൽ ഏറ്റവും അടുത്ത കാലത്തെഴുതിയ ഒന്നോ രണ്ടോ രചനകളാണ് പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെയോ, വകുപ്പുതലവന്റെയോ സാക്ഷ്യപത്രത്തോടൊപ്പം പരിഗണനയ്ക്കായി സമർപ്പിക്കേണ്ടത്.**

**'നിരൂപണത്തിന്റെ മാറുന്ന മാനദണ്ഡങ്ങൾ' എന്ന വിഷയത്തെ മുൻനിർത്തി എ 4 സൈസ് പേപ്പറിൽ എട്ടിനും പത്തിനും ഇടയ്ക്ക് പേജുകൾ വരുന്ന ഒരു രചനയാണ് നിരൂപണത്തിൽ പരിഗണനയ്ക്കായി സ്ഥാപനമേധാവിയുടെയോ, വകുപ്പുതലവന്റെയോ സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കേണ്ടത്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായവർക്ക് യഥാക്രമം 5000, 3000, 2000 രൂപയാണ് സമ്മാനമായി നൽകപ്പെടുക.**

**സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ നൽകുന്ന വേദിയിൽവെച്ച് ഈ മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും നൽകപ്പെടുന്നതായിരിക്കും. രചനകൾ സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ – 680020 എന്ന വിലാസത്തിൽ 2017 ഏപ്രിൽ 15 – നകം ലഭിച്ചിരിക്കണം. കവറിനു പുറത്ത് 'സാഹിത്യമത്സര' ത്തിന് എന്ന് രേഖപ്പെടുത്തണം.**

# പാട്ടുചങ്ങല

**എം കൃഷ്ണദാസ്**

എത്രദിവസം ക്ലാസിൽ കയറാതെ അപ്പുറത്തൂന്നും ഇപ്പുറത്തൂന്നും ആളെക്കൂട്ടി തയ്യാറെടുത്തതാണ്. ഓരോ വിഭാഗത്തിൽ നിന്നും ഓരോ പരിപാടിയെന്ന് തീരുമാനിച്ചതിനാൽ യു പി വിഭാഗത്തിലേക്ക് അനുവദിച്ച പാട്ടുചങ്ങല ഞങ്ങൾ ഏറ്റെടുക്കുകയായിരുന്നു. എല്ലാ ഡിവിഷനിൽ നിന്നും ഒരുമാതിരിപാടുന്നവരെയെല്ലാം വിളിച്ചുചേർത്ത്. ആദ്യത്തെ സ്ക്രീനിങ്ങിൽ ഒന്നുരണ്ട് പെൺകുട്ടികളെ കിട്ടിയെങ്കിലും നാടൻപാട്ടാണെന്നറിഞ്ഞപ്പോൾ അവരെല്ലാം വലിഞ്ഞു. സ്കൂൾ വാർഷികത്തിന് ഇനി അധികം നാളില്ലെന്നതിനാൽ മേക്കപ്പ് ഐറ്റങ്ങൾക്ക് അധ്യാപികമാർ താത്പര്യം കാണിച്ചില്ല. എങ്കിലും ഞങ്ങളുടെ നാടൻ പാട്ടുസംഘം യു പി വിഭാഗത്തിന്റെ സാന്നിധ്യമറിയിച്ചോട്ടെയെന്ന് മൗനസമ്മതം തന്നു. അതോടെ ഞങ്ങടെ ഉത്തരവാദിത്തം കൂടി. ഏറ്റെടുത്ത പാട്ടുചങ്ങല സ്റ്റേജേറാതെ പറ്റില്ല. പെൺപാട്ടുകാരെ കിട്ടാഞ്ഞപ്പോഴും ഞങ്ങടെ ധൈര്യം യു പിയുടെ മുഹമ്മദ് റാഫി എന്ന് ഒന്നാം ക്ലാസുമുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ളവർ അരുമയോടെ വിളിക്കുന്ന സഹൽ ഉണ്ടെന്നതായിരുന്നു.

സഹലിന് പാട്ടെന്നാൽ ജീവനാണ്. അവന്റെ മൂത്താപ്പ നാട്ടിലെ അറിയപ്പെടുന്ന പാട്ടുകാരനാണ്. അദ്ദേഹം സ്വന്തമായി എഴുതി ഈണമിട്ട പാട്ടുകൾ നാട്ടിലെ ഏതു വിശേഷാവസരത്തിന്റെയും പ്രധാന ചേരുവയായിരുന്നു, ഒരു കാലത്ത്. മറ്റുള്ളവർ കൈയിലെ കലകൊണ്ട് നാലു കാശ് സമ്പാദിക്കുമ്പോൾ സമദ്ക്ക തന്റെ പാട്ട് നാട്ടാരെ കേൾപ്പിക്കാൻ കൈയീന്ന് കാശുകളഞ്ഞവനാണ്. അതുകൊണ്ട് മൂപ്പരുടെ പാട്ടിന് നാട്ടിലുള്ള പേര് വീട്ടിലില്ല.

സമദ്ക്കാന്റെ പാട്ടും സ്വരവും മുറിച്ചുവച്ചപോലെ കിട്ടീത് പേരക്കുട്ടി സഹലിനാണ്. പാട്ടുഭ്രമം നിമിത്തം സമദ്ക്കാ മൂത്തമകന് മുഹമ്മദ് റാഫി എന്നു പേരിട്ടിരുന്നെങ്കിലും പാട്ടിന്റെ ഗന്ധം മൂപ്പർക്ക് കിട്ടീട്ടില്ല. എന്നാൽ അയാളുടെ മകനായ സഹലിന് അത് വേണ്ടതിലധികം കിട്ടീട്ടുണ്ടെന്നത് ശരിയാണ്.

സഹലുണ്ടെന്ന ധൈര്യത്തിൽ ഞങ്ങൾ പാട്ടുചങ്ങലയുടെ പ്രാക്ടീസ് തുടങ്ങി. ഒഴിവുള്ള പീര്യേഡും ഒഴിവില്ലാത്ത പീര്യേഡും പിന്നെ പ്രാക്ടീസുതന്നെ. എവിടുന്നോ ഒപ്പിച്ച ഒരു പൊട്ടച്ചെണ്ടയും ഇലത്താളവുമായി രാവിലെ എത്തിയാലുടൻ ഞങ്ങൾ പന്ത്രണ്ടുപേർ നേരെ ജ്യോതിമാഷ്ടെ സ്റ്റോർറൂമിൽ കയറി പാട്ടു തുടങ്ങും. കലാഭവൻ മണി മുതൽ സകലരുടെയും പാട്ടെടുത്ത് ഞങ്ങൾ വീശും. ഞങ്ങൾ ക്ലാസിൽ കേറുന്നില്ലെന്നതിനെക്കാൾ ഞങ്ങളില്ലാത്ത ക്ലാസിൽ ഒന്നും നടക്കരുതെന്ന് ഞങ്ങൾക്ക് വാശിയുണ്ടായിരുന്നു. പാട്ടുചങ്ങലയിൽപ്പെട്ടതും പെടാത്തതുമായ പാട്ടുകൾ ചെണ്ടയും ഇലത്താളവും പരമാവധി ഉറക്കെക്കൊട്ടി ഞങ്ങൾ തൊണ്ട കീറി പാടി. പാട്ടുചങ്ങല സ്റ്റേജിൽ കയറണമല്ലോ എന്നു കരുതി അധ്യാപകരാരും ചൂരലുമായി ആ വഴി വന്നില്ല.

ആഴ്ചകൾ നീണ്ട പരിശീലനത്തിനൊടുവിൽ ആ സുദിനം വന്നു. പഠനസമയം ഒട്ടും കളയരുതെന്നതിനാൽ സ്കൂൾവാർഷികത്തിന്റെ അന്നും ഉച്ചവരെ പഠനമുണ്ടായിരുന്നു.

ഉച്ചയ്ക്കു വിട്ട ഉടൻ കുട്ടികളെല്ലാം വീട്ടിലേക്കോടി പുസ്തകസഞ്ചി ഉമ്മറത്തേക്കിട്ട് സ്കൂളിലേക്കുതന്നെ തിരിച്ചുപോന്നു. അവിടെയാണ് പിഴച്ചത്. വീട്ടിലേക്കു

**സഹലുണ്ടെന്ന ധൈര്യത്തിൽ ഞങ്ങൾ പാട്ടുചങ്ങലയുടെ പ്രാക്ടീസ് തുടങ്ങി. ഒഴിവുള്ള പീര്യേഡും ഒഴിവില്ലാത്ത പീര്യേഡും പിന്നെ പ്രാക്ടീസുതന്നെ. എവിടുന്നോ ഒപ്പിച്ച ഒരു പൊട്ടച്ചെണ്ടയും ഇലത്താളവുമായി രാവിലെ എത്തിയാലുടൻ ഞങ്ങൾ പന്ത്രണ്ടുപേർ നേരെ ജ്യോതിമാഷ്ടെ സ്റ്റോർറൂമിൽ കയറി പാട്ടു തുടങ്ങും. കലാഭവൻ മണിമുതൽ സകലരുടെയും പാട്ടെടുത്ത് ഞങ്ങൾ വീശും.**



വര: ബാബുരാജൻ

പോയ ഞങ്ങളുടെ സഹലിനെ സ്കൂളിലേക്കു തിരികെ വിട്ടില്ല. പാട്ടുചങ്ങലയിൽ ഉള്ള കാര്യം അവൻ പറഞ്ഞിരുന്നില്ല. അല്ല, പറഞ്ഞിട്ടും കാര്യമില്ല. അവിടെയുള്ളവരാരും അതിന് സമ്മതം കൊടുക്കില്ല. പാട്ടെന്നു കേട്ടാൽ ആ വീട്ടിൽ ആട്ടാണ്. അതുകൊണ്ടാണ് പാട്ടുചങ്ങലയിൽ ചേർന്ന കാര്യം അവൻ പൂഴ്ത്തിവച്ചത്.

ഏകദേശം അഞ്ചുമണിയോടെ സ്റ്റേജിൽ പരിപാടികൾ തുടങ്ങാൻ ആഗ്രഹിച്ചിരുന്നെങ്കിലും വിശിഷ്ടാതിഥികൾ എത്തിയപ്പോഴേക്കും നേരമിരുട്ടി. അതുകൊണ്ട് അത്രയും നേരം കിട്ടിയെങ്കിലും ഞങ്ങൾ പാട്ടുചങ്ങലക്കാർക്ക് ആശ്വാസം ആയില്ല. സഹൽ എത്തിയില്ല എന്നതു തന്നെ കാരണം.

അധ്യാപകർ ചിലർ സഹലിന്റെ വീട്ടിലേക്ക് വിളിച്ചെങ്കിലും അനുകൂലമായ മറുപടിയല്ല അവന്റെ വീട്ടിൽ നിന്നു കിട്ടിയതെന്ന് അവരുടെ മുഖത്തുനിന്ന് ഞങ്ങൾക്ക് മനസ്സിലായി. ഞങ്ങളുടെ കൂട്ടത്തിലെ ധൈര്യശാലികളായ അഭിജിത്തും മിഥുനും സൈക്കിളെടുത്ത് സഹലിന്റെ വീട്ടിലേക്ക് ചെന്നെങ്കിലും വീട്ടിലെ സംഘർഷാവസ്ഥ കണ്ട് അവർ പോയപോലെ തിരികെ പോന്നു.

എൽ പി ക്കാരുടെ ഇരുപതു മിനിട്ട് നീണ്ടുനിൽക്കുന്ന വെൽക്കം ഡാൻസുകളുടെ കോമ്പല കഴിഞ്ഞാൽ പിന്നെ, ഞങ്ങളുടെ പാട്ടുചങ്ങല സ്റ്റേജിൽ കേറേണ്ടതാണ്. പൊതുയോഗം കഴിഞ്ഞ് എൽ പി ക്കാർ വരിവരിയായി സ്റ്റേജിനു പിന്നിൽ അണിനിരന്നു. സ്കൂൾസ്റ്റേജിലെ സ്ഥിരം അനൗൺസറായ യൂസഫ് മാസ്റ്റർ എൽ പി ക്കാരുടെ ഡാൻസ് കോമ്പലയെ വർണിച്ചു തുടങ്ങി. ഒപ്പം ഞങ്ങളുടെ പാട്ടുചങ്ങലയുടെ വരവറിയിക്കുന്നുണ്ട്.


ഞങ്ങളുടെ കഥയാണ് കഷ്ടം. സ്റ്റേജിനോടു ചേർന്നുള്ള ചവിട്ടുപടികളിൽ സഹലൊഴിച്ചുള്ള പതിനൊന്നുപേർ തത്ത ചത്ത കാക്കാത്തിയെപ്പോലെ തല കുമ്പിട്ടിരുന്നു.

എൽ പി ക്കാരുടെ ഡാൻസ് തകൃതിയായി നടക്കുന്നു. ഞങ്ങളുടെ പാട്ടുചങ്ങല ഉടനെ സ്റ്റേജിനെ ഇളക്കിമറിക്കുന്ന വിവരം മാഷ് വാക്ധോരണിയാൽ മുന്നറിയിപ്പു നൽകുന്നു. മറ്റെല്ലാ മാഷ്മാരുടെയും വിചാരം സഹലില്ലെങ്കിലും ബാക്കി പതിനൊന്നുപേർ സ്റ്റേജിൽ എന്തെങ്കിലും കാട്ടുമെന്നാണ്. സഹലില്ലെങ്കിൽ ഞങ്ങളുടെചെണ്ട പോലും മിണ്ടില്ലെന്ന കാര്യം ഞങ്ങൾക്കല്ലേ അറിയൂ.

എൽ പി ക്കാരുടെ ഡാൻസ് കഴിഞ്ഞു. ഇനി ഞങ്ങളുടെ ഊഴമാണ്. ഞങ്ങൾ അവതരിപ്പിക്കുന്നില്ലെന്ന് തീരാസങ്കടത്തോടെ പറയാൻ പതിനൊന്നു പേർ ഒപ്പം എഴുന്നേൽക്കുമ്പോൾ, സ്റ്റേജിനു മുകളിലെ മെർക്കുറി വെളിച്ചത്തിന്റെ പൊൻപ്രഭയിൽ ഗേറ്റു കടന്നുവരുന്ന സഹലിനെയും മൂത്താപ്പയെയും ഞങ്ങൾ മകരവിളക്കു പോലെ കണ്ടു.

# കല്ലുവും പൊന്നുവും

ദിവാകരൻ വിഷ്ണുമംഗലം



വര: ആശ ആർ

ഒരു കുട്ടി പോകുന്നു പൊന്നിന്റെ മാലയി-
ട്ടൊരു കുട്ടിയിട്ടതോ കല്ലുമാല
അവരെന്നും സ്കൂളിലേക്കൊന്നിച്ചുപോകുമാ-
കുളിരാർന്ന കുന്നിൻ ചെരിവിലൂടെ.

ഒരു ദിനം ആ വഴി കള്ളനെത്തി
പൊന്നിട്ട കുട്ടിയെ കൊണ്ടുപോയി
അവളുടെ നിലവിളി കേൾക്കയായീ
മലയുടെ താഴ്‌വാരമെങ്ങുമെങ്ങും.

അതുകേൾക്കെയതിവേഗമോടിയെത്തീ
അവളുടെ പൊന്നോമൽ കൂട്ടുകാരി
കല്ലുറപ്പുള്ള മനസ്സുമായ്ച്ചെന്നവൾ
കള്ളനെ നേരിട്ടു ധീരധീരം.

കല്ലിന്റെ മാലയണിഞ്ഞവളങ്ങനെ
പൊന്നിട്ട കുട്ടിയെ വീണ്ടെടുത്തു.
അതുകണ്ടു മാമരക്കൂട്ടവും കിളികളും
പുഴകളും പൂക്കളും പുളകമാർന്നു.

കഥ

# വീണ്ടും വീണ്ടും കരയാൻ

അഖിൽ എം എസ്

കുട്ടിയെ അമ്മ തല്ലി.

അവന്റെ തുടയിൽ ചുവന്ന വര വീണു.

''മണ്ണിൽ കളിച്ചാൽ ഇനിയും കിട്ടും.''

അമ്മ ദേഷ്യത്തോടെ ആരോടെന്നില്ലാതെ പറഞ്ഞുകൊണ്ടിരുന്നു.

അവൻ കുറച്ചുനേരം കരഞ്ഞു.

പിന്നീട് ജനാലയ്ക്കരികിൽ ചെന്നുനിന്നു.

മഴ ചാറുന്നുണ്ട്.

വെള്ളത്തുള്ളികൾ വീണു നനയുന്ന മരത്തലപ്പുകൾ.

ഫ്ളാറ്റിലെ മറ്റു കുട്ടികളുടെ ബഹളങ്ങൾ.

മഴച്ചാറ്റൽ അവന്റെ മുഖത്തേക്കു വീണു.

കുട്ടി സന്തോഷത്തോടെ പുറത്തേക്കു കൈകൾ ഏന്തിച്ചു വെള്ളം ചീറ്റി.

പെട്ടെന്ന്...

പിന്നിൽ എന്തോ ശബ്ദം, തുടയിൽ അടി വീണതും ഒരുമിച്ചായിരുന്നു.

''മഴ നനഞ്ഞിട്ടു വേണമല്ലേ ഓരോന്ന് ഉണ്ടാക്കി വയ്ക്കാൻ...''

അവൻ വീണ്ടും കരയാൻ തുടങ്ങി.



വര: സജി വി

# അഴകുള്ള പൂമൊട്ടിന്റെ കഥ

സിപ്പി പള്ളിപ്പുറം

യൂറോപ്പിലെ ഒരു ദരിദ്രരാജ്യമാണ് അൽബേനിയ. അവിടത്തെ ഒരു കർഷകകുടുംബത്തിൽ വർഷങ്ങൾക്കുമുമ്പ് ഒരു 'അഴകുള്ള പൂമൊട്ട്' ജന്മമെടുത്തു. മാതാപിതാക്കൾ 'ആഗ്നസ്' എന്നാണ് അവൾക്കു പേരിട്ടത്. എങ്കിലും ഇളയമകളായതുകൊണ്ട് 'ഹോംഗ്സ്' എന്ന ഓമനപ്പേരും അവർ അവൾക്കു നൽകിയിരുന്നു. അവരുടെ ഭാഷയിൽ ആ പദത്തിന് 'അഴകുള്ള പൂമൊട്ട്' എന്നായിരുന്നു അർഥം.

ഹോംഗ്സിന് ലാസറെന്നു പേരുള്ള ഒരു ചേട്ടനും, ഏജ് എന്നുപേരുള്ള ഒരു ചേച്ചിയും ഉണ്ടായിരുന്നു. കുട്ടിക്കാലം മുതൽ തന്നെ നല്ല അനുസരണയിലും അച്ചടക്കത്തിലും ദൈവഭക്തിയിലുമാണ് മാതാപിതാക്കൾ മൂന്നുപേരെയും വളർത്തിക്കൊണ്ടുവന്നത്. എങ്കിലും ചെറിയ കുറ്റങ്ങളും കുറവുകളും കുസൃതിത്തരങ്ങളുമൊക്കെ അവരിൽ കാണാമായിരുന്നു.

ഭക്ഷണക്കാര്യത്തിൽ വളരെ തത്പരരായിരുന്നു ലാസറും ഏജും. ലാസറിനും ഏജിനും മധുരപലഹാരങ്ങളോടായിരുന്നു കൂടുതൽ പ്രിയം. ഏജിന് പ്രത്യേകിച്ചും കേക്കിനോട്.

അമ്മ പുറത്തിറങ്ങുന്ന തക്കം നോക്കി ലാസറും ഏജും ചേർന്ന് അവിടത്തെ പലഹാരപ്പുര കാലിയാക്കും.

എന്നാൽ 'ഹോംഗ്സ്' ഒരിക്കലും ഇത്തരം പ്രവൃത്തികളിൽ അവരോടൊപ്പം ചേരാൻ ഇഷ്ടപ്പെട്ടില്ല. ചേട്ടന്റെയും ചേച്ചിയുടെയും ഈ അച്ചടക്കമില്ലായ്മ അവളെ വളരെയേറെ വേദനിപ്പിച്ചു.

'മക്കളേ, ആരും കാണില്ലെന്നു വിചാരിച്ച് തെറ്റുചെയ്യാൻ നിങ്ങൾ ഒരിക്കലും ഒരുമ്പെടരുത്' എന്ന അമ്മയുടെ വാക്കുകൾ എപ്പോഴും അവളുടെ ഓർമയിലുണ്ടായി



വര: സുധീർ പി വൈ

രുന്നു.

ഒരുദിവസം ലാസറും ചേച്ചിയും തങ്ങളുടെ അധ്യാപകരുടെയും കൂട്ടുകാരുടെയും കുറ്റങ്ങൾ നിരത്തി പരിഹസിക്കവേ ഹോംഗ്സ് അവിടേക്കു കയറിച്ചെന്നു.

നിർഭാഗ്യമെന്നു പറയട്ടെ കുറച്ചുനേരത്തേക്ക് അവളും ഇതിൽ പങ്കാളിയായി. എന്നാൽ ഇവരുടെ പ്രവൃത്തികൾ തൊട്ടപ്പുറത്തെ മുറിയിൽ ജോലി ചെയ്തുകൊണ്ടിരുന്ന അമ്മ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. തുണിയിൽ പലവിധ ചിത്രവേലകൾ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു അവർ. ഇതിനിടയിൽ പെട്ടെന്ന് ലാസറിന്റെയും ഏജിന്റെയും ഹോംഗ്സിന്റെയും മുറിക്കകത്തെ വെളിച്ചം അണഞ്ഞു പോയി. പേടിച്ചരണ്ട കുട്ടികൾ അമ്മയ്ക്കരികിലേക്ക് ഓടിയെത്തി

അത്ഭുതം! അമ്മയുടെ മുറിയിൽ അപ്പോഴും എല്ലാ ദീപങ്ങളും കൂടുതൽ ശോഭയോടെ തെളിഞ്ഞുനിൽക്കുന്നുണ്ടായിരുന്നു. തൊട്ടടുത്ത വീടുകളിലും വെളിച്ചത്തിന് ഒരു കുറവും ഉണ്ടായിരുന്നില്ല. അതുകണ്ട് മക്കൾ ചോദിച്ചു.

''അമ്മേ ഇതെന്താണ് ഞങ്ങളുടെ മുറിയിൽ മാത്രം വെളിച്ചമില്ലാത്തത്? മറ്റെല്ലായിടത്തും വെളിച്ചമുണ്ടല്ലോ?''

''നിങ്ങളുടെ മുറിയിൽ എങ്ങനെ വെട്ടമുണ്ടാകാനാണ്?''

അമ്മ അൽപ്പം നീരസം കലർന്ന മട്ടിൽ ചോദിച്ചു. മക്കൾ മൂവരും വായ്പിളർന്ന് അന്തിച്ചുനിന്നു.

''ങും, അതെന്താ?''

കുട്ടികൾ ആരാഞ്ഞു.

''സ്വന്തം ജോലികൾ ചെയ്യാതെ മറ്റുള്ളോരെ പുച്ഛിക്കുന്ന ജോലിയല്ലേ നിങ്ങളുടേത്?''

അമ്മ വീണ്ടും ചോദിച്ചു.

അമ്മയുടെ ചോദ്യത്തിനു മുന്നിൽ മക്കൾ പകച്ചുനിന്നു. അമ്മ വിശദമാക്കി.

''മക്കളേ, മറ്റുള്ളവരെ പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവരുടെ മുറിയിൽ ഒരിക്കലും വെട്ടമുണ്ടാവുകയില്ല. അങ്ങനെയുള്ളവർക്ക് എന്നും ഇരുട്ടിൽ ത്തന്നെ കഴിയേണ്ടിവരും.''

അമ്മയുടെ സംസാരം കേട്ട് മൂവരും തലതാഴ്ത്തി നിന്നു. തങ്ങൾ ചെയ്തത് വലിയൊരു അപരാധമാണെന്ന് അവർക്കു ബോധ്യമായി. അവർ ഒരേസ്വരത്തിൽ പറഞ്ഞു.

''ഇല്ല മേലിൽ ഞങ്ങൾ ആരെയും പരിഹസിക്കുകയില്ല!''

'അഴകുള്ള പൂമൊട്ട്' അമ്മയുടെ കാലുകൾ തൊട്ടു വണങ്ങി. അമ്മയുടെ ചുണ്ടിൽ ഒരു നേർത്ത പുഞ്ചിരി വിടർന്നു.

ഈ അഴകുള്ള പൂമൊട്ടിനെ നിങ്ങൾക്കു മനസ്സിലായില്ലേ?

ആ ഹോംഗ്സാണ് പിന്നീട് ആഗ്നസും ഒടുവിൽ മദർ തെരേസയുമായി മാറിയത്. ആ മദർ തെരേസയാണ് ഇപ്പോൾ വിശ്വം നമിക്കുന്ന പുണ്യവതിയായി നമ്മുടെ മുന്നിൽ നിൽക്കുന്നത്.

ജീവിതത്തിൽ നന്മയുടെ മാർഗത്തിലൂടെ സഞ്ചരിച്ച മദർതെരേസ എന്നും നമുക്ക് മാർഗദർശിയായിരിക്കും.



**എന്നാൽ ഇവരുടെ പ്രവൃത്തികൾ തൊട്ടപ്പുറത്തെ മുറിയിൽ ജോലി ചെയ്തുകൊണ്ടിരുന്ന അമ്മ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഇതിനിടയിൽ പെട്ടെന്ന് ലാസറിന്റെയും ഏജിന്റെയും ഹോംഗ്സിന്റെയും മുറിക്കകത്തെ വെളിച്ചം അണഞ്ഞു പോയി. പേടിച്ചരണ്ട കുട്ടികൾ അമ്മയ്ക്കരികിലേക്ക് ഓടിയെത്തി.**

പുസ്തക
പരിചയം






# ഹെയ്ദി

**റ്റി ആർ രാധികാദേവി**

**ലോകബാലസാഹിത്യത്തിലെ ഒരു ക്ലാസിക് ആണ് ജൊഹനാ സ്പൈറി എഴുതിയ ഹെയ്ദി എന്ന നോവൽ. ദുഃശീലങ്ങളുടെ ഉറവിടമായിരുന്ന ആം അമ്മാവനും അയാളുടെ പേരക്കുട്ടിയായ ഹെയ്ദിയുമാണ് പ്രധാന കഥാപാത്രങ്ങൾ. നന്മയുള്ള നിരവധി കഥാപാത്രങ്ങൾ നിറഞ്ഞ ഈ നോവൽ ഏതൊരാൾക്കും ലോകത്തെക്കുറിച്ച് ശുഭപ്രതീക്ഷ നൽകും.**

ഒരിക്കൽ വായിച്ചാൽ വീണ്ടും വീണ്ടും വായിക്കാൻ തോന്നുന്ന നിരവധി പുസ്തകങ്ങളുണ്ട്. ചെറുപ്പകാലത്ത് നെഞ്ചോടുചേർത്തുവച്ച പുസ്തകങ്ങൾ, കാലം എത്ര കഴിഞ്ഞിട്ടും വശ്യത ഒട്ടും മായാതെ വീണ്ടും വീണ്ടും വായിക്കാൻ അവ നമ്മെ പ്രേരിപ്പിക്കുന്നു. അത്തരത്തിലുള്ള ഒരു പുസ്തകമാണ് ജൊഹനാ സ്പൈറി രചിച്ച *ഹെയ്ദി.* ലോക ക്ലാസിക്കുകളിൽ ഇന്നും കുട്ടികളും മുതിർന്നവരും ഒരുപോലെ വായിക്കാൻ ഇഷ്ടപ്പെടുന്ന ഒരു പുസ്തകം.

തന്റെ നാടിനെയും ആൽപ്സ് പർവതത്തെയും ഒരുപാടു സ്നേഹിച്ച സ്വിസ് എഴുത്തുകാരിയായിരുന്നു ജൊഹനാ സ്പൈറി. ഫ്രാങ്കോ-റഷ്യൻ യുദ്ധത്തിൽ പരിക്കേറ്റ പട്ടാളക്കാരുടെ ചികിത്സയ്ക്കായുള്ള ധനം ശേഖരിക്കുക എന്ന ലക്ഷ്യമായിരുന്നു ഈ രചനയ്ക്കു പിന്നിൽ. സ്പൈറിയുടെ മറ്റു പല രചനകളെക്കാൾ ലോകശ്രദ്ധപിടിച്ചുപറ്റുവാൻ ഈ നോവലിനു സാധിച്ചു. ലോകസാഹിത്യത്തിലെതന്നെ മികച്ച നോവലുകളിൽ ഒന്നാണ് ഇത്.

സ്നേഹത്തിന്റെയും നന്മയുടെയും കഥ പറയുന്ന ഈ നോവലിലെ കേന്ദ്രകഥാപാത്രമാണ് ഹെയ്ദി. സ്നേഹിക്കാൻ മാത്രം അറിയാവുന്ന അവൾ തന്റെ സാമീപ്യത്തിലൂടെ ചുറ്റുമുള്ളവർക്ക് സ്നേഹവും സന്തോഷവും പകർന്നുനൽകുന്നു.

ഹെയ്ദിയുടെ മുത്തച്ഛനായിരുന്നു ആം. ഹെയ്ദിയുടെ അച്ഛൻ തോബിയാസിന്റെ പിതാവ്. ആംഅമ്മാവൻ എന്നായിരുന്നു ഗ്രാമവാസികൾ അയാളെ വിളിച്ചിരുന്നത്. കയ്പേറിയ അനുഭവങ്ങൾ നിറഞ്ഞ ഭൂതകാലജീവിതത്തിന്റെ ഓർമകൾ അയാളെ സദാ അലട്ടിയിരുന്നു. അതുകൊണ്ടുതന്നെ എല്ലാവരിൽനിന്നും അകന്ന്, ആരോടും ചങ്ങാത്തത്തിനു പോകാതെ ആൽപ്സ് പർവതപ്രദേശത്തെ ഒരു ചെറുകുടിലിൽ അയാൾ ഏകനായി താമസിച്ചുവരികയായിരുന്നു.

ദുഃശീലങ്ങളുടെ ഉറവിടമായിരുന്ന ആംമിന്റെ ചെയ്തികളിൽ മനംനൊന്ത് മാതാപിതാക്കൾ മരിക്കുകയും ഏക അനുജൻ നാടുവിടുകയും ചെയ്തു. അവശേഷിച്ച സ്വത്തുക്കളെല്ലാം വിറ്റ് അയാളും അവിടംവിട്ടു. തുടർന്ന് പട്ടാളത്തിൽ ചേർന്ന ആം നാളുകൾ കഴിഞ്ഞ് ഒരു കൈക്കുഞ്ഞുമായി തിരിച്ചെത്തി. കുട്ടിയെ ആരെയെങ്കിലും ഏൽപ്പിച്ച് മടങ്ങുവാനായാണ് അയാൾ എത്തിയത്. എന്നാൽ അയാളുടെ സ്വഭാവം നന്നായറിയാവുന്ന ഗ്രാമവാസികൾ

ആരും കുട്ടിയെ ഏറ്റെടുക്കുവാൻ തയ്യാറായില്ല. അങ്ങനെ അയാൾ ആ ഗ്രാമംവിട്ട് ഡോർഫ്ളി എന്ന സ്ഥലത്ത് മകനോടൊപ്പം സ്ഥിരതാമസമായി.

ആംമിന്റെ കഥകൾ കേട്ടവരാരും അയാളോടു ചങ്ങാത്തം കൂടാൻ തയ്യാറായില്ല. എന്നാൽ മകൻ തോബിയാസ് അവർക്കെല്ലാം പ്രിയങ്കരനായിരുന്നു. താമസിയാതെ തോബിയാസ് വിവാഹിതനാവുകയും അയാൾക്ക് ഒരു പെൺകുഞ്ഞ് ജനിക്കുകയും ചെയ്തു. അവളാണ് ഹെയ്ദി. സന്തോഷകരമായിരുന്ന അവരുടെ ജീവിതത്തിൽ പെട്ടെന്നാണ് കാർമേഘം വന്നുമൂടിയത്. ഒരു അപകടത്തിൽ തോബിയാസ് മരിക്കുന്നു. ആഘാതം താങ്ങാനാവാതെ ഹെയ്ദിയുടെ അമ്മയും യാത്രയായി. ഒടുവിൽ കുഞ്ഞുഹെയ്ദിക്ക് തുണ മുത്തച്ഛൻ മാത്രമായി. ഇതിനെല്ലാം കാരണം താൻ ചെയ്ത പാപകർമങ്ങളാണെന്ന് ആം ഉറച്ചുവിശ്വസിച്ചു.

ഹെയ്ദിയെ എങ്ങനെ പോറ്റുമെന്ന ശങ്കയിലിരിക്കെ അവളുടെ അമ്മയുടെ സഹോദരി ഡെറ്റി അവളുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കാൻ തയ്യാറായി. അങ്ങനെ ഹെയ്ദിയെയും കൂട്ടി ഡെറ്റി ജീവിച്ചു തുടങ്ങി. ആയിടയ്ക്കാണ് കൂടുതൽ മെച്ചപ്പെട്ട ജോലി ഫ്രാങ്ക്ഫെർട്ടിൽ ഡെറ്റിക്കു ലഭിക്കുന്നത്. ഹെയ്ദിയെയും കൂട്ടി ജോലിക്കുപോകാൻ ഡെറ്റിക്കു സാധിക്കുമായിരുന്നില്ല. അതോടെ അഞ്ചു വയസ്സുകാരിയായ ഹെയ്ദിയെ അവളുടെ മുത്തച്ഛനായ ആംമിനെ തിരിച്ചേൽപ്പിക്കാൻ ഡെറ്റി തീരുമാനിച്ചു. ഹെയ്ദിയെയും കൂട്ടി ഡെറ്റി ആംഅമ്മാവന്റെ കുടിലിലേക്കു വരുന്നതോടെയാണ് നോവൽ ആരംഭിക്കുന്നത്.

ആംമിന്റെ വീട്ടിലേക്കുള്ള വഴിമധ്യേ ഹെയ്ദിക്ക് ഒരു കൂട്ടുകാരനെ കിട്ടി. പീറ്റർ. ഒരു ആട്ടിടയനായിരുന്നു അവൻ. ഹെയ്ദിയെ മുത്തച്ഛന്റെ വീട്ടിലാക്കി ഡെറ്റി മടങ്ങുന്നു. ആദ്യം ആംഅമ്മാവൻ ഹെയ്ദിയെ ശ്രദ്ധിച്ചില്ലെങ്കിലും പതുക്കെപ്പതുക്കെ ആ അഞ്ചു വയസ്സുകാരിയുടെ സ്നേഹത്തിനുമുമ്പിൽ മുത്തച്ഛൻ കീഴടങ്ങുന്നു.

ഇതിനിടയിൽ പീറ്ററും കുടുംബവുമായി ഹെയ്ദി അടുക്കുന്നു. പീറ്ററിനോടൊപ്പം സ്കൂളിൽ പോകുവാൻ അവൾക്കാഗ്രഹമുണ്ടെങ്കിലും ആംഅമ്മാവൻ അതിന് അനുവദിച്ചില്ല. എന്നാൽ അതിൽ അവൾക്കു മുത്തച്ഛനോട് യാതൊരു പരിഭവവുമുണ്ടായിരുന്നില്ല. മുത്തച്ഛനോടൊപ്പം സന്തോഷത്തോടെ ജീവിച്ചു വരികേ ഒരു സുപ്രഭാതത്തിൽ ഹെയ്ദിയെ കൂട്ടിക്കൊണ്ടുപോകുവാനായി ഡെറ്റി തിരിച്ചെത്തി. ഹെയ്ദിയില്ലാത്ത ജീവിതം ആംഅമ്മാവന് ഹൃദയഭേദകമായിരുന്നു. ഇതേച്ചൊല്ലി ആംഅമ്മാവനും ഡെറ്റിയും തമ്മിൽ വാഗ്വാദം വരെയുണ്ടായി. ഒടുവിൽ ഡെറ്റി അവളെ കൂട്ടിക്കൊണ്ടുപോവുകതന്നെ ചെയ്തു. ധനാഢ്യനായ ഒരു ബിസിനസ്സുകാരന്റെ മകൾക്ക് കളിക്കൂട്ടുകാരിയായിട്ടാണ് ഡെറ്റി ഹെയ്ദിയെ കൊണ്ടുപോയത്.

സെസിമൻ എന്നായിരുന്നു ആ ബിസിനസ്സുകാരന്റെ പേര്. ഭാര്യ മരിച്ച അയാളുടെ ഏക മകളാണ് ക്ലാര. പന്ത്രണ്ടു വയസ്സുകാരിയായ അവൾ ചക്രക്കസേരയിലായിരുന്നു ജീവിതം തള്ളിനീക്കിയിരുന്നത്. ബിസിനസ് തിരക്കിനിടയിൽ പലപ്പോഴും മകൾക്കൊപ്പം സമയം ചെലവഴിക്കാൻ അയാൾക്കു സാധിച്ചിരുന്നില്ല. അവളുടെ എല്ലാ കാര്യങ്ങളും നോക്കാൻ വീട്ടിൽ പരിചാരകരുണ്ടെങ്കിലും ഏകാന്തത മകളെ അലട്ടുന്നതായി സെസിമൻ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് അവൾക്കുവേണ്ടി ഒരു കളിക്കൂട്ടുകാരിയെ അന്വേഷിക്കാൻ തുടങ്ങിയത്. ഒടുവിൽ ആ അന്വേഷണം ചെന്നുനിന്നതോ ഹെയ്ദിയിലും.

**ക്ലാരയുടെ വീട്ടിലെത്തിയ ഹെയ്ദിക്ക് എല്ലാം അമ്പരപ്പായിരുന്നു. വലിയ ബംഗ്ലാവും ഹൗസ്കീപ്പറായ റോട്ടൻമിയറും മറ്റു പരിചാരകരും അഷർ എന്ന അധ്യാപകനും അവളെ മറ്റേതോ ലോകത്താണ് കൊണ്ടെത്തിച്ചത്. ഗ്രാമത്തിൽ ജീവിച്ച അവൾക്ക് എന്തു ചെയ്യണമെന്നോ എങ്ങനെ പെരുമാറണമെന്നോ അറിയില്ലായിരുന്നു. അതുകൊണ്ടുതന്നെ മനഃപൂർവമല്ലെങ്കിലും അവളുടെ ചെയ്തികൾ വികൃതികളായി മാറി.**

ക്ലാരയുടെ വീട്ടിലെത്തിയ ഹെയ്ദിക്ക് എല്ലാം അമ്പരപ്പായിരുന്നു. വലിയ ബംഗ്ലാവും ഹൗസ്കീപ്പറായ റോട്ടൻമിയറും മറ്റു പരിചാരകരും അഷർ എന്ന അധ്യാപകനും അവളെ മറ്റേതോ ലോകത്താണ് കൊണ്ടെത്തിച്ചത്. ഗ്രാമത്തിൽ ജീവിച്ച അവൾക്ക് എന്തു ചെയ്യണമെന്നോ എങ്ങനെ പെരുമാറണമെന്നോ അറിയില്ലായിരുന്നു. അതുകൊണ്ടുതന്നെ മനഃപൂർവമല്ലെങ്കിലും അവളുടെ ചെയ്തികൾ വികൃതികളായി മാറി. ഇത്തരം പ്രവൃത്തികളൊന്നും റോട്ടൻമിയറിന് തീരെ ഇഷ്ടമായില്ല. ഇവ ക്ലാരയെ സ്വാധീനിക്കുമോ എന്ന് റോട്ടൻമിയർ ഭയന്നു. അവർ സെസിമനെ വീട്ടിലേക്കു വിളിച്ചുവരുത്തുകയും ഹെയ്ദിയെക്കുറിച്ചുള്ള

പരാതികൾ നിരത്തുകയും ചെയ്തു. എന്നാൽ റോട്ടൻമിയറുടെ വാക്കുകൾ അപ്പാടെ വിശ്വസിക്കുവാൻ സെസിമൻ തയ്യാറായിരുന്നില്ല. അതുകൊണ്ടുതന്നെ ക്ലാരയിൽ നിന്നും ഹെയ്ദിയിൽ നിന്നും അയാൾ തന്ത്രപൂർവം കാര്യങ്ങൾ മനസ്സിലാക്കി. റോട്ടൻമിയർ കരുതുന്നപോലെ ഹെയ്ദി അപകടകാരിയല്ലെന്നും അവളെ വിഷമിപ്പിക്കരുതെന്നും പറഞ്ഞ് സെസിമൻ അവരെ ആശ്വസിപ്പിക്കുന്നു. മാത്രവുമല്ല ക്ലാരയ്ക്ക് ഏറെ പ്രിയങ്കരിയാണ് ഹെയ്ദി എന്നും സെസിമൻ മനസ്സിലാക്കിയിരുന്നു.

അങ്ങനെയിരിക്കെയാണ് ക്ലാരയുടെ മുത്തശ്ശിയുടെ വരവ്. പേരക്കുട്ടിയുടെ പുതിയ കൂട്ടുകാരിയെ മുത്തശ്ശിക്കും ഏറെ ഇഷ്ടമായി. ഹെയ്ദിക്ക് എഴുതുവാനും വായിക്കുവാനും അറിയില്ല എന്നത് മുത്തശ്ശിയെ അദ്ഭുതപ്പെടുത്തി. മുത്തശ്ശി അവളെ അക്ഷരങ്ങൾ പഠിപ്പിച്ചു. ചിത്രപുസ്തകങ്ങളിലെയും ബൈബിളിലെയും കഥകൾ പറഞ്ഞുകൊടുത്തു. ഇതെല്ലാം ഹെയ്ദിക്ക് പുത്തൻ അനുഭവങ്ങളായി. തന്റെ ഹ്രസ്വസന്ദർശനത്തിനു ശേഷം മുത്തശ്ശി മടങ്ങുമ്പോൾ ക്ലാരയോടൊപ്പം ഹെയ്ദിയുടെ മനസ്സും തേങ്ങി.

വലിയ ബംഗ്ലാവിലെ താമസവും ഇഷ്ടഭക്ഷണവും ക്ലാരയുടെ സൗഹൃദവും എല്ലാം ഉണ്ടായിട്ടും അങ്ങുദൂരെ ആൽപ്സ് പർവതനിരകൾക്കപ്പുറമുള്ള തന്റെ കൊച്ചുഗ്രാമത്തിന്റെ ഓർമകൾ ഹെയ്ദിയെ സദാ അലട്ടാൻ തുടങ്ങി. നാൾക്കുനാൾ കഴിയുന്തോറും ആ ചിന്തകൾ അവളുടെ ആരോഗ്യത്തെ തകർത്തു. അവളിൽ വന്ന മാറ്റം സെസിമൻ ശ്രദ്ധിച്ചു. അദ്ദേഹം അവളെ ക്ലാരയുടെ ഡോക്ടറെ കാണിച്ചു. മുത്തച്ഛന്റെ ഗ്രാമത്തിൽ അദ്ദേഹത്തിനരികിൽ തിരികെപോകാൻ വെമ്പൽ കൊള്ളുന്ന ആ മനസ്സു കാണാൻ ഡോക്ടർക്കു കഴിഞ്ഞു. അദ്ദേഹമത് സെസിമനെ അറിയിച്ചു.

'അവളെ നാട്ടിലേക്കു വിടുക. അല്ലെങ്കിൽ അവളുടെ ആരോഗ്യം വീണ്ടും മോശമാകും. ആരോഗ്യം വീണ്ടെടുത്ത ശേഷം വേണമെങ്കിൽ അവളെ മടക്കിക്കൊണ്ടുവരാം.'



അദ്ദേഹം പറഞ്ഞു.

ക്ലാരയെ പറഞ്ഞു മനസ്സിലാക്കിക്കുവാൻ സെസിമൻ ഒരുപാടു കഷ്ടപ്പെട്ടു. ക്ലാരയെ വിട്ടുപിരിയുന്നതിൽ ഹെയ്ദിക്കും വിഷമമായിരുന്നു.

'അസുഖം മാറിയശേഷം ഹെയ്ദി തിരിച്ചുവരും. അല്ലെങ്കിൽ നമുക്ക് അവളുടെ അടുത്തേക്കു പോകാം.'

സെസിമൻ ക്ലാരയ്ക്കു വാക്കുകൊടുത്തു. ഒരുപാടു സമ്മാനങ്ങളുമായാണ് സെസിമൻ അവളെ യാത്രയാക്കിയത്.

ഹെയ്ദിയുടെ അപ്രതീക്ഷിതവരവ് മുത്തച്ഛനെ സന്തോഷവാനാക്കി. തനിക്കവളെ വീണ്ടും നഷ്ടപ്പെടുമോ എന്ന് ഭയക്കാതെയുമിരുന്നില്ല. അവളുടെ തിരിച്ചുവരവിൽ പീറ്ററും കുടുംബവും തെല്ലൊന്നുമല്ല സന്തോഷിച്ചത്. ആംഅമ്മാവൻ അവളെ സ്കൂളിൽ ചേർത്തു. പീറ്ററോടൊപ്പമുള്ള ആ സ്കൂൾയാത്ര അവളും ഏറെ ഇഷ്ടപ്പെട്ടിരുന്നു.

ഒഴിവുസമയങ്ങളിൽ ക്ലാരയുടെ മുത്തശ്ശി പറഞ്ഞ ബൈബിൾകഥകൾ ഹെയ്ദി ആംഅമ്മാവനു പറഞ്ഞുകൊടുത്തു. ഇത് ആംഅമ്മാവന്റെ സ്വഭാവത്തിൽ മാറ്റങ്ങളുണ്ടാക്കി. ഒരുദിവസം ഗ്രാമവാസികളെയും പുരോഹിതരെയും അമ്പരപ്പിച്ചുകൊണ്ട് മുത്തച്ഛൻ ഹെയ്ദിയോടൊപ്പം പള്ളിയിലെത്തി.

നഷ്ടപ്പെട്ട ആരോഗ്യവും സന്തോഷവും ഹെയ്ദി തിരിച്ചെടുക്കുകയായിരുന്നു. അങ്ങനെയിരിക്കെ ഹെയ്ദിയെ കാണാൻ ദൂരെ നഗരത്തിൽനിന്നും ഒരു വിരുന്നുകാരനെത്തി. ക്ലാരയുടെ ഡോക്ടർ. ഹെയ്ദിയെ കാണാൻ ക്ലാരയ്ക്കു വല്ലാത്ത തിടുക്കമായി. പക്ഷേ അവിടത്തെ കാലാവസ്ഥ അവൾക്കു ദോഷകരമാകുമോ എന്ന് സെസിമന് ആധിയായി. അതറിയാനാണ് ഡോക്ടറെ സെസിമൻ അയച്ചത്.

വളരെപ്പെട്ടെന്നാണ് ഡോക്ടർ ഹെയ്ദിയുടെ മുത്തച്ഛനുമായി സൗഹൃദത്തിലായത്. അവരോടൊപ്പം ചെലവഴിച്ച ദിനങ്ങളിൽ സ്വന്തം ദുഃഖങ്ങൾപോലും

അദ്ദേഹം മറന്നു.

ഡോക്ടർ മടങ്ങിയതിനു ശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞ് ഹെയ്ദിയെ കാണാനായി ക്ലാര എത്തി. സെസിമനും മുത്തശ്ശിയും അവളോടൊപ്പമുണ്ടായിരുന്നു. മുത്തച്ഛന്റെ നിർബന്ധപ്രകാരം ക്ലാരയെ കുറച്ചുദിവസം അവിടെ നിർത്തിയ ശേഷമാണ് മറ്റുള്ളവർ മടങ്ങിയത്. ഈ ലോകത്ത് ആരെക്കാളും നന്നായി ക്ലാരയെ പരിചരിക്കാൻ ഹെയ്ദിക്കും മുത്തച്ഛനും കഴിയുമെന്ന് സെസിമന് ഉറപ്പായിരുന്നു.

ക്ലാരയെ ചക്രക്കസേരയിൽ ഇരുത്തി ഹെയ്ദിയും മുത്തച്ഛനും അവളെ പുൽമേടുകളിൽ കാഴ്ചകൾ കാണാൻ കൊണ്ടുപോയി. അവരുടെ ശ്രദ്ധയും സ്നേഹനിർഭരമായ പെരുമാറ്റവും മനോഹരമായ ആ ചുറ്റുപാടും ചക്രക്കസേരയുടെ സഹായമില്ലാതെ നടക്കാൻ അവൾക്കു പ്രേരണയായി. രണ്ടുകാലിൽ മെല്ലെമെല്ലെ അവൾ നടക്കുന്നത് അവർക്കു നയനാനന്ദകരമായ കാഴ്ചയായി.

ഏതാനും ദിവസങ്ങൾക്കകം മകളെ കൂട്ടിക്കൊണ്ടുപോകാനെത്തിയ സെസിമനെയും മുത്തശ്ശിയെയും എതിരേറ്റത് ചക്രക്കസേരയുടെ അകമ്പടിയില്ലാതെ എത്തിയ ക്ലാരയായിരുന്നു. ആ കാഴ്ചകണ്ട് എന്തു ചെയ്യണമെന്നറിയാതെ അവർ സ്തബ്ധരായി. ഹെയ്ദിയോടും ആംഅമ്മാവനോടും ഉള്ള തീർത്താൽ തീരാത്ത നന്ദി അവർ അറിയിച്ചു. ഇതിനുപകരം ഞാൻ എന്താണു ചെയ്യേണ്ടത് എന്ന സെസിമന്റെ ചോദ്യത്തിന് തനിക്കായി ഒന്നും ചെയ്യേണ്ടാ, പക്ഷേ തന്റെ കാലം കഴിഞ്ഞാൽ തന്റെ പേരക്കുട്ടി അനാഥയാകുമെന്നും അവളുടെ പരിരക്ഷ അങ്ങേക്ക് ഏറ്റെടുക്കാമോ എന്നുമാണ് ആംഅമ്മാവൻ ചോദിച്ചത്.

ക്ലാരയെ കൂടാതെ തനിക്ക് ഒരു മകൾകൂടി ഉണ്ടെന്നും അതു ഹെയ്ദിയാണെന്നും സെസിമൻ പറഞ്ഞു. ആം അമ്മാവന്റെ കാലശേഷം ഹെയ്ദിക്ക് യാതൊരു കുറവുമുണ്ടാകാതെ താൻ നോക്കിക്കൊള്ളാമെന്ന് സെസിമൻ ഉറപ്പുനൽകി. തങ്ങൾക്കു ദൈവം നൽകിയ എല്ലാ സൗഭാഗ്യങ്ങളോടും ഹെയ്ദിയും മുത്തശ്ശിയും നന്ദി പറയുന്നതോടെയാണ് ഈ നോവൽ അവസാനിക്കുന്നത്.

ഹെയ്ദിയെപ്പോലെയാകാൻ ഏതൊരു കുട്ടിയും ആഗ്രഹിക്കും. ഇതുപോലൊരു മകളെ ലഭിക്കാൻ ഏതൊരച്ഛനമ്മയും, ഇതുപോലൊരു കൂട്ടുകാരിയെ കിട്ടാൻ ഏതൊരു കുട്ടിയും കൊതിക്കും. ഈ അവധിക്കാലം ഹെയ്ദിയോടും ക്ലാരയോടുമൊപ്പം അല്പസമയം ചെലവഴിക്കാൻ നിങ്ങളും ശ്രമിക്കൂ.

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

എഡിറ്റർ
തളിര്
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം,
സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34

കവിത

# മഴ

ഇന്ദിരാ അശോക്

തെയ്യം തെയ്യം താളത്തിൽ
കുടമണി കെട്ടുന്നാരാരോ
കുന്നുകൾ കേറി മറിഞ്ഞിട്ടി-
ന്നമ്പലമുറ്റത്തരയാലിൽ
കമ്പുകൾ കമ്പിതമാകും പോൽ
തുമ്പികൾ തംബുരു മീട്ടുംപോൽ
കലപില കൂട്ടും കലഹംപോൽ
വെള്ളത്തുള്ളിയരഞ്ഞാണം
ചിന്നിച്ചിതറുമലങ്കാരം
കുന്നിമണിക്കും കുരുവിക്കും
കുഞ്ഞിക്കുട്ടനുമാഹ്ലാദം.



വര: സജിവി

# എ സി യിലെ 'ടണ്ണി'ന്റെ കഥ

## നവനീത് കൃഷ്ണൻ എസ്

ചൂടുകാലം കടയിലെ എ സി ഒക്കെ തീർന്നു എന്നും കേൾക്കുന്നു. ഒന്നര ടണ്ണിന്റെ എ സി യൊന്നും പോരാ രണ്ടു ടണ്ണിന്റെ വേണം എന്നൊക്കെയാ പലരും പറയുന്നത്. എന്താണ് ഈ ടൺ എന്നു വല്ല പിടിയുമുണ്ടോ?

ഏറെ രസകരമാണ് ഈ ടണ്ണിന്റെ കഥ! കഥ നടക്കുന്നത് ഇന്നൊന്നുമല്ല, ഏറെക്കാലം പുറകിലോട്ടുപോണം. 1800 കളിലേക്ക്. അന്ന് ഇന്നത്തെ പോലെയുള്ള എയർകണ്ടീഷൻ സിസ്റ്റം ഒന്നും ഉണ്ടായിരുന്നില്ല. ചൂടുകാലത്ത് പക്ഷേ ചൂട് സഹിക്കാനും വയ്യ!

ചിലർ അതിനൊരു സൂത്രം കണ്ടുപിടിച്ചു. വലിയ ഐസ്ബ്ലോക്കുകൾ ഉപയോഗിച്ച് മുറി തണുപ്പിക്കുക. മുറിയിൽ അനുയോജ്യമായ സ്ഥലത്ത് വലിയ ഐസ്ബ്ലോക്കുകൾ സ്ഥാപിക്കുക. ഐസ് ഉരുകാനുള്ള ചൂട് മുറിയിൽ നിന്നും വലിച്ചെടുക്കും. മുറി തണുക്കും. വേനൽക്കാലത്ത് ഈ ഐസിന് എന്തു ചെയ്യും എന്നാണോ? അതിനും വഴി കണ്ടെത്തിയിരുന്നു. മഞ്ഞുറഞ്ഞു കിടക്കുന്ന ഇടങ്ങളിൽ നിന്നും ഐസ് മുറിച്ചെടുത്ത് ചൂടുള്ളയിടങ്ങളിലേക്ക് എത്തിക്കുക. അല്ലെങ്കിൽ മഞ്ഞുകാലത്ത് ഐസ് ശേഖരിച്ച് ചൂടുകാലത്തേക്ക് കരുതിവയ്ക്കുക. മഞ്ഞുകാലത്ത് ശേഖരിക്കുന്ന ഐസ് ഉരുകാതെ സൂക്ഷിക്കാനുള്ള വലിയ സംവിധാനങ്ങളും വ്യാപകമായിരുന്നു. വലിയ സൂക്ഷിപ്പുകേന്ദ്രങ്ങളിൽ ഏതാനും മാസങ്ങളോളം ഐസ് ഉരുകിപ്പോവാതെ സൂക്ഷിച്ചിരുന്നത്രേ അന്ന്. മഞ്ഞുപ്രദേശങ്ങളിൽനിന്നും ശേഖരിക്കുന്ന ഐസ് വലിയ കപ്പലുകളിലും തീവണ്ടികളിലും ഒക്കെ മറ്റു സ്ഥലങ്ങളിലേക്ക് എത്തിക്കാനുള്ള സംവിധാനങ്ങളും ഉണ്ടായിരുന്നു. ബൃഹത്തായ ഒരു വ്യവസായമായിരുന്നു മഞ്ഞുശേഖരണവും വിതരണവും.

ഐസ്വ്യാപാരികളിൽനിന്നും വലിയ ഐസ്ബ്ലോക്കുകൾ വാങ്ങി വീട്ടിലെ എയർ കൂളിങ് സംവിധാനത്തിനായി ഉയോഗിക്കുകയായിരുന്നു അന്നത്തെ ശീലം. വീടുശീതീകരണം ഐസ് വ്യവസായത്തിന്റെ ഒരു മേഖല മാത്രമായിരുന്നു കേട്ടോ. മറ്റു നിരവധി ആവശ്യങ്ങൾക്കായി അന്ന് ഐസ് ഉപയോഗിച്ചിരുന്നു. ഭക്ഷണം തണുപ്പിക്കാനും സൂക്ഷിക്കാനും ആളുകൾ വ്യാപകമായി ഐസ് വാങ്ങിയിരുന്നു. ശീതീകരണത്തിനായി ടൺ കണക്കിനു ഭാരമുള്ള വലിയ മഞ്ഞുപലകകളാണ് വിറ്റിരുന്നത്.

ഒരു മീറ്റർ ഉയരവും നീളവും വീതിയുമുള്ള വെള്ളം ഐസാക്കിയാൽ കിട്ടുന്നത്. അതാണ് ഒരു ടൺ ഐസ്. ഐസായിക്കഴിയുമ്പോൾ വലിപ്പം അൽപ്പം കൂടും എന്നുമാത്രം. ഐസ് ഉരുകണമെങ്കിൽ മുറിയിൽനിന്നും ചൂട് വലിച്ചെടുത്തേ തീരൂ. ഒരു ടൺ ഐസിനെ ഉരുക്കണമെങ്കിൽ ഏതാണ്ട് 300 മെഗാജൂൾ ഊർജം വേണം! (കൃത്യമല്ല. ഇതിലും കൂടുതൽവേണം. കണക്കിനൊരു എളുപ്പത്തിൽ ഇങ്ങനെ ഇട്ടു എന്നേയുള്ളൂ.) ചൂട് ഊർജം


1850 കളിൽ അമേരിക്കയിൽ ഐസ് ഹാർവെസ്റ്റിങ് നടത്തുന്നവർ

തന്നെ. അതായത് ഒരു ദിവസംകൊണ്ട് അത്രയും ചൂട് വലിച്ചെടുത്ത് പുറത്തുകളയുന്ന എ സി യുടെ കപ്പാസിറ്റിയാണ് 1 ടൺ!

ചുരുക്കിപ്പറഞ്ഞാൽ 1000 കിലോ ഐസ് മുഴുവൻ ഉരുക്കാനാവശ്യമായ ചൂട് വലിച്ചെടുക്കാൻ കഴിയുന്ന എ സി ഒരു ടൺ എ സി യാണ്. ഒരു ദിവസംകൊണ്ട് ഇത് ഉരുകിത്തീരും എന്നിരിക്കട്ടെ. (300/24=12.5) ഓരോ മണിക്കൂറിലും 12.5 മെഗാജൂൾ ഊർജം ഐസ് മുറിയിൽനിന്നും വലിച്ചെടുക്കും. ഇനി ഇതിന് എത്ര വൈദ്യുതി എടുക്കും എന്നറിയണോ? ഒരു ജൂൾ ഊർജം ഒരു സെക്കന്റുകൊണ്ട് വലിച്ചെടുത്തു പുറത്തു കളയാൻ ഒരുവാട്ട് പവർ വേണം. 12.5 മെഗാജൂൾ എന്നാൽ $12.5 \times 10^6$ ജൂൾ ആണേ.

ബാക്കി കണക്ക് നിങ്ങൾതന്നെ കൂട്ടിക്കോളൂ. നല്ല ചൂട്. ഞാൻ പോയി ഒരു ഗ്ലാസ് വെള്ളം കുടിക്കട്ടെ!

*navaneeth.sree@gmail.com*

ശൈലി വന്ന വഴി

# പാൻഡൊറയുടെ പെട്ടി

**എം ഗീതാഞ്ജലി**

പാൻഡൊറയുടെ ഭർത്താവാണ് എപിമെത്യൂസ്. അവർ അന്യോന്യം ഒരുപാട് സ്നേഹിച്ചിരുന്നു. ദുഃഖവും വേദനയും കഷ്ടപ്പാടുകളും ഒന്നുമില്ലാത്ത ഒരു ലോകമായിരുന്നു അവരുടേത്.

തെളിഞ്ഞ ഒരു പകൽ. ഭാര്യയും ഭർത്താവും മലഞ്ചെരിവിലൂടെ പരസ്പരം കൈകൾ കോർത്ത് നടക്കുകയായിരുന്നു. അപ്പോൾ ദൂരെ നിന്ന് ഹെർമസ് ദേവൻ നടന്നുവരുന്നു. ചുമലിൽ ഒരു വലിയ പെട്ടിയുണ്ട്. അതിന് നല്ല ഭാരമുണ്ടെന്നു തോന്നും. പാൻഡൊറയും എപിമെത്യൂസും ആ വരവും നോക്കിനിന്നു.

അടുത്തെത്തിയപ്പോൾ ദേവൻ നിന്നു. പതുക്കെ പെട്ടി ചുമലിൽ നിന്നിറക്കി വച്ചു. എന്നിട്ട് പച്ചപ്പുല്ലിൽ ആശ്വാസത്തോടെ അമർന്നിരുന്നു.

‘‘പാൻഡൊറയും എപിമെത്യൂസും അല്ലേ നിങ്ങൾ?’’

‘‘അതെ, പ്രഭോ,’’ അവർ ദേവനെ വണങ്ങി.

‘‘എനിക്ക് ഒരു സഹായം ചെയ്തുതരണം.’’

‘‘എന്താണ് പ്രഭോ? എന്തുവേണമെങ്കിലും ചെയ്യാൻ ഞങ്ങൾ തയ്യാറാണ്.’’

‘‘ഞാൻ വളരെ അത്യാവശ്യമായി ഒരു യാത്ര പോവുകയാണ്. എന്റെ ഈ പെട്ടി നിങ്ങളുടെ വീട്ടിൽ സൂക്ഷിക്കുമോ? യാത്ര കഴിഞ്ഞെത്തിയാൽ ഞാനിവിടെ വന്ന് കൊണ്ടുപൊയ്ക്കോളാം.’’ ദേവൻ പറഞ്ഞു.

‘‘പ്രഭോ എന്താണ് ഈ പെട്ടിയിൽ?’’ പാൻഡൊറയ്ക്ക് ജിജ്ഞാസ അടക്കാനായില്ല.

‘‘ങാ, അതു നീയറിയേണ്ട കാര്യമില്ല മോളേ. നിങ്ങൾക്കിത് സൂക്ഷിക്കാനാവുമോ എന്നു മാത്രം പറഞ്ഞാൽ മതി.’’

‘‘തീർച്ചയായും. പ്രഭോ അങ്ങ് തിരിച്ചുവരും വരെ ഞങ്ങളിത് ഭദ്രമായി സൂക്ഷിക്കാം.’’ എപിമെത്യൂസ് പറഞ്ഞു.

‘‘എന്നാൽ വളരെ ഉപകാരമായി.’’ ഹെർമസ്ദേവൻ



വര: ടി ആർ രാജേഷ്

എഴുന്നേറ്റ് പോവാനൊരുങ്ങി. ''ആ പിന്നെ ഒരു കാര്യം കൂടി. ഒരു കാരണവശാലും നിങ്ങളീ പെട്ടി തുറന്നുനോക്കുകയേ ചെയ്യരുത്. തുറന്നാൽ നിങ്ങൾക്ക് വലിയ ബുദ്ധിമുട്ടാവും.''

''അയ്യോ! അങ്ങ് എന്താണീ പറയുന്നത്? ഞങ്ങൾ പെട്ടി തുറക്കുന്ന പ്രശ്നമേയില്ല.'' പാൻഡൊറ ഉറപ്പിച്ചു പറഞ്ഞു.

ഹെർമസ് ദേവൻ സന്തോഷത്തോടെ യാത്രയായി. പാൻഡൊറയും എപിമെത്യൂസും ഭാരിച്ച പെട്ടിയും ചുമന്ന് വീട്ടിലെത്തി. പാൻഡൊറയുടെ മുറിയുടെ മൂലയിൽ അവർ പെട്ടി സൂക്ഷിച്ചു.

ദിവസങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. പാൻഡൊറയ്ക്ക് ഒന്നിലും ഉത്സാഹമില്ല. എപിമെത്യൂസ് കാരണമാരാഞ്ഞു.

''അല്ല, ഞാനാലോചിക്കുകയായിരുന്നു. ഹെർമസ്ദേവൻ ഏൽപ്പിച്ചുപോയ പെട്ടിക്കുള്ളിൽ എന്തായിരിക്കും?'' മടിച്ചുമടിച്ചവൾ മനസ്സു തുറന്നു.

''എന്തിനാ അതിനെക്കുറിച്ചാലോചിച്ച് വിഷമിക്കുന്നത്? നമ്മൾ അറിയേണ്ടതില്ല എന്നല്ലേ ദേവൻ പറഞ്ഞത്? ആവശ്യമില്ലാത്ത കാര്യങ്ങളിലെന്തിന് തലയിടണം? നീയത് മനസ്സിൽ നിന്ന് വിട്ടുകളയൂ.''

എപിമെത്യൂസ് ഭാര്യയെ സമാധാനിപ്പിച്ചു.

എന്നാൽ പാൻഡൊറയ്ക്ക് അത് മനസ്സിൽ നിന്നു വിട്ടുകളയാനായില്ല. ഊണിലും ഉറക്കത്തിലും കൂടി താത്പര്യമില്ലാതായി. എന്താണ് പെട്ടിക്കുള്ളിൽ? ആരുമറിയാതെ മെല്ലെയൊന്ന് തുറന്നുനോക്കിയാലോ? എന്താണതിനകത്തെന്ന് അറിഞ്ഞാലുടനെ പെട്ടിയങ്ങ് അടച്ചേക്കാം. ഹെർമസ്ദേവനെങ്ങനെ അതറിയാൻ പോകുന്നു?

ഒരു ദിവസം വീട്ടിൽ മറ്റാരുമില്ല. മുറിയുടെ മൂലയിൽ നിന്ന് പാൻഡൊറ പെട്ടി വെളിച്ചത്തേക്ക് വലിച്ചുകൊണ്ടുവന്നു. ആരെങ്കിലും കാണുന്നുണ്ടോ? അവൾ ചുറ്റും നോക്കി. ഇല്ല, ആരുമില്ല. ഹൃദയം അതിവേഗമിടിക്കുകയാണ്. പെട്ടിക്ക് ചുറ്റുമുണ്ടായിരുന്ന കെട്ടുകൾ വേഗം വേഗം അവൾ അഴിച്ചെടുത്തു.

''പാൻഡൊറ, ഞങ്ങളെ വേഗം തുറന്നുവിടൂ.''

പെട്ടിക്കുള്ളിൽ നിന്നാരോ പറയുന്നു. അവൾ ഞെട്ടിപ്പോയി.

''പാൻഡൊറാ, പാൻഡൊറാ, ഞങ്ങളെ വേഗം തുറന്നു വിടൂ.''

പാൻഡൊറയ്ക്ക് ആകാംക്ഷ അടക്കാനേ പറ്റിയില്ല. പെട്ടിയുടെ മൂടി അവൾ വേഗം വലിച്ചുതുറന്നു.

പെട്ടെന്ന് കടന്നലുകളെപ്പോലെ മൂളിക്കൊണ്ട് ഒരു പറ്റം ചെറുജീവികൾ പെട്ടിയിൽ നിന്ന് പുറത്തേക്കു വന്നു. അവൾ പാൻഡൊറയുടെ മുഖത്തും ദേഹത്തും ആഞ്ഞുകുത്തി.

''അയ്യോ! അയ്യോ! ഓടിവരണേ...'' അവൾ വേദനകൊണ്ട് പുളഞ്ഞ് ആർത്തു കരഞ്ഞു.

എപിമെത്യൂസ് ഓടിവന്നു. അയാളെയും ആ ചെറുജീവികൾ ദേഹമാസകലം കുത്തിനോവിച്ചു. അവരുടെ കരച്ചിൽകേട്ട് അയൽപ്പക്കക്കാരെല്ലാം ഓടിക്കൂടി. എല്ലാവർക്കും കിട്ടി നല്ല കുത്ത്. കൂട്ടക്കരച്ചിലായി അവിടെ മുഴുവൻ.

ബഹളത്തിനിടയിൽ ആ ജീവികളത്രയും എങ്ങോട്ടോ പറന്നുപോയി.

എപിമെത്യൂസിന് ദേഷ്യവും സങ്കടവും സഹിക്കാൻ കഴിഞ്ഞില്ല.

''അസത്തുപെണ്ണേ നീ വേണ്ടാത്ത കാര്യത്തിൽ തലയിട്ടിട്ടല്ലേ ഇതെല്ലാം ഉണ്ടായത്?''

**മുറിയുടെ മൂലയിൽ നിന്ന് പാൻഡൊറ പെട്ടി വെളിച്ചത്തേക്ക് വലിച്ചുകൊണ്ടുവന്നു. ആരെങ്കിലും കാണുന്നുണ്ടോ? അവൾ ചുറ്റും നോക്കി. ഇല്ല, ആരുമില്ല. ഹൃദയം അതിവേഗമിടിക്കുകയാണ്. പെട്ടിക്ക് ചുറ്റുമുണ്ടായിരുന്ന കെട്ടുകൾ വേഗം വേഗം അവൾ അഴിച്ചെടുത്തു.**

അയാൾ അവളെ അടിക്കാൻ തുടങ്ങി.

''എന്റെ കുറ്റമൊന്നുമല്ല. ആവശ്യമില്ലാതെ പെട്ടി വാങ്ങി സൂക്ഷിച്ചതു നിങ്ങളല്ലേ?''

പാൻഡൊറയും വിട്ടുകൊടുത്തില്ല. സ്നേഹത്തിൽ മാത്രം കഴിഞ്ഞിരുന്ന ആ ഭാര്യാഭർത്താക്കന്മാർ ആദ്യമായാണ് അന്യോന്യം വഴക്കിട്ടത്.

''പാൻഡൊറാ, എപിമെത്യൂസ്, വരൂ എന്നെക്കൂടി തുറന്നു വിടൂ.''

പെട്ടിക്കുള്ളിൽ നിന്ന് ഒരു ചെറിയ ശബ്ദം.

എപിമെത്യൂസ് പെട്ടിക്കടുത്ത് ഓടിയെത്തി.

''അരുത്, തുറക്കരുത്.

ഇനി ഏത് ചെകുത്താനാണാവോ അതിനകത്തുള്ളത്?''

പാൻഡൊറ ഓടിവന്നു തടഞ്ഞു.

''നിങ്ങളെ ഞാനുപദ്രവിക്കില്ല. എന്നെക്കൂടി തുറന്നുവിടൂ.''

''വേണ്ട വേണ്ട തുറക്കണ്ട.'' പാൻഡൊറ പേടിച്ചുവിറച്ചു.

''ഏതായാലും വരാനുള്ളതൊക്കെ വന്നു. ഇനി തുറക്കുക തന്നെ.''

എപിമെത്യൂസ് പാൻഡൊറയുടെ കൈ തട്ടിമാറ്റി പെട്ടി തുറന്നു. സ്വർണച്ചിറകുള്ള ഒരു കൊച്ചുജീവി അതിനുള്ളിൽനിന്നു പറന്നുയർന്നു. അത് പാൻഡൊറയുടെയും എപിമെത്യൂസിന്റെയും ചുവന്നുതടിച്ച മുറിപ്പാടുകളിലൂടെ ചിറകുരുമ്മി നീങ്ങി. അത്ഭുതം! മുറിപ്പാടുകളും വേദനയും എല്ലാം പോയി!

''നീയാര്?'' അവർ ആ കൊച്ചുശലഭത്തിനോട് ആരാഞ്ഞു.

''പാൻഡൊറ തുറന്നുവിട്ടത് തിന്മകളെയാണ്. ദേഷ്യം, പേടി, അഹങ്കാരം, അസൂയ, പക തുടങ്ങിയ തിന്മകൾ. ലോകം മുഴുവൻ ഇനി തിന്മകൾ നിറയും.''

''അയ്യോ! അറിയാതെ ചെയ്തുപോയ തെറ്റാണേ...'' കുറ്റബോധത്തോടെ പാൻഡൊറ കരഞ്ഞു.

''നീയാര്?''
എപിമെ ത്യൂസ് ചോദിച്ചു.

''എന്റെ പേരാണ് പ്രതീക്ഷ. പേടിയും പകയും നിറഞ്ഞ ലോകത്ത് ആളുകൾക്ക് മനസ്സമാധാനവും സുഖവും നൽകാൻ എനിക്കു കഴിയും. സ്നേഹത്തിന്റെ അമൃത് പുരട്ടി ഞാനെല്ലാവർക്കും ആശ്വാസം നൽകും. നിങ്ങളുടെ വേദന മാറിയില്ലേ? നിങ്ങൾ തുറന്നുവിട്ട കീടങ്ങളെക്കൊണ്ട് യാതനയനുഭവിക്കുന്ന അനേകായിരം ആളുകൾ ഇപ്പോൾ ഭൂമിയിലുണ്ട്. ഞാനവരെയെല്ലാം പോയി ആശ്വസിപ്പിക്കട്ടെ.''

സ്വർണച്ചിറകുള്ള കൊച്ചുജീവി നേർത്ത സ്വരത്തിൽ പാടിക്കൊണ്ട് പറന്നുയർന്നു. എപിമെത്യൂസും പാൻഡൊറയും സ്നേഹത്തോടെ കൃതജ്ഞതയോടെ അത്ഭുതത്തോടെ അതിന്റെ പോക്ക് നോക്കിനിന്നു.

*'പാൻഡൊറയുടെ പെട്ടി' (Pandoras box) എന്ന ശൈലി ഇംഗ്ലീഷുഭാഷയിൽ വന്നത് ഈ കഥയിൽ നിന്നാണ്. 'അപ്രതീക്ഷിതമായ ഒരുപാട് ബുദ്ധിമുട്ടുകളുടെയും യാതനകളുടെയും ഉറവിടം' എന്നാണ് ഈ ശൈലിയുടെ അർഥം.*



കവിത

# നാലു കുട്ടിക്കവിതകൾ

മടവൂർ രാധാകൃഷ്ണൻ



## തത്തമ്മേ

തത്തമ്മേ
അന്തിവെയിൽ ചായുംനേരം
നെൽക്കതിർ കൊത്താൻ പാടത്ത്
ചന്തമെഴും ചിറകുകൾ വീശി
തത്തമ്മേ നീ വന്നല്ലോ!

## ആരെഴുതി?

ആരാര് നിന്റെയീ കണ്ണെഴുതി?
കുന്നിമണീയൊന്ന് ചൊല്ല്
കരിവണ്ടാണേ പറന്നുവന്ന്
എന്നുടെ കണ്ണിൽ മഷിയെഴുതി!

## മയിലേ.....

ചേലേറും മയിലേ നിന്നുടെ
പീലിക്കെന്തൊരു ചന്തം!
ആടുമ്പോൾ മയിലേ നിന്നുടെ
കൂടെ ഞാനാടിക്കോട്ടേ!

## ചെല്ലക്കാറ്റേ...

ചെല്ലക്കാറ്റേ തേന്മാവിൻ
ചില്ലകുലുക്കാൻ നീ വരുമോ?
ചില്ലകുലുക്കിത്തന്നാലേ
മെല്ലെപ്പൊഴിയും മാങ്കനികൾ!



വര: ബോബി എം പ്രഭ

# മഹാഭാരതം

78

സുഗതകുമാരി

# പാളയത്തിൽ പട

ശ്രീകൃഷ്ണൻ പറഞ്ഞതുപോലെ തന്നെ പാർഥനും കൗരവർക്ക് സഗൗരവം മുന്നറിയിപ്പു നൽകി. അതിനു ശേഷം പാണ്ഡവരുടെ സൽക്കാരവും വന്ദനവും സ്വീകരിച്ച് സഞ്ജയൻ കുരുരാജധാനിയിലേക്കു മടങ്ങി ധൃതരാഷ്ട്രരോട് വിവരമെല്ലാം വഴിയാംവണ്ണം ഉണർത്തിച്ചു. അസ്വസ്ഥനായ ധൃതരാഷ്ട്രരോട് കൊടുത്ത വാക്ക് പാലിക്കണമെന്നും പാണ്ഡവർക്ക് അവകാശപ്പെട്ട അർധരാജ്യം നൽകി വിനാശം ഒഴിവാക്കണമെന്നും ഭീഷ്മർ, ദ്രോണർ, വിദുരർ, സഞ്ജയൻ എന്നിവർ വീണ്ടും വീണ്ടും ഉപദേശിച്ചു. ഗാണ്ഡീവധാരിയായ അർജുനൻ സാരഥിയായ സാക്ഷാൽ ശ്രീകൃഷ്ണനോടൊത്ത് യുദ്ധക്കളത്തിലെത്തുമ്പോൾ ആർക്കുമവരെ തടയാനാവില്ല. മാത്രമല്ല ദേവന്മാർ അവർക്ക് തുണയുണ്ട്. ഭീമന്റെ ഭീമപരാക്രമം നൂറ്റവരെ തകർത്തുകളയും എന്നും പാണ്ഡവരോട് അധർമംചെയ്തതും വാഗ്ദാനങ്ങൾ പാലിക്കാത്തതും പിതൃസ്വത്തു നൽകാത്തതും കുലസ്ത്രീയെ സഭയിലിട്ട് അപമാനിച്ചതുമെല്ലാം കൗരവപക്ഷം തന്നെയാകയാൽ തിരിച്ചടി ഭയാനകമായിരിക്കുമെന്നും കുലനാശം തന്നെയുണ്ടാകുമെന്നും ഗുരുജനങ്ങൾ ദീർഘമായി ഉപന്യസിച്ചതെല്ലാം കേട്ടുകൊണ്ടിരുന്ന ദുര്യോധനൻ എഴുന്നേറ്റ് ഇങ്ങനെ പറഞ്ഞു.

'മഹാരാജാവേ, ദേവന്മാർ പാണ്ഡവർക്ക് തുണയുണ്ടെന്ന് ഇവരെല്ലാം ഭയപ്പെടുന്നു. എന്റെ ശക്തിയും മന്ത്രസിദ്ധിയും അറിയാഞ്ഞിട്ടാണത്. എല്ലാ ദേവന്മാരെയും അഭിമന്ത്രിച്ച് വശത്താക്കുവാൻ എനിക്ക് കഴിയും. എന്നെ ദ്വേഷിക്കുവാൻ ഒരു ദേവനോ ഗന്ധർവനോ അസുരനോ ധൈര്യപ്പെടുകയില്ല. എന്റെ ബുദ്ധിയും തേജസ്സും വീര്യവും വിദ്യയും പാണ്ഡവർക്കുള്ളതിനെക്കാൾ വിശിഷ്ടമത്രേ. മാത്രമല്ല പിതാമഹനും ആചാര്യന്മാർക്കും അറിയാവുന്ന എല്ലാ അസ്ത്രങ്ങളും എനിക്കും വശമാണ്. എന്നെ തോൽപ്പിക്കാൻ ആരുണ്ടീ ഭുവനത്തിൽ?'

കർണ്ണൻ ഈ വാക്കുകൾ കേട്ട് ആഹ്ലാദിച്ചു.

'സുഹൃത്തേ, അങ്ങയോടൊപ്പം പരശുരാമശിഷ്യനായ ഞാനുണ്ട്. ലോകൈകധനുർധരനായ എന്റെ മുന്നിൽ പാണ്ഡവരും പാഞ്ചാലരും കാറ്റത്തു കരിയിലകൾപോലെ പറക്കുന്നതു കണ്ടുകൊള്ളുക. ഭീഷ്മരും ദ്രോണരും മറ്റുള്ളവരും നോക്കിനിൽക്കെ ഞാൻ പാർഥവധം നടത്തുമെന്ന് ഇതാ പ്രതിജ്ഞ ചെയ്യുന്നു.'

ഭീഷ്മർ ഈ വാക്കുകൾകേട്ട് കുപിതനായി.

'ഹേ കർണാ, മതി വീൺവാക്കുകൾ പറയുന്നത്; കാലം നിനക്കും ധൃതരാഷ്ട്രപുത്രർക്കും വിപരീതമായിക്കഴിഞ്ഞു. പൂജിച്ചു വെച്ചിരിക്കുന്ന നാഗങ്ങളെപ്പോലുള്ള നിന്റെ ബാണങ്ങൾ പാണ്ഡുപുത്രൻ തകർക്കുന്നതും അവയോടൊപ്പം നീയും നശിക്കുന്നതും ഞാൻ മുൻകൂട്ടി കാണുന്നു.'

കർണ്ണൻ കോപത്തോടെ മറുപടി നൽകി.

'എങ്കിൽ ഇതാ ഞാൻ ആയുധംവയ്ക്കുന്നു. ഭീഷ്മർ പറഞ്ഞ പരുഷവചനങ്ങൾ ഞാൻ പൊറുക്കുകയില്ല. ഇദ്ദേഹം പടക്കളത്തിലുള്ള കാലം ഞാൻ ശസ്ത്രമെടുക്കുകയില്ലെന്നു നിശ്ചയം.'

കർണ്ണൻ സഭ വിട്ടിറങ്ങി സ്വഗേഹത്തിലേക്കുപോയി. ദുര്യോധനാദികളുടെ മുഖം മ്ലാനമായി. യുദ്ധം ഏതുവിധേനയും ഒഴിവാക്കണമെന്ന് വിദുരരും സഞ്ജയനും വീണ്ടും പറഞ്ഞുനോക്കുകയും വ്യാസമഹർഷിയെത്തന്നെ വരുത്തി ഉപദേശിപ്പിക്കുകയും ചെയ്തിട്ടും ദുര്യോധനൻ അടങ്ങിയില്ല. ധൃതരാഷ്ട്രർ മനോവേദനയോടെ അമ്മ ഗാന്ധാരീദേവിയെ വരുത്തി.

'ദേവീ, നിന്റെ മകൻ വീഴുകയാണ്. ബഹുമാനിക്കേണ്ടവരുടെ വാക്കുകൾ അവൻ

കേൾക്കുന്നില്ല. ദുരഭിമാനിയും ദുഷ്ടനുമാണ് അവൻ.'

ഗാന്ധാരി ദു:ഖകോപങ്ങളോടെ മകനെ ശാസിച്ചു.

'ഐശ്വര്യഭ്രാന്തുനിമിത്തം ധർമം വിട്ടു നടക്കുന്നവനേ, അച്ഛനും അമ്മയ്ക്കും നീ തീരാ ദു:ഖം വരുത്തിവയ്ക്കുമല്ലോ. പടക്കളത്തിൽ ഭീമന്റെ ഗദാഘാതമേൽക്കുമ്പോൾ നീ ഞങ്ങളുടെ വാക്കുകൾ ഓർമിക്കും.'

ഇതെല്ലാം കേട്ടിരുന്ന വേദവ്യാസമഹർഷി പറഞ്ഞു.

'ധൃതരാഷ്ട്രാ, നീ ശ്രീകൃഷ്ണന് പ്രിയപ്പെട്ടയാളാണ്. സഞ്ജയന്റെ വാക്കുകൾ നിനക്കും കുടുംബത്തിനും നന്മ നൽകും. ശ്രീകൃഷ്ണനെ ശത്രുവായിക്കണ്ടാൽ ജീവിതം വ്യർഥമായിത്തീരും. സഞ്ജയന്റെ ഉപദേശം കൈക്കൊള്ളുക.'

മഹത്തുക്കളായ അവരേവരും ഏറെ ശ്രമിച്ചിട്ടും ദുര്യോധനന്റെ വാശിയുടെയും ധൃതരാഷ്ട്രരുടെ പുത്രസ്നേഹത്തിന്റെയും മുന്നിൽ

**ധൃതരാഷ്ട്രാ, നീ ശ്രീകൃഷ്ണന് പ്രിയപ്പെട്ടയാളാണ്. സഞ്ജയന്റെ വാക്കുകൾ നിനക്കും കുടുംബത്തിനും നന്മ നൽകും. ശ്രീകൃഷ്ണനെ ശത്രുവായിക്കണ്ടാൽ ജീവിതം വ്യർഥമായിത്തീരും. സഞ്ജയന്റെ ഉപദേശം കൈക്കൊള്ളുക.'**

**യുദ്ധത്തിനുള്ള ഒരുക്കങ്ങൾ ഭീതിജനകമാംവിധം പുരോഗമിക്കുകയായി.**

പരാജിതരായി പിൻവാങ്ങി. യുദ്ധത്തിനുള്ള ഒരുക്കങ്ങൾ ഭീതിജനകമാംവിധം പുരോഗമിക്കുകയായി.

ഈ ദിവസങ്ങളിൽ പാണ്ഡവപക്ഷത്തും ദീർഘമായ കൂടിയാലോചനകൾ നടന്നു. യുധിഷ്ഠിരൻ ശ്രീകൃഷ്ണനോട് തന്റെയുള്ളിലുള്ള ആശങ്കയും ആഗ്രഹവുമെല്ലാം അറിയിച്ചു. 'കൃഷ്ണാ, അവർ അർധരാജ്യം തരികയില്ല. നമ്മോട് ശമം ഉപദേശിക്കുകയും ചെയ്യുന്നു. ധൃതരാഷ്ട്രനൃപൻ പുത്രപക്ഷത്തുമാത്രമേ നിൽക്കുകയുള്ളൂ. അവർ വാക്കുപാലിക്കുകയില്ലെന്ന് വ്യക്തമായിക്കഴിഞ്ഞു. എന്റെ പെറ്റമ്മയെയും സഹോദരന്മാരെയും പാലിക്കുവാൻ ഞാൻ ആവാത്തവനായിത്തീർന്നു. കുരുവംശം നശിക്കരുതെന്നാശിച്ച് സന്ധി ചെയ്യാൻ ആഗ്രഹിച്ച് ഏതെല്ലാം വിധത്തിൽ യത്നിച്ചിട്ടും അഞ്ചുദേശമെങ്കിലും തന്നാൽ മതിയാകുമെന്ന് അഭ്യർഥിച്ചിട്ടും എല്ലാം വിഫലമാകുന്നുവല്ലോ. വാസുദേവാ, യുദ്ധം സർവനാശകമാണ്. ഇവർ ജ്ഞാനികളും പ്രിയപ്പെട്ടവരും ബഹുമാന്യരുമാണ്. ഇവരെ വധിച്ചിട്ടുവേണോ ഞാൻ രാജ്യം നേടുവാൻ? വൃദ്ധനായ വലിയച്ഛൻ മാന്യനും പൂജ്യനുമാണെങ്കിലും ദുർബലനത്രേ. അദ്ദേഹത്തിന്റെയും കുരുവംശത്തിന്റെയും ഞങ്ങളുടെയും ക്ഷേമം നോക്കുവാൻ അങ്ങയെപ്പോലെ മറ്റാരുണ്ട്? കൃഷ്ണാ, യുദ്ധം ഒഴിവാക്കാനും അതേ സമയം ക്ഷത്രധർമം പാലിക്കുവാനും മാർഗം ഉപദേശിച്ച് തന്നാലും.'

ശ്രീകൃഷ്ണൻ പറഞ്ഞു.

'നിങ്ങൾ ഇരുകൂട്ടരും എനിക്കു ബന്ധുക്കളത്രേ. യുദ്ധമല്ല ശമമാണ് ഉത്തമം. ഞാൻ പോകാം ഹസ്തിന



വര: ജയേന്ദ്രൻ

പുരിയിലേക്ക്. മൃത്യുപാശത്തിൽനിന്ന് കുരുവംശത്തെ മോചിപ്പിക്കാൻ സാധിച്ചാൽ അത് പുണ്യമാണ്.'

'കൃഷ്ണാ, എനിക്ക് ആശങ്കയുണ്ടതിൽ. അഹങ്കാരികളായ കുരുക്കൾ അങ്ങയോടു മാന്യമായി പെരുമാറുകയില്ല. അങ്ങയെ അപമാനിക്കുക എന്നത് ഞങ്ങൾക്ക് ചിന്തിക്കാൻപോലും ആവാത്തതാണ്, വേണ്ട കൃഷ്ണ, അങ്ങ് പോകേണ്ട.'

ശ്രീകൃഷ്ണൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

'ധർമപുത്രരേ, എന്നെച്ചൊല്ലി ഭയപ്പെടേണ്ട. ആരും എന്നെ ദ്രോഹിക്കുകയില്ല. പാണ്ഡവാ, ഞാൻ പോയാൽ എന്തെങ്കിലും ഗുണഫലമുണ്ടായി എന്നുവരാം. അല്ലാത്ത പക്ഷം വിധിവിഹിതംപോലെ വരട്ടെ.'

ശങ്കിതനായ യുധിഷ്ഠിരനെ പറഞ്ഞു സമ്മതിപ്പിച്ച് പോകാനൊരുങ്ങുന്ന ശ്രീകൃഷ്ണനോട് ഭീമൻ പറഞ്ഞു.

'വാസുദേവാ, ബന്ധുജനങ്ങളെ കൊല്ലുന്നതിൽ ഞാനും വിമുഖനാണ്. ശമം ഉണ്ടാകട്ടെ. എന്തു വിട്ടുവീഴ്ചയ്ക്കും ഞങ്ങൾ തയ്യാറാണെന്ന് അറിയിച്ചാലും. സഹോദരന്മാരായ ഞങ്ങൾ തമ്മിൽ പടവെട്ടി മരിക്കാൻ ഇടവരാതിരിക്കട്ടെ.'

ഭീമന്റെ വാക്കുകൾ കൃഷ്ണനിൽ പുഞ്ചിരിയുളവാക്കി.

'അങ്ങോ ഭീമസേനാ, ശമത്തെപ്പറ്റി പറയുന്നത്? ദുര്യോധനന്റെ തുട തച്ചൊടിക്കുമെന്ന് അങ്ങ് പ്രതിജ്ഞ ചെയ്തിട്ടില്ലേ? കുരുക്കളെ കൂട്ടത്തോടെ ഒടുക്കുമെന്നും ദുശ്ശാസനന്റെ ചോരപുരണ്ട കൈകളാൽ ദ്രൗപദിയുടെ അഴിഞ്ഞ തലമുടികെട്ടുമെന്നും ഗർജിച്ചില്ലേ? ഇപ്പോൾ എന്തുപറ്റീ അങ്ങയ്ക്ക്? യുദ്ധം ആരംഭിക്കുന്നു എന്നായപ്പോൾ ഭയംതോന്നുന്നുവോ?'

ഈ പരിഹാസംകേട്ട് സിംഹത്തെപ്പോലെ ഗർജിച്ചുകൊണ്ട് ഭീമൻ തിരിഞ്ഞുനിന്ന് തന്റെ പരിചപോലുള്ള കൈകൾ ഉയർത്തിക്കാട്ടിക്കൊണ്ടു പറഞ്ഞു.

'വാസുദേവാ, വേണ്ട പരിഹാസം! എന്റെയീ പെരുംകൈകൾ നോക്കൂ. ഇവയ്ക്കിടയിൽ പെട്ടാൽ ആരു ജീവിക്കും? ഞെരിച്ചുടയ്ക്കും ഞാൻ! എതിർക്കുന്ന ആരെയും, മനുഷ്യനാവട്ടെ ആനയാവട്ടെ തേരാവട്ടെ ആരുമാവട്ടെ, തകർക്കും ഞാൻ!.. കൃഷ്ണാ, ഞാൻ ശമത്തിനുവേണ്ടി പറഞ്ഞത് ഭയംകൊണ്ടല്ല. ദയകൊണ്ടാണ് എന്നറിയുക.'

ശ്രീകൃഷ്ണൻ ഭീമനെ മധുരവാക്കുകളാൽ തണുപ്പിച്ചു.

**'എന്നെ തലമുടിക്കു ചുറ്റിപ്പിടിച്ചു സഭകേറ്റി നീചമായി അപമാനിച്ചവരോട് കരുണ കാട്ടുമോ കൃഷ്ണാ അവിടുന്ന്? ദാസീ ദാസീ എന്നു വിളിച്ച് എന്നെ വലിച്ചിഴച്ച അവരോട് കൃഷ്ണാ നീ കരുണ കാട്ടുമോ? എന്റെയീ അഴിച്ചിട്ട തലമുടി സദയം നീ ഓർമിക്കേണേ.'**

'അങ്ങയുടെ വീര്യത്തെ ഒന്ന് തീപോലെ ആളിക്കത്തിക്കുവാനാണ് ഞാനങ്ങനെ പറഞ്ഞത്.'

അർജുനനും നകുലസഹദേവന്മാരുമെല്ലാം കൃഷ്ണനെ വന്ദിച്ച് തങ്ങളുടെ മനോവികാരങ്ങൾ വെളിപ്പെടുത്തി. അപ്പോൾ കറുത്തിരുണ്ട വാർകൂന്തൽ കാലോളം അഴിച്ചിട്ടിരിക്കുന്നവളും വിടർന്ന താമരക്കണ്ണുകൾ ചുവന്നു കലങ്ങി കണ്ണുനീരൊലിക്കുന്നവളുമായ കൃഷ്ണ കൂപ്പുകൈയോടെ ഭഗവൽസന്നിധിയിലെത്തി ഈവിധം പറഞ്ഞുതുടങ്ങി.

'മധുസൂദനാ, അവിടുന്ന് എല്ലാമറിയുന്നുവല്ലോ. ധർമപുത്രർ അഞ്ചുഗ്രാമങ്ങൾകൊണ്ട് തൃപ്തനാണെന്ന് അറിയിക്കുന്നു. ഭീമകർമാവായ ഭീമൻപോലും ശമമാണ് ഉത്തമമെന്ന് അഭിപ്രായപ്പെടുന്നു. എന്നാൽ ഇവൾക്കു പറയുവാനുള്ളതെന്തെന്നു കേട്ടാലും. ദ്രുപദന്റെ പുത്രി, ധൃഷ്ടദ്യുമ്നന്റെ സോദരി, അവിടുത്തെ ഇഷ്ടതോഴി, പഞ്ചപാണ്ഡവരുടെ ധർമപത്നി, അഞ്ചുപുത്രന്മാരുടെ അമ്മ, അങ്ങനെയുള്ള എന്നെ തലമുടിക്കു ചുറ്റിപ്പിടിച്ചു സഭകേറ്റി നീചമായി അപമാനിച്ചവരോട് കരുണകാട്ടുമോ കൃഷ്ണാ അവിടുന്ന്? ദാസീ ദാസീ എന്നു വിളിച്ച് എന്നെ വലിച്ചിഴച്ച അവരോട് കൃഷ്ണാ നീ കരുണ കാട്ടുമോ? അന്ധപിതാവിനോടും നീചനായ ദുര്യോധനനോടും അങ്ങ് മധുരവചസ്സുകളാൽ സമാധാനത്തെപ്പറ്റി സംസാരിക്കുമ്പോൾ, ഭഗവാനേ, അവിടുന്ന് എന്റെയീ അഴിച്ചിട്ട തലമുടി സദയം ഓർമിക്കേണമേ.'

കണ്ണീരൊലിപ്പിച്ചുകൊണ്ട് ദ്രൗപദി തന്റെ സർവലക്ഷണവും തികഞ്ഞ നീണ്ടിരുണ്ട അഴിഞ്ഞ തലമുടി ഇടതുകൈകൊണ്ടു താങ്ങിപ്പിടിച്ച് കൃഷ്ണനെ കാട്ടി.

'ഇങ്ങോട്ടു നോക്കൂ വാസുദേവാ, ദുശ്ശാസനൻ വലിച്ചഴിച്ച് ഇട്ടിഴച്ച തലമുടിയാണിത്. ഇത് മറക്കരുതേ കൃഷ്ണാ, മറക്കരുതേ!...'

കൃഷ്ണയുടെ വേദനനിറഞ്ഞ വാക്കുകളിൽ പെട്ടെന്നു കോപം കലർന്നു.

'എന്റെ ഭർത്താക്കന്മാർ സന്ധിക്കു മുതിരുകയാണെങ്കിൽ കൃഷ്ണാ, എന്റെ വൃദ്ധനായ അച്ഛനും എന്റെ ജ്യേഷ്ഠനും യുദ്ധത്തിനിറ

# കണിയൊരുക്കാം!

**രാജഗോപാലൻ നാട്ടുകൽ**

അമ്മേ കണ്ടോ മാനത്ത്
അമ്പിളിമാമനു ചാരത്ത്
പൊൻപണമുണ്ടേ കുന്നോളം
പൂത്താലത്തിലെടുത്തോളൂ
കൊന്നപ്പൂവുകൾ വച്ചോളൂ
കണിവെള്ളരിയും വച്ചോളൂ
മേടം വന്നൂ വിഷു വന്നൂ
വേഗം പൊൻകണി വച്ചോളൂ.

വര: ബോബി എം പ്രഭ





ങ്ങുമെന്നു ഞാൻ വിളിച്ചുപറയുന്നു. കൂടാതെ എന്റെ അഞ്ചുമക്കൾ, അഭിമന്യുവിനെ മുൻനിർത്തി പോരിനിറങ്ങും. പാണ്ഡവന്മാർ ധർമംനോക്കി മിണ്ടാതിരുന്നുകൊള്ളട്ടെ!'

കൃഷ്ണ പൊട്ടിക്കരഞ്ഞു. അവളെ ആശ്വസിപ്പിച്ചുകൊണ്ട് വാസുദേവൻ പറഞ്ഞു.

'കൃഷ്ണേ, നീ ഇപ്പോൾ കരയുംപോലെ കരയുന്ന കൗരവപത്നിമാരെ നീ കാണും. ജ്ഞാതികളും ബാന്ധവരുമെല്ലാം മരിച്ച് അവർ ഉച്ചത്തിൽ വിലപിക്കും. എന്റെ വാക്ക് നൂറ്റുവർ കേട്ടില്ലെങ്കിൽ അവർ യുദ്ധക്കളത്തിൽ കഴുകനും കുറുനരിക്കും തീറ്റയായി വീണുകിടക്കുന്നത് കാണാകും. സോദരീ, കൃഷ്ണന്റെ വാക്ക് വ്യർഥമാവില്ലതന്നെ.'

(തുടരും)

ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

# അവളുടെ മഴയോർമകൾ

**ദേവിമിന്നു വി എ, ക്ലാസ് 9 സി,**
**വിമല സെൻട്രൽ സ്കൂൾ, കാരംകോട് പി ഒ,**
**ചാത്തന്നൂർ, കൊല്ലം.**





മഴ! മഴയെ അവൾക്കൊരുപാട് ഇഷ്ടമാണ്. മഴയത്തിറങ്ങി കളിക്കാനും തുള്ളിച്ചാടാനും വീടിനു മുന്നിൽ മഴവെള്ളം നിറയുമ്പോൾ അതിൽ കടലാസുവഞ്ചിയിടാനും പിന്നെ വെള്ളത്തിൽ ചവിട്ടാതിരിക്കാൻ എന്ന പേരിൽ ചാടിച്ചാടി നടക്കാനും. അവൾക്കെപ്പോഴും സംശയങ്ങളാണ്. മഴയുടെ ശബ്ദം കേൾക്കുമ്പോൾ മഴ ചിരിക്കുകയാണോ കരയുകയാണോ അതോ ഇനി മുകിലിന്റെ കെട്ടഴിഞ്ഞ ക്രോധമാണോ അതോ ഇനി മറ്റാർക്കും മനസ്സിലാക്കാൻ കഴിയാത്ത വികാരമാണോ എന്നൊക്കെയാണു ചിന്ത. ഇടിയും മിന്നലും അവൾക്കു പേടിയാണ്. ഇടിവെട്ടുമ്പോൾ അവളെപ്പോഴും കട്ടിലിനു മുകളിലോ കസേരയിലോ സ്ഥാനമുറപ്പിക്കും. പിന്നെ ഇടി തീരാതെ അവിടെ നിന്നും നിലത്തിറങ്ങില്ല. അതവൾക്ക് കഥ കേൾക്കുവാനുള്ള അവസരമാണ്! ഇടിവെട്ടുമ്പോൾ കട്ടിലിൽ അമ്മയെ പറ്റിച്ചേർന്നിരുന്ന് അമ്മ പറയുന്ന കഥകൾ മഴയുടെ പശ്ചാത്തലസംഗീതത്തിന്റെ അകമ്പടിയോടുകൂടി കേൾക്കാൻ. സാമാന്യം വായാടിയായ അവൾ ആർത്തലച്ചു പെയ്യുന്ന മഴയുടെ ശബ്ദത്തിനോട് മത്സരിക്കുന്നപോലെ മഴയേക്കാൾ ഉച്ചത്തിൽ സംസാരിക്കുവാൻ ശ്രമിക്കും. അതവൾക്കൊരു കളിയായിരുന്നു. ചിലപ്പോൾ ഉറക്കം വരാത്ത രാത്രികളിൽ ജനാല തുറന്നിട്ട് മഴക്കാഴ്ച കാണാനും പിന്നെ ജനാലപ്പടിയിലിരുന്നുറങ്ങാനും എന്തു രസമാണ് എന്നാണ് അവളുടെ പക്ഷം. എന്നാൽ തുറന്നിട്ട ജനാലയിലൂടെ രാത്രി വവ്വാൽ കയറിയാലോ? പിന്നെ ആകെ ബഹളമായി. അവളുടെ സന്താപത്തിലും സന്തോഷത്തിലും കൂട്ടായി മഴയുണ്ടായിരുന്നു. നിശ്ശബ്ദസാക്ഷിയായല്ല, ശബ്ദത്തോടുകൂടിത്തന്നെ.



# സമരം

അപർണ ടി, ക്ലാസ് 4 ബി,
സി യു പി സ്കൂൾ, പുലാപ്പറ്റ പി ഒ,
പാലക്കാട്

ഒരു വിത്ത്
അത് മുളച്ചുവന്നു
കോൺക്രീറ്റ്പാളികൾ തള്ളിനീക്കി
ഒരു സമരനായകനെന്നപോലെ
അതുയർന്നുനിന്നു.

# ബാല്യം

ലക്ഷ്മി ഇതിഹാസ്,
റോസ് ഡേൽ പബ്ലിക് സ്കൂൾ,
കല്ലമ്പലം 695605



ഓളം തള്ളും ഓർമയിൽ ഞാനെൻ
ബാല്യം മെല്ലെത്തെരയുന്നു
ബാല്യം വർണച്ചിറകുകൾ വീശി
പരന്നു പാറുകയാണിവിടെ
ഒന്നു പിഴച്ചാൽ വന്നെത്തുന്നൂ
സാന്ത്വനമായെൻ മുത്തശ്ശി
തോളത്തേറ്റി ആന കളിപ്പാൻ
നിത്യം കൂടും മുത്തച്ഛൻ
യാത്രകഴിഞ്ഞു വരുന്നോരച്ഛൻ
ഏകുന്നേറെ സമ്മാനം
ആറ്റിൽ നീന്താൻ മുങ്ങിപ്പൊങ്ങാൻ
ശീലിപ്പിച്ചൂ ഇളയച്ഛൻ
വയറുനിറച്ചുവിളമ്പിത്തരുമേ
നിറകയ്യോടെൻ പെറ്റമ്മ
ചേട്ടൻ വലിയൊരു വിദ്വാനത്രേ
പാടും പറയും കഥയെഴുതും
എന്തിനുമേതിനുമെപ്പോഴുമുണ്ട്
താങ്ങായ് തണലായ് കൊച്ചേച്ചി
അങ്ങനെയുള്ളൊരു കാലം ബാല്യം
എങ്ങോട്ടാവോ പൊയ്പ്പോയീ...!



വര: ഗോപു പട്ടിത്തറ

## ബാലസാഹിത്യ പുരസ്കാരസമർപ്പണം



പുരസ്കാരവേളയിൽ സാംസ്കാരികവകുപ്പു മന്ത്രി എ കെ ബാലൻ സംസാരിക്കുന്നു



# കുട്ടികളുടെ സമഗ്രമായ വ്യക്തിത്വവികാസത്തിന് ഉതകുന്നവയാകണം ബാലസാഹിത്യം

## - മന്ത്രി എ കെ ബാലൻ

കുട്ടികളുടെ സമഗ്രമായ വ്യക്തിത്വ വികാസത്തിനുതകുന്നവയാകണം ബാലസാഹിത്യമെന്ന് സാംസ്കാരികവകുപ്പു മന്ത്രി എ കെ ബാലൻ പറഞ്ഞു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016ലെ ബാലസാഹിത്യപുരസ്കാരങ്ങൾ തിരുവനന്തപുരം പ്രസ്ക്ലബിൽ ജേതാക്കൾക്കു സമ്മാനിച്ചുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം. നാട്ടറിവും ജിജ്ഞാസയും കലർന്ന ബാല്യകാലസ്മരണകൾ ബാലസാഹിത്യശാഖയ്ക്ക് മുതൽക്കൂട്ടാണ്. കൂട്ടായ്മയും സ്നേഹവും പ്രകൃതിസ്നേഹവുമുള്ള സമൂഹത്തെ വാർത്തെടുക്കാൻ കുട്ടികളിലൂടെ കഴിയണം. നമ്മുടെ ചരിത്രവും കാർഷികസംസ്കാരവും കുട്ടികൾ അറിയണം. ബാലസാഹിത്യപ്രസിദ്ധീകരണത്തിലൂടെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് ഇതിൽ വലിയ പങ്കുവഹിക്കാൻ കഴിയും. അദ്ദേഹം കൂട്ടിച്ചേർത്തു. കുട്ടികളുടെ സർഗശേഷിയെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പുതിയ കാലത്തിനനുസരിച്ചുള്ള നവീനമായ പ്രവർത്തനശൈലിയിലേക്ക് ഇൻസ്റ്റിറ്റ്യൂട്ട് മാറണമെന്നും അദ്ദേഹം നിർദേശിച്ചു. പാവപ്പെട്ട കുട്ടികൾ സ്കൂളുകളിൽ പഠിക്കുന്നതിന് കാരണക്കാർ അയ്യങ്കാളിയെപ്പോലെയുള്ളവരാണെന്ന് കുട്ടികൾ അറിയണം. വിദ്യാഭ്യാസം ലേലംവിളിയാകുമ്പോൾ നമ്മുടെ തലമുറ ചരിത്രബോധമുള്ളവരാകണം. അപ്പോഴേ നല്ല സമൂഹം രൂപപ്പെടുകയുള്ളൂ. സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ബദ്ധശ്രദ്ധമാണ് സർക്കാർ. സാംസ്കാരികസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുക വർധിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

2016ലെ ബാലസാഹിത്യ പുരസ്കാരങ്ങളും 2015ലെ പാലാ കെ എം മാത്യു പുരസ്കാരവുമാണ് ചടങ്ങിൽ സമ്മാനിച്ചത്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. കവി സുഗതകുമാരി മുഖ്യപ്രഭാഷണം നടത്തി. എഴുതാൻ കൈയിൽ ഒരു പേന പിടിപ്പിച്ചു

തന്നതാണ് അച്ഛൻ ഞങ്ങൾക്കു തന്ന സമ്പാദ്യം. ബാങ്ക്ബാലൻസും പണവും അച്ഛൻ തന്നില്ല. എഴുതാൻ പേനയും കുനിയാൻ മടിക്കുന്ന നട്ടെല്ലും നിർഭയമായി ഉയർന്നുനിൽക്കുന്ന ശിരസ്സും തന്നു. അതാണ് ജീവിതത്തിലാകെ കൂടെയുള്ളത്. സ്വാതന്ത്ര്യസമരസേനാനിയും കവിയുമായ അച്ഛൻ ബോധേശ്വരനെ സുഗതകുമാരി ടീച്ചർ അനുസ്മരിച്ചു. സ്കൂളുകൾ മാതൃഭാഷയെ പിന്തള്ളുകയാണെന്നും ഇതിനെതിരെ പ്രതിഷേധം ഉയർന്നുവരണമെന്നും കുഞ്ഞുങ്ങൾക്കെതിരെ വർധിച്ചുവരുന്ന അക്രമങ്ങൾക്കെതിരെ ശബ്ദം ഉയർത്തണമെന്നും ടീച്ചർ ഓർമിപ്പിച്ചു.


ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരന്റെ അധ്യക്ഷ പ്രസംഗം


കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം നേടിയ കവി പ്രഭാവർമ്മയെ സുഗതകുമാരി ടീച്ചർ ആദരിക്കുന്നു



സുഗതകുമാരി ടീച്ചറിന്റെ മുഖ്യപ്രഭാഷണം


കിളിരൂർ രാധാകൃഷ്ണൻ പാലാ കെ എം മാത്യു പുരസ്കാരം ഏറ്റുവാങ്ങുന്നു

കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം നേടിയ കവി പ്രഭാവർമ്മയെ ചടങ്ങിൽ ആദരിച്ചു.

പാലാ കെ എം മാത്യു പുരസ്കാരം കിളിരൂർ രാധാകൃഷ്ണൻ ഏറ്റുവാങ്ങി. 60001 രൂപയും പ്രശസ്തിപത്രവും ഫലകവുമാണ് സമ്മാനം. മറ്റു ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രൊഫ. ആദിനാട് ഗോപി(കവിത), തേക്കിൻകാട് ജോസഫ്(നോവൽ), എസ് ശാന്തി (ശാസ്ത്രം), സനൽ പി തോമസ് (വൈജ്ഞാനികം), പി കെ ഗോപി (ആത്മകഥ), ജോൺ സാമുവൽ (പുനരാഖ്യാനം), കെ വി ഗണേഷ്(നാടകം), ഗോപീദാസ് (ചിത്രീകരണം), കെ പി മുരളീധരൻ(ചിത്രപുസ്തകം), ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധി സുബിൻ കെ സുഭാഷ് (പ്രൊഡക്ഷൻ) എന്നിവർക്ക് മന്ത്രി സമ്മാനിച്ചു. 10000രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് ഓരോ പുരസ്കാരവും.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗവും മുൻ ഡയറക്ടറുമായ റൂബിൻ ഡിക്രൂസ് പുരസ്കാരജേതാക്കളെ പരിചയപ്പെടുത്തി. മുൻഡയറക്ടർമാരായ ഡോ.കുര്യാസ് കുമ്പളക്കുഴി, ഡോ. നെടുമുടി ഹരികുമാർ, ഡോ. പോൾ മണലിൽ, കവി പ്രഭാവർമ്മ, ഭരണസമിതി അംഗം പയ്യന്നൂർ കുഞ്ഞിരാമൻ എന്നിവരും പുരസ്കാരജേതാക്കളും സംസാരിച്ചു. ഭരണസമിതി അംഗം ജി രാധാകൃഷ്ണൻ സ്വാഗതവും എഡിറ്റോറിയൽ അസിസ്റ്റന്റ് ഡോ. രാധിക സി നായർ നന്ദിയും പറഞ്ഞു.

# മലയാളത്തിൽ മികച്ച സയൻസ് ഫിക്ഷനുകൾ വരണം - ഡോ. ബി ഇക്ബാൽ






ബാലസാഹിത്യ സെമിനാർ ഡോ. ബി ഇക്ബാൽ ഉദ്ഘാടനം ചെയ്യുന്നു

മലയാളഭാഷയിൽ മികച്ച സയൻസ് ഫിക്ഷനുകൾ വരണമെന്ന് ഡോ. ബി ഇക്ബാൽ പറഞ്ഞു. മലയാളബാലസാഹിത്യം ഇനിയും ഒത്തിരി വളരേണ്ടതുണ്ടെന്നും വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ബാലസാഹിത്യപ്രസാധനരംഗത്ത് പ്രയോജനപ്പെടുത്തേണ്ടതുണ്ട്. മലയാളത്തിൽ വായനാശീലം കുറയുന്നു എന്ന ആരോപണം ശരിയല്ല. പുതിയ സാങ്കേതിവിദ്യകളുടെ വരവോടെ മലയാളത്തിലെ ഉള്ളടക്കം ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. സമൂഹത്തിൽ ഉയർന്നുവരുന്ന പുതിയ മൂല്യങ്ങളെ ബാലസാഹിത്യരചനയിലൂടെ പ്രതിഫലിപ്പിക്കാൻ കഴിയണം. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ എഴുത്തുകാർക്കായി നടത്തുന്ന മൂന്നുദിവസത്തെ ബാലസാഹിത്യ ക്യാമ്പ് കോവളത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. ബാലസാഹിത്യം ചരിത്രരചനയിൽ എന്ന വിഷയത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വി കാർത്തികേയൻ നായരും ശാസ്ത്രവും ബാലസാഹിത്യവും എന്ന വിഷയത്തിൽ ശാസ്ത്രസാഹിത്യകാരൻ കെ കെ കൃഷ്ണകുമാറും പ്രഭാഷണം നടത്തി. കവി വിനോദ് വൈശാഖി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗങ്ങളായ ജി രാധാകൃഷ്ണൻ, ഡോ. എൻ കെ ഗീത, പയ്യന്നൂർ കുഞ്ഞിരാമൻ, സെബാസ്റ്റ്യൻ പള്ളിത്തോട്, ഡോ. അമൃത എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. സെലിൻ ജെ എൻ സ്വാഗതവും രാധികാ ദേവി ടി ആർ നന്ദിയും പറഞ്ഞു. പ്രൊഫ. എസ് ശിവദാസ്, ഡോ. പി കെ രാജശേഖരൻ, ഡോ. എസ് ശാന്തി, നാരായണൻ കാവുമ്പായി, റൂബിൻ ഡിക്രൂസ്, ഡോ. പി എസ് ശ്രീകല എന്നിവർ എഴുത്തുകാരോട് സംവദിച്ചു.

## ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന
## പുതിയ പുസ്തകം




# കഥോത്സവം
# 100 രാജ്യം 100 കഥ

**രചന : ജോൺ സാമുവൽ**
**ചിത്രീകരണം , ഡിസൈൻ : അരുണ ആലഞ്ചേരി**

**നൂറു രാജ്യങ്ങളിൽ നിന്നും തെരഞ്ഞെടുത്ത നൂറുകഥകളുടെ സമാഹാരം**

- പേജുകൾ 536 • വലിപ്പം ക്രൗൺ 1/4 • വില 650 രൂപ

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 April 2017
Regd KL/TV (N)/399/2015-2017 Published on 29-03-2017 Vol:23, Issue:04, ₹15




കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org

## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് പാലക്കാട് തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




# തളിര്

കുട്ടികളുടെ മാസിക
വില 15രൂപ

**വാർഷികവരിസംഖ്യ 160രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.